

VOL NO: 07 I ISSUE 27
www.nerpatham.com
mail@nerpatham.com
2023 JULY 08 I ₹10

# നേർപഥം

വാരിക

# മൂടുപടം പുതച്ച ഓപ്പറേഷൻ വിവാദം

നിഷ്കപടമായ ഒരു വൈയക്തികാവശ്യത്തെ എത്രമാത്രം പ്രതിലോമകരമായി ചിത്രീകരിക്കാമെന്നും വർഗീയതക്കായി ഉപയോഗിക്കാമെന്നുമുള്ളതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഓപ്പറേഷൻ തീയേറ്ററിലെ ഹിജാബുമായി ബന്ധപ്പെട്ട അനാവശ്യ ചർച്ച. ഹിജാബ് ബുദ്ധിമുട്ടായതിനാൽ മറ്റു നാടുകളിലുള്ളത് പോലെ ലോംഗ് സ്ലീവ് സ്ക്രബ് ജാക്കറ്റുകളും സർജിക്കൽ ഹുഡുകളും അനുവദിക്കണമെന്ന നിവേദനത്തെയാണ് ഉത്തരവാദപ്പെട്ടവർ, പേര് പോലും മറയ്ക്കാതെ വിഷംതീണ്ടാനായി ഹിന്ദുത്വ പ്രൊഫൈലിലേക്ക് എറിഞ്ഞുകൊടുത്തിരിക്കുന്നത്. 2024ലെ പൊതുതെരഞ്ഞെടുപ്പ് എത്രമാത്രം മാരകമായിരിക്കുമെന്നതിലേക്ക് വിരൽചൂണ്ടുന്നുണ്ട് മേൽസംഭവം!

## ‘തൊപ്പി’യെ തലയിൽ വെക്കുന്നവരോട്

|| ഇതാണോ പുരോഗമനം?

|| പ്രവാസികളും അവധിക്കാലവും

|| യഹോവ സാക്ഷികളുടെ കേസും ശിരോവസ്ത്ര വിധിയും

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ





**വില: ₹500+₹500=₹1000**

**ഇപ്പോൾ: ₹750**

WISDOM BOOKS

**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

0337
# നേർപഥം
വാരിക
2023 ജൂലൈ 08
1444 ദുൽഹിജ്ജ 20
പുസ്തകം 07 / ലക്കം 27




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
**മൂടുപടം പുതച്ച ഓപ്പറേഷൻ വിവാദം**
ഹിലാൽ. സി.പി

മുഖമൊഴി
ഇതാണോ പുരോഗമനം? 05

നിയമപഥം
24 മൂന്നിനം കേസുകൾ
അബൂആദം അയ്മൻ

ലേഖനം
തദ്കിറയിലെ പ്രവചനങ്ങൾ 06
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
26 യഹോവ സാക്ഷികളുടെ കേസും ശിരോവസ്ത്ര വിധിയും
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
പ്രവാസികളും അവധിക്കാലവും 16
നബീൽ പയ്യോളി

പഠനം
30 വിവരമില്ലാത്തവരുടെ പരാതി പറച്ചിൽ
ഇബ്നുൽ ക്വയ്യിം
മൊഴിമാറ്റം: മുഹമ്മദ് സിയാദ് കണ്ണൂർ

ലേഖനം
വെറുപ്പിന്റെ കഥ കഴിയുന്നു! 18
ടി.കെ അശ്റഫ്

ക്വുർആൻ ദർശനം
31 സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

നമുക്കുചുറ്റും
'തൊപ്പി'യെ തലയിൽ വെക്കുന്നവരോട് 23
അൻവർ കണ്ണീരി അമ്മിനിക്കാട്

കവിത
34 വെറുപ്പ്
ഡോ. യാസ്മിൻ എം അബ്ബാസ് പട്ടാമ്പി



# വെറുപ്പ്: ലോകമാധ്യമങ്ങൾക്കിടയിൽ രാജ്യം നാണംകെടുന്നു: വിസ്ഡം യൂത്ത്

പട്ടാമ്പി: ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്വൈര്യ ജീവിതത്തെക്കുറിച്ച് ആശങ്കപ്പെടുന്ന ലോക മാധ്യമങ്ങൾക്കിടയിൽ രാജ്യം നാണം കെടുകയാണെന്ന് 'വെറുപ്പിന്റെ കഥ കഴിയുന്നു' എന്ന തലക്കെട്ടിൽ വിസ്ഡം യൂത്ത് സംസ്ഥാന സമിതി പട്ടാമ്പിയിലെ ഒപിഎച്ച് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച 'ഡയലോഗ്' സമ്മേളനം അഭിപ്രായപ്പെട്ടു.

മുസ്‌ലിംകളടക്കമുള്ള ന്യൂനപക്ഷങ്ങളുടെ മുന്നേറ്റത്തിന് സർക്കാർ മുന്നോട്ടുവച്ച പദ്ധതികളെന്താണെന്ന അമേരിക്കയിലെ പത്രപ്രവർത്തകയുടെ ചോദ്യവും പ്രധാനമന്ത്രിയുടെ ഉത്തരവും അതാണ് തെളിയിക്കുന്നത്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് നേരെയുള്ള അമേരിക്കയുടെ നിസ്സംഗത ചോദ്യം ചെയ്യപ്പെട്ടതും ലജ്ജാവഹമാണ്.

വെറുപ്പിന്റെ പ്രചാരണത്തിനെതിരെയുള്ള കഴിഞ്ഞ കാലങ്ങളിലെ മലയാളി പ്രബുദ്ധത പ്രശംസനീയമാണെങ്കിലും അധികാരികളുടെ നിസ്സംഗത സംശയാസ്പദമാണെന്നും രാജ്യത്തിന്റെ എല്ലാ മുന്നേറ്റങ്ങളും സാധ്യമായത് നിഷ്കളങ്കമായ സൗഹാർദത്തോടെയുള്ള ശ്രമങ്ങളുടെ ഭാഗമായാണെന്നും സമ്മേളനം അഭിപ്രായപ്പെട്ടു. വെറുപ്പിലൂടെ ഭിന്നിച്ച ജനതയും രാജ്യവും ഒരു കാലത്തും വിജയിച്ചിട്ടില്ലെന്നും വെറുപ്പിനെതിരെ ഒറ്റക്കെട്ടായി നിലകൊള്ളണമെന്നും സമ്മേളനം ആഹ്വാനം ചെയ്തു.

മുഹമ്മദ് മുഹ്സിൻ എംഎൽഎ ഉദ്ഘാടന കർമം നിർവഹിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി ആധ്യക്ഷം വഹിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ജംഷീർ സ്വലാഹി മോഡറേറ്ററായി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ.അശ്റഫ്, സി.പി.സലീം, അബ്ദുൽ മാലിക് സലഫി, അബ്ദുറഷീദ് കുട്ടമ്പൂർ, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി നിഷാദ് സലഫി, ഡോ.അബ്ദുല്ല ബാസിൽ, ഷംജാസ് കെ അബ്ബാസ്, ശിയാദ് ഹസൻ, അസ്ഹർ അബ്ദുറസാഖ്, ശദീദ് ഹസൻ എന്നിവർ വിഷയങ്ങളവതരിപ്പിച്ച് സംസാരിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന ട്രഷറർ അൻഫസ് മുക്രം സ്വാഗതം പറഞ്ഞു. ■

# ദക്ഷിണ മേഖല മദ്റസാധ്യാപക ശിൽപശാല സംഘടിപ്പിച്ചു

ആലപ്പുഴ: വിസ്ഡം വിദ്യാഭ്യാസ ബോർഡ് ദക്ഷിണ മേഖല മദ്റസ പ്രധാനാധ്യാപക ശിൽപശാല ആലപ്പുഴ അന്നൂർ ഖുർആൻ സ്റ്റഡീസ് സെന്ററിൽവച്ച് സംഘടിപ്പിച്ചു. വിസ്ഡം പണ്ഡിതസഭയായ ലജ്നത്തുൽ ബുഹൂസുൽ ഇസ്‌ലാമിയ്യ സംസ്ഥാന കൺവീനർ ശമീർ മദീനി ഉദ്ഘാടനം ചെയ്തു. തൃശൂർ മുതൽ തിരുവനന്തപുരംവരെയുള്ള വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന് കീഴിലുള്ള മദ്റസ പ്രധാനാധ്യാപകർക്ക് വേണ്ടിയാണ് ശിൽപശാല നടത്തിയത്. വിസ്ഡം വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി റഷീദ് കാരപ്പുറം അധ്യക്ഷത വഹിച്ചു.

മലപ്പുറം ജില്ല ഐഎംഇ ഷൗക്കത്തലി അൻസാരി, ഡോ. ശിയാസ് സ്വലാഹി. ഇർഫാൻ സ്വലാഹി, യാസിർ സ്വലാഹി തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസെടുത്തു. ഷൗക്കത്തലി അൻസാരി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ബഷീർ തിരുമല, അബ്ദുറഹീം എറണാകുളം, നിസാമുദ്ദീൻ എന്നിവർ സംസാരിച്ചു. വിസ്ഡം ആലപ്പുഴ ജില്ല സെക്രട്ടറി ഷാബിദ് നേതൃത്വം നൽകി. വിസ്ഡം യൂത്ത് മണ്ഡലം സെക്രട്ടറി അനസ് സമാപന സംസാരം നിർവഹിച്ചു. ■

# ഇതാണോ പുരോഗമനം?

പുരോഗമനത്തിന്റെ അടയാളമെന്താണ്? മാനുഷിക ഗുണങ്ങളായ ലജ്ജ, സംസ്കാരം പോലുള്ളവ പാടെ വെടിഞ്ഞ് എന്തും എവിടെവച്ചും എപ്പോഴും പറയുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ ആർജവം കാണിക്കുക എന്നതാണോ? അത് പുരോഗതിയല്ലെന്നും അധോഗതിയാണെന്നും സാമാന്യബുദ്ധിയുള്ളവരൊക്കെ പറയും. എന്നാൽ ലിബറലിസത്തിന്റെ കുപ്പായമിട്ട ചില പുരോഗമന നാട്യക്കാരുടെ കണ്ണിൽ അങ്ങനെയൊക്കെ പറയുന്നതും പ്രവർത്തിക്കുന്നതുമാണ് പുരോഗമനം!

താൻ ജീവിക്കുന്ന ചുറ്റുപാടുകളും സാഹചര്യവും മനുഷ്യന്റെ സ്വഭാവത്തെ ശക്തമായി സ്വാധീനിക്കുന്നു എന്നത് ഒരു വസ്തുതയാണ്. വളരുന്ന ചുറ്റുപാട് വികൃതവും ജീർണവുമാണെങ്കിൽ മനുഷ്യൻ തിന്മയുടെ വക്താവായിത്തീരുന്നു. ജീവിത പശ്ചാത്തലം ശുദ്ധവും സംസ്കാര സമ്പന്നവുമാണെങ്കിൽ അവനിൽ നന്മ പ്രതിഫലിച്ച് കാണും.

തങ്ങളുടെ സന്താനങ്ങൾ നല്ല വ്യക്തിത്വത്തിന്റെ ഉടമകളായിരിക്കണം എന്നത് എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. എന്നാൽ ജീവിത വിശുദ്ധി കൊതിക്കുന്നവർ തന്നെ പരിഷ്കാരത്തിന്റെയും പുരോഗമനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പേരിൽ മലീമസമായ സംസ്കാരത്തെ പുണരുന്ന നിർഭാഗ്യകരമായ കാഴ്ചയാണ് നാം കണ്ടുകോണ്ടിരിക്കുന്നത്.

ദൈവം നിശ്ചയിച്ച പരിധികൾ തകർത്ത് സർവതന്ത്ര സ്വതന്ത്രരായി വിരാജിക്കുവാൻ മനുഷ്യൻ തയ്യാറായതിന്റെ ഫലമായി അവന്റെ മുമ്പിൽ പ്രതിസന്ധികൾ കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു. അത്തരക്കാർക്ക് മനസ്സമാധാനം ഒരു കിട്ടാക്കനിയായിരിക്കുന്നു.

ലൈംഗിക അരാജകത്വവും മയക്കുമരുന്ന് ഉപയോഗവുമാണ് സമൂഹത്തിൽ ഏറെ സങ്കീർണതകൾ ഉണ്ടാക്കിയിരിക്കുന്നത്. പൊതുജനമധ്യത്തിൽ വെച്ച് അന്യ സ്ത്രീ-പുരുഷന്മാർക്ക് പരസ്പരം ചുംബിക്കുവാനും ആണിനും പെണ്ണിനും പരിധികളില്ലാത്ത വിധം ഇടകലരുവാനുമൊക്കെ സ്വാതന്ത്ര്യം വേണമെന്നു പറഞ്ഞ് സമരം ചെയ്യുവാൻ വരെ സമത്വ-സ്വാതന്ത്ര്യവാദികൾ രംഗത്ത് വരുന്നത് കെട്ട സംസ്കാരത്തെ സൂചിപ്പിക്കുന്നു എന്ന് പറയേണ്ടിയിരിക്കുന്നു.

പരിധികളില്ലാത്ത ആൺ-പെൺ സൗഹൃദങ്ങൾക്ക് വേണ്ടി വാദിക്കുന്നവർ മുന്നോട്ടുവെക്കുന്ന ആശയം ലിംഗ സമത്വമാണ്. പരിധികളും ഉപാധികളും ഇല്ലാത്ത ആൺ-പെൺ സൗഹൃദങ്ങൾക്ക് എതിര് നിൽക്കുന്നവർ ലിംഗ വിവേചനത്തെയാണ് പ്രതിനിധീകരിക്കുന്നത് എന്നാണ് ഇവരുടെ വാദം.

മനുഷ്യൻ കന്നുകാലികളെ പോലെ ജീവിക്കുവാൻ പാടില്ലെന്നും ചില വിധികളും വിലക്കുകളും അവൻ പാലിക്കേണ്ടതുണ്ടെന്നും മതം പഠിപ്പിക്കുമ്പോൾ മതവും ദൈവവിശ്വാസവും അറുപഴഞ്ചൻ സംസ്കാരമാണ് പഠിപ്പിക്കുന്നെതന്നും ശാസ്ത്രം അത്യുന്നതിയിലെത്തി നിൽക്കുന്ന ആധുനിക ലോകത്തിന് അത് അപമാനമാണ് എന്നൊക്കെയാണ് മതനിഷേധികളുടെ പ്രചാരണം. മതത്തോടുള്ള ശത്രുത സകല വിധ മൂല്യങ്ങളെയും എതിർക്കുന്നതിലേക്ക് ഇവരെ എത്തിച്ചിരിക്കുന്നു. പ്രത്യേകിച്ചും ഇസ്‌ലാം പഠിപ്പിക്കുന്ന മൂല്യങ്ങളോടാണ് ഇവരുടെ ശക്തമായ എതിർപ്പ്.

ഇസ്‌ലാം സകലവിധ ചൂഷണങ്ങളെയും എതിർക്കുന്നു. ലഹരിവസ്തുക്കളെ നിഷിദ്ധമായി ഗണിക്കുന്നു. വ്യഭിചാരത്തെ വിലക്കുന്നു. ഭൗതികവാദികളെ സംബന്ധിച്ചിടത്തോളം ഇവയൊക്കെയാണ് ജീവിതത്തെ ആഘോഷമാക്കുന്നത്. അവയെ കഠിനമായി എതിർക്കുന്ന ഇസ്‌ലാമിനോട് പിന്നെ അവരെങ്ങനെ ശത്രുത പുലർത്താതിരിക്കും?!



ഖാദിയാനി വേദപുസ്തകം ‘തദ്കിറ’യിലൂടെ ഒരു യാത്ര 23

# തദ്കിറയിലെ പ്രവചനങ്ങൾ

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

‘തദ്കിറ’യിലെ ഒട്ടു മിക്ക ‘വഹ്‌യു’കളും ദർശനങ്ങളും ഏതെങ്കിലുമൊരു പ്രവചനവുമായി ബന്ധപ്പെട്ടതാണെന്ന് കാണാം. ഒരു സംഭവത്തെക്കുറിച്ച് അല്ലാഹുവിൽനിന്ന് വിവരം ലഭിക്കുകയും അക്കാര്യം ബന്ധപ്പെട്ടവരെയും വിശ്വാസികളെയും എതിരാളികളെയുമൊക്കെ മുൻകൂട്ടി അറിയിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുക, തുടർന്ന് അത് സ്വാഭാവികമായി ആർക്കും നോക്കിക്കാണാനാവും വിധം അനുഭവവേദ്യമാവുക, ഇതാണ് ഒരു പ്രവചനത്തിന്റെ സാക്ഷാത്കാരം എന്ന് പറയുന്നത്. ഇത്തരം സംഭവങ്ങളിൽ മുൻകൂട്ടി പറയുന്ന ആൾ അല്ലാഹുവിൽനിന്ന് അദൃശ്യകാര്യങ്ങൾ അറിയിക്കപ്പെടുന്ന പ്രവാചകൻ ആണെന്ന് വിശ്വസിക്കാം. ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ അറിയുന്നത് അല്ലാഹുവിന് മാത്രമാണ്, പ്രവാചകന്മാർക്ക് പോലും അതറിയില്ലായെന്നത് ഇസ്‌ലാമിന്റെ മൗലിക വിശ്വാസകാര്യമാണല്ലോ.

ഈയടിസ്ഥാനത്തിൽ മിർസാ ഖാദിയാനിയുടെ വഹ്‌യുകളും അവയിലെ പ്രവചനങ്ങളുടെ സാക്ഷാത്കാരവും പരിശോധിക്കുന്നത് അദ്ദേഹം പ്രവാചകനാണോ എന്ന് തിരിച്ചറിയാൻ അനിവാര്യമാണ്.

**മകന്റെ മൂത്താപ്പയുടെ മരണം**

1883ൽ മാസമോ തീയതിയോ വെക്കാത്ത ഒരു പേർഷ്യൻ ‘ഇൽഹാം’ ഇങ്ങനെ വായിക്കാം: “മൂത്താപ്പാ, നീ നിന്റെ ജീവൻകൊണ്ട് കളിച്ചുവല്ലോ. എന്നെ വല്ലാതെ ദുഃഖിപ്പിക്കുകയും ചെയ്തു.” ഇത് ജ്യേഷ്ഠൻ മിർസാ ഗുലാം ഖാദിറിന്റെ മരണത്തെ സംബന്ധിച്ച പ്രവചനമാകുന്നു. എന്റെ മകന്റെ ഭാഗത്തുനിന്ന് ‘മറ്റൊരാളുടെ സംസാരം പോലെ’ വന്ന ഇൽഹാം. ഞാനിത്

സംഭവത്തിന് മുമ്പായി ശരംപത് ആര്യനെ കേൾപ്പിച്ചിരുന്നു; എന്റെ സഹോദരന്റെ അപ്രതീക്ഷിതമായ അകാലമരണമാണ് ഇൽഹാമിന്റെ ആശയം. പിന്നെയാണ് എനിക്ക് വിവരം അറിയിക്കപ്പെട്ടത്. അപ്രകാരം രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി മരണം സംഭവിച്ചു! എന്റെ മകനെ അതേറെ ദുഃഖിതനാക്കി. ജ്യേഷ്ഠന്റെ മരണത്തിന് ഒരു ദിവസം മുമ്പുണ്ടായ മറ്റൊരു ഇൽഹാം 'ജനാസ' എന്നായിരുന്നു. ഞാനിത് പലരെയും അറിയിച്ചു. പിറ്റേന്ന് സഹോദരൻ മരിച്ചു"(പേജ് 90).

ഇങ്ങനെ ജ്യേഷ്ഠന്റെ മരണം മുൻകൂട്ടി പ്രവചിച്ചത് തന്റെ പ്രവാചകത്വത്തിന്റെ തെളിവായാണ് സമർപ്പിച്ചിട്ടുള്ളത്. ഈ കാര്യത്തിന് ഒരു ആര്യനും പേര് പറയാത്ത മറ്റു ചിലരും സാക്ഷിയുമാണ്. ഇതൊക്കെ മനസ്സിലാക്കി മിർസ നബിയാണെന്ന് നാം വിശ്വസിക്കണം എന്ന് സാരം!

1883ലാണ് അയാൾ മരിച്ചതെന്ന് അടിക്കുറിപ്പിൽ പറയുന്നു. സമർപ്പിക്കപ്പെട്ട വചനങ്ങളിൽ ആളുടെ പേരില്ല. എന്തിനധികം സംഭവിക്കാൻ പോകുന്നത് മരണമാണെന്ന് പോലും വ്യക്തമാക്കിയിട്ടില്ല. 'മൃതദേഹം' എന്ന് അർഥമുള്ള 'ജനാസ' എന്ന പദമാണ് വഹ്‌യ് ആണെന്ന് പറഞ്ഞ് സമർപ്പിച്ചത്. ഈ വഹ്‌യും ജ്യേഷ്ഠന്റെ മരണമാണ് ഇതിന്റെ ഉദ്ദേശ്യമെന്നും അവകാശപ്പെടുന്നത് 1907ൽ പ്രസിദ്ധീകരിച്ച 'ഹഖീഖതുൽ വഹ്‌യി'ൽ ആണ്. മരിക്കും മുമ്പ് മുഖപത്രത്തിലോ മറ്റെവിടെയോ ഇത് പ്രസിദ്ധീകരിച്ചിട്ടില്ല. ഒരു അടയാളമാകുമ്പോൾ എല്ലാവർക്കും കാണാവുന്നതാവണം. പ്രവചനമാണെങ്കിലോ വ്യക്തതയും കൃത്യമായ രേഖയും വേണം. ഇത് എല്ലാ പ്രവചനങ്ങൾക്കും ബാധകമാണ്.

**യാത്രയിലെ നഷ്ടം**

1887ലെ ഒരു ഇൽഹാമും അതിന്റെ സാക്ഷാത്കാരവുമാണ് ഇനി പറയുന്നത്:

> **അല്ലാഹു ഒരാളുടെ ആയുസ്സ് അറിയിച്ചുകൊടുത്താലും അത് അയാളോടോ മറ്റുള്ളവരോടോ പറയുന്നത് ഏതായാലും ശരിയല്ല. പക്ഷേ, ഇവിടെ പ്രശ്നം പ്രവചനമാണ് എന്നതത്രെ. അപ്പോൾ വ്യക്തതയില്ലാതെ പറയാൻ പറ്റുമോ? ആരു മരിച്ചാലും മുൻകൂട്ടി പറഞ്ഞിരുന്നു എന്ന ഒരു അവകാശവാദം ഉന്നയിക്കാമല്ലോ എന്നതാണ് മനസ്സിലിരിപ്പ്. എത്ര അനുയായികളുടെ തലവിധിയാണ് അറിയിച്ചു കൊടുത്തത് എന്നതിലും ഇല്ല കൃത്യത! എത്ര വ്യക്തമാണ് പ്രവചനം എന്ന് നോക്കുക! മൂന്നോ നാലോ സ്വഹാബിമാർ ഒരു കൊല്ലത്തിനകം മരിക്കും. അവർ എവിടെയുള്ളവരുമാകാം എന്നാണ് 'മഹത്തായ' പ്രവചനം. ഇത് ഭംഗിയായി പുലർന്നു എന്ന് മനസ്സിലാക്കിയവർക്ക് ഈ പ്രവാചകനിൽ വിശ്വസിക്കാം.**

"ഒരിക്കൽ ശൈഖ് ഹാമിദ് അലി, ഗുലാംനബി എന്നിവരോടൊപ്പം ഗുരുദാസ്പൂർ ജില്ലയിലെ കുൻജുറാനിൽ പോകേണ്ട ആവശ്യം നേരിട്ടു. രാവിലെ പോകാൻ ഉദ്ദേശിച്ചപ്പോൾതന്നെ ഇൽഹാം അവതരിച്ചു: 'ഈ യാത്രയിൽ നിനക്കും നിന്റെ കൂട്ടുകാരനും എന്തെങ്കിലും നഷ്ടം സംഭവിക്കും. അങ്ങനെ യാത്രയിൽ....' നിങ്ങൾ എന്താണ് വിചാരിച്ചത്? പേഴ്സ് പോക്കറ്റടിച്ചുവെന്നോ, ബാഗ് അടിച്ചുപോയെന്നോ, വല്ല അപകടത്തിലും പെട്ടുവെന്നോ ആയിരിക്കും. അതൊന്നുമല്ല സംഭവം! ശൈഖ് ഹാമിദ് അലിയുടെ തട്ടവും എന്റെ ഒരു ടൗവലും നഷ്ടപ്പെട്ടു. അന്നേരം ആ ഒരു തട്ടം മാത്രമെ ഹാമിദ് അലിക്ക് ഉണ്ടായിരുന്നുള്ളൂ" (പേജ് 118-119).

ഇതൊക്കെ തന്നെയല്ലേ പ്രവാചകന്മാർക്ക് വഹ്‌യായി നൽകേണ്ട ഭാവികാല വിവരം! ഇതുപോലെ സാക്ഷാത്കരിക്കപ്പെട്ട പ്രവചനങ്ങളും മറ്റും വായിച്ച് മനസ്സിലാക്കിയിട്ട് വേണം ലോകാവസാനം വരെയുള്ള മനുഷ്യർ ഈ പ്രവാചകനിൽ വിശ്വസിച്ചു സ്വർഗം നേടാൻ, വിശ്വസിക്കാത്തവർ ശാശ്വതമായ നരകശിക്ഷ അനുഭവിക്കാൻ. വല്ലാത്തൊരു ദുരവസ്ഥ തന്നെ!

**നഷ്ടം വീണ്ടും**

1888ലും ഇതേപോലെ ഒരു യാത്രാരംഭത്തിൽ നഷ്ടവും ദുഃഖവും ഉണ്ടാകുമെന്ന് ഇൽഹാം അവതരിച്ചു. ടൗവലിൽ കെട്ടി കോട്ടിന്റെ കീശയിൽ വച്ചിരുന്ന പണം വുദൂഅ് ചെയ്യാൻ വേണ്ടി അഴിച്ചുവച്ചപ്പോൾ നഷ്ടപ്പെടുകയും ടിക്കറ്റ് എടുക്കാൻ ബുദ്ധിമുട്ടുകയും ചെയ്തു. പിന്നെ ട്രെയിനിൽവച്ച് ഏതോ ഒരു ഇംഗ്ലീഷുകാരൻ പറഞ്ഞതുകേട്ട് ലുധിയാന റെയിൽവേ സ്റ്റേഷൻ ആണെന്ന് കരുതി കാട്ടിലുള്ള ദോറാഹ സ്റ്റേഷനിൽ ഇറങ്ങുകയും ഒത്തിരി പ്രയാസങ്ങൾ അനുഭവിക്കുകയും ചെയ്തു എന്ന് തുടർന്ന് പറയുന്നു. (പേജ് 121)

ഇത്തരം അബദ്ധങ്ങൾ ഇൽഹാം ലഭിക്കാത്തവർക്കും പലപ്പോഴും സംഭവിക്കാറുള്ളതാണ്. ആ വിവരം തനിക്ക് നേരത്തെ ദൈവത്തിൽനിന്നു ലഭിച്ചിരുന്നു എന്ന അവകാശവാദമാണ് ലോകാവസാനം വരെയുള്ള പ്രബോധിതർക്കായി സമർപ്പിക്കാനുള്ളത്. ഇതൊക്കെ വായിച്ചിട്ടാവുമോ ഈ സാധുക്കൾ ഖാദിയാനി മതം സ്വീകരിച്ചിക്കുക!

**മിനുട്ടുകൾക്കകം സാക്ഷാത്കാരം**

"ഒരു ജാഗ്രദ് ദർശനത്തിൽ എന്റെ നാലാമത്തെ മകൻ മുബാറക് അഹ്‌മദ് കട്ടിലിൽനിന്ന് വീണതായി ഞാൻ കണ്ടു. നന്നായി മുറിവ് പറ്റുകയും വസ്ത്രം രക്തത്തിൽ കുതിരുകയും ചെയ്തിട്ടുണ്ട്. മൂന്നു മിനുട്ടുപോലും കഴിഞ്ഞിരുന്നില്ല, ഞാൻ ഇടനാഴിയിൽനിന്ന് പുറത്തുവന്നപ്പോൾ രണ്ടേകാൽ വയസ്സ് മാത്രം പ്രായ

മുള്ള മകൻ മുബാറക് അഹ്മദ് കട്ടിലിനടുത്തുനിൽക്കുന്നു. കുട്ടികളുടെ ചേഷ്ടകൾ കാണിക്കവേ വഴുതിവീണു. ഉടുപ്പ് ചോരയിൽ കുതിർന്നു. കശ്ഫിൽ കണ്ടപോലെ തന്നെ വെളിപ്പെട്ടു" (പേജ് 336).

**വീണ്ടും തധൈവ!**

1899ലെ ഒരു പ്രവചനം: "ദുഹ്ർ നമസ്കരിക്കാൻ നേരത്ത് ഒരു ഇൽഹാം; 'നീ വേദനിക്കുന്ന ഒരു തുട കാണും.' ഞാൻ ഇത് അവനെ (ശൈഖ് ഹാമിദ് അലി) കേൾപ്പിച്ചു. പിന്നെ ഒട്ടും വൈകാതെ ഞാൻ നമസ്കരിക്കാനായി പള്ളിയിലേക്ക് പുറപ്പെട്ടു. അയാളും എന്നോടൊപ്പം കോണിയിറങ്ങി. അപ്പോൾ രണ്ടു കുട്ടികൾ കുതിരപ്പുറത്ത് വരുന്നത് കണ്ടു. ഇരുപത് വയസ്സ് കാണും. ഒരാൾ ചെറുതും മറ്റെയാൾ വലുതുമാണ്. നേരെ ഞങ്ങളുടെ അടുത്തേക്ക് വന്നു. ഒരാൾ എന്നോട് പറഞ്ഞു: 'ഇവൻ എന്റെ സഹോദരനാണ്. അവന്റെ തുടയിൽ വല്ലാത്ത വേദനയുണ്ട്. അതിനുള്ള ചികിത്സ അന്വേഷിച്ചാണ് വന്നത്.' ഞാൻ ഹാമിദ് അലിയോട് പറഞ്ഞു: 'നീ സാക്ഷിയാവുക; രണ്ടോ മൂന്നോ മിനിട്ടുകൾക്കകം പ്രവചനം പുലർന്നതിന്'' (പേജ് 339). ഇതൊക്കെ പോരേ ഒരു പ്രവാചകന് ആവശ്യമായ തെളിവുകൾ!

നേരത്തെ ഈ പ്രവചന സാക്ഷാത്കാരം രേഖപ്പെടുത്തിയത് ഖാദിയാനി പ്രവാചകന്റെ ഗ്രന്ഥങ്ങളിൽ ഒന്നായ 'തിരിയാഖുൽ ക്വുലൂബ്' (ഹൃദയങ്ങൾക്ക് ഒരു ഔഷധം) എന്ന കൃതിയിലാണ്. അതിന്റെ നിലവാരം കൂടി മനസ്സിലാക്കാനാണ് ഇവിടെ പരാമർശിച്ചത്.

ആധുനികകാലത്ത് കോടാനുകോടി ജനങ്ങളിലേക്ക് സത്യസന്ദേശവുമായി നിയുക്തനായ ഒരു പ്രവാചകൻ എന്ന് ഇവർ അവകാശപ്പെടുന്നയാൾക്ക് അവതരിച്ച വഹ്‌യുകളാണത്രെ ഇവ. എന്ത് സന്ദേശമാണ് ഇവ നൽകുന്നത്?

**ഒന്നുകിൽ വിജയം, അല്ലെങ്കിൽ മഴ**

"1899 സെപ്തംബർ 14ന് ഇൽഹാം അവതരിച്ചു: 'അന്തസ്സുറ്റ ഒരു അഭിസംബോധന!' രണ്ടുതവണ ഉർദുവിലും ഒരു പ്രാവശ്യം അറബിയിലും പറഞ്ഞശേഷം അതോടൊപ്പം ഒരു വലിയ അടയാളം കാണുമെന്നും അറിയിച്ചു. 18ന് തിങ്കളാഴ്ച രാത്രി മഴ പെയ്യുന്നതായി സ്വപ്നവും കണ്ടു. ഞാൻ മഴക്ക് വേണ്ടി പ്രാർഥിക്കാൻ വിചാരിച്ചപ്പോഴാണ് മഴ പെയ്തത്. ഇൽഹാം പ്രകാരം ഒന്നുകിൽ മഴപെയ്യും, അല്ലെങ്കിൽ അല്ലാഹുവിന്റെ അപാരമായ കാരുണ്യവും സഹായവും വിജയവും മഴപോലെ എന്റെ ജമാഅത്തിൽ വർഷിക്കും. അതുമല്ലെങ്കിൽ രണ്ടും സംഭവിക്കാം. നമ്മുടെ സ്വപ്നം സത്യമാണ്. അത് പുലരുകതന്നെ ചെയ്യും. രണ്ടിലൊന്ന് ഏതായാലും ഉണ്ടാവും എന്നത് തീർച്ചയാണ്. ഒന്നുകിൽ മഴ, അല്ലെങ്കിൽ അസാധാരണമായ അടയാളമായി ആത്മീയവിജയവും സഹായവും. ഏതായാലും സാധാരണ കാര്യമാവില്ല" (പേജ് 347).

എന്താണ് സംഭവിച്ചത് എന്ന് പറയുന്നില്ല. മഴ പെയ്തിരുന്നെങ്കിൽ അതിന് കുറെ സാക്ഷികളുടെ പേര് പറയുമായിരുന്നു. ആത്മീയവിജയം ആണെങ്കിൽ അത് കാണാൻ സാധിക്കുന്നതുമല്ലല്ലോ.

'അന്തസ്സുറ്റ അഭിസംബോധന' എന്താണെന്ന് മരിക്കുന്നതിന് രണ്ടു ദിവസം മുമ്പ് ആം പത്രത്തിന്റെ എഡിറ്റർക്ക് അയാൾ കത്തെഴുതിയിരുന്നു.

"അന്തസ്സുറ്റ അഭിസംബോധന' എന്ന് ആവർത്തിച്ച് ഇൽഹാം എനിക്ക് അവതരിച്ചിരുന്നു. പ്രത്യേകമായ പദവി നൽകുന്നതിനായി അല്ലാഹു എനിക്ക് നബി എന്ന പേര് വച്ചിരിക്കുന്നു" (പേജ് 347, അടിക്കുറിപ്പ്).

വഹ്‌യ് വന്ന് ഒമ്പതു വർഷങ്ങൾക്കു ശേഷം, മരിക്കുന്നതിന് രണ്ടുദിവസം മുമ്പ് മാത്രമാണ് അല്ലാഹു, 'നബിയേ' എന്ന് വിളിച്ചതാണ് 'അന്തസ്സുള്ള അഭിസംബോധന' എന്നു പ്രവാചകന് മനസ്സിലായത്. അതി മഹത്തായ ഒരു പദവിയിലേക്ക് തന്നെ നിയോഗിക്കുന്നതും ചറപറ മഴ പെയ്യുന്നതും ഒരേ പോലെയാണ് ഈ പ്രവാചകന് അനുഭവവേദ്യമാകുന്നത്! അത്രയേ ഉള്ളൂ പ്രവാചകത്വത്തിന്റെ മഹത്ത്വം.

**അളിയന്റെ കല്യാണം**

ഒരു ദിവ്യസ്വപ്നം ഭംഗിയായി പുലർന്നത് ഇങ്ങനെയായിരുന്നു: "1906 ഫെബ്രുവരി 5 തിങ്കളാഴ്ച ബലിപെരുന്നാൾ ദിവസം ഹസ്രത്ത് മസീഹ് ഒരു സ്വപ്നം കണ്ടതായി പറഞ്ഞു: 'മീർ നാസിർ നവാബിന്റെ മകൻ മിയാൻ മുഹമ്മദ് ഇസ്ഹാഖും മൻസൂർ മുഹമ്മദിന്റെ മകൾ സ്വാലിഹയും തമ്മിലുള്ള വിവാഹത്തിന് തയ്യാറെടുപ്പുകൾ നടക്കുന്നു" (പേജ് 588).

"അന്നുതന്നെ മസ്ജിദുൽ അഖ്സയിൽ വച്ച് ഹുസൂറിന്റെ സാന്നിധ്യത്തിൽ ഹകീം നൂറുദ്ദീൻ ഈ വിവാഹത്തിന്റെ പ്രഖ്യാപനം നടത്തി" (അടിക്കുറിപ്പ്).

ഇത്രയും ധൃടുതിയിൽ ഒരു സ്വപ്നദർശനം പുലരണമെങ്കിൽ അയാൾ പ്രവാചകൻ തന്നെയായിരിക്കണം!

പ്രവാചകന്റെ അളിയനാണ് ഈ പുതിയാപ്പിള എന്നുകൂടി അറിയുമ്പോഴാണ് ഈ പ്രവചനത്തിന്റെ ഗാംഭീര്യവും മഹത്ത്വവും മനസ്സിലാവുക.

**ലാഹോറിൽ ഒരു കുട്ടിയുടെ മരണം**

'ലാഹോറിൽനിന്ന് ഒരു ദുഃഖവാർത്ത വന്നു' എന്ന് ഒരു ഇൽഹാം അവതരിച്ചു. 1907ലാണ് സംഭവം. 'നമ്മുടെ സുഹൃത്തുക്കളുടെ സ്ഥിതി അന്വേഷിക്കാനായി ഞാൻ ഒരാളെ ലാഹോറിലേക്കയച്ചു. പക്ഷേ, അവിടെ ഒരു പ്രശ്നവും ഇല്ലായിരുന്നു" (പേജ് 718).

ഈ ഇൽഹാം പ്രസിദ്ധീകരിച്ച 'ബദർ' വാരികയുടെ എഡിറ്റർ എഴുതിച്ചേർത്തത് കാണുക: 'അൽപദിവസങ്ങൾക്ക് ശേഷം ഒരു വിവരം വന്നു. രോഗിയായ ഒരു കൊച്ചുകുട്ടി ലാഹോറിൽ മരണപ്പെട്ടിരിക്കുന്നു'(അടിക്കുറിപ്പ്).

ലാഹോർ വലിയൊരു നഗര

സ്വന്തം മരണത്തെപ്പറ്റി മിർസാ ഖാദിയാനിക്ക് അല്ലാഹു വഹ്‌യ് നൽകിയതാണെന്ന് കരുതിയോ? അടുത്ത നമ്പറിൽ എഴുതിയത് കാണാം: 'മൗലവി റസൽ ബാബാ അമൃതസരി പ്ലേഗ് ബാധിച്ച് അടുത്ത വെള്ളിയാഴ്ചക്ക് മുമ്പേ മരിച്ചു. അതിനെപ്പറ്റിയാണ് ഈ മുന്നറിയിപ്പും താക്കീതും."

ഊരും പേരും പറയാത്ത വിചിത്രമായ പ്രവചനം! അഞ്ചുവർഷം കഴിഞ്ഞ്, 1907ൽ എഴുതിയ ഗ്രന്ഥത്തിലാണ് എന്താണ് പ്രവചനത്തിന്റെ സാക്ഷാത്കാരം എന്ന് പറയുന്നത്. മരിച്ചത് വെള്ളിയാഴ്ചയല്ല; തിങ്കളാഴ്ചയാണ്. എന്നാൽ 'അല്ലാഹുവിന്റെ ദിവസ'മായ രണ്ട് വെള്ളിയാഴ്ചകൾക്കിടയിലാണ് എന്നതായിരിക്കും അതിന്റെ പവിത്രത! മഹത്തായ പ്രവചനം! അതിമഹത്തായ സാക്ഷാത്ക്കാരവും!

**സുവിശേഷവും താക്കീതും**

അടുത്ത പ്രവചനം കാണുക: "ഭഗത് റാമിന്റെ മകൻ ബൈജാനാഥ് ബ്രാഹ്മണനുമായി ബന്ധപ്പെട്ടു കശ്ഫിയായ നിലയിൽ ഒരു വിവരം അറിയിക്കപ്പെട്ടു: 'ഒരു വർഷത്തിനുള്ളിൽ ഒരു ദുര്യോഗം ഉണ്ടാവാൻ പോകുന്നു, ഒപ്പം സന്തോഷകരമായ ഒരു ആഘോഷവും.' ഈ പ്രവചനത്തിൽ അയാളുടെ ഒപ്പിടുവിച്ചു, ഇപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ട്. സംഭവിച്ചതിതാണ്, ഒരുവർഷം കഴിഞ്ഞില്ല അയാളുടെ പിതാവ് യുവത്വത്തിൽ തന്നെ മരണപ്പെട്ടു. അന്നുതന്നെയായിരുന്നു ആരുടെയോ വിവാഹവും"(പേജ് 154).

1887ലെ ഒരു 'ദൈവിക' വെളിപാടാണത്രെ ഇത്. എന്താണ് വരാൻ പോകുന്ന വിഷമകരവും സന്തോഷകരമായ കാര്യങ്ങൾ എന്ന് വ്യക്തമാക്കാതെ കാടടച്ചുള്ള വെടിയാണ് പൊട്ടിച്ചത്. ദുരന്തം മരണമാണെന്നോ പങ്കെടുക്കേണ്ട കല്യാണം ആരുടേതാണെന്നോ പറയാൻ കഴിഞ്ഞിട്ടില്ല. ഇതാണ് ഒപ്പിടുവിച്ചു സൂക്ഷിച്ചുവെച്ച പ്രമാണം!

നമ്മുടെ മൂന്നോ നാലോ സുഹൃത്തുക്കൾ വേർപാടിന്റെ വേദന നൽകും.'

ഞാൻ ചോദിച്ചു: 'അവർ ഖാദിയാൻ സ്വദേശികൾ അല്ലല്ലോ?

'അല്ല.'

'അവർ കപൂർത്തലവാസികൾ ആരെങ്കിലുമാണോ?'

'കപൂർത്തല ഖാദിയാനിൽ പെടുന്ന മഹല്ല് ആണല്ലോ' (പേജ് 688).

എത്ര വ്യക്തമാണ് പ്രവചനം എന്ന് നോക്കുക! മൂന്നോ നാലോ സ്വഹാബിമാർ ഒരു കൊല്ലത്തിനകം മരിക്കും. അവർ എവിടെയുള്ളവരുമാകാം എന്നാണ് 'മഹത്തായ' പ്രവചനം. ഇത് ഭംഗിയായി പുലർന്നു എന്ന് മനസ്സിലാക്കിയവർക്ക് ഈ പ്രവാചകനിൽ വിശ്വസിക്കാം.

**നീയും രക്ഷയില്ല**

1897ലെ വാർഷിക സമ്മേളന റിപ്പോർട്ടിൽ ഒരു ജാഗ്രദ് ദർശനം വിവരിക്കുന്നു: "അടുത്തവർഷം ചില കൂട്ടുകാർ ഭൂമുഖത്ത് ഉണ്ടാവില്ലെന്ന് ഒരു കശ്ഫിൽ എന്നെ അറിയിച്ചിരിക്കുന്നു. അതിന്റെ സാക്ഷാത്ക്കാരം ആരാണെന്ന് പറയാനാവില്ല. അതുകൊണ്ട് എല്ലാവരും സ്വയം പരലോക യാത്രക്ക് സജ്ജമായിരിക്കുക" (പേജ് 259).

ആദ്യത്തെ വഹ്‌യിൽ പേര് പറഞ്ഞില്ലെങ്കിലും ഒരാളുടെ തലവിധിയായിരുന്നു അറിയിച്ചത്. പിന്നെ മൂന്നോ നാലോ എന്നെങ്കിലും പറഞ്ഞു. ഇവിടെ പക്ഷേ, ചിലരെപ്പറ്റിയാണ് പരാമർശം. ആരുമാകാം എത്രയുമാകാം!

**അല്ലാഹുവിന്റെ ദിവസം മരിക്കും**

"1902 ഡിസംബർ 5, വെള്ളിയാഴ്ച, ഞാൻ രോഗിയായിരിക്കെ ഒരു ഇൽഹാം അവതരിച്ചു: 'എന്റെ ഈ ദിവസം മരിക്കും.' വെള്ളിയാഴ്ചയാണ് 'ദിവസം' എന്നതിന്റെ താൽപര്യം. അത് 'അല്ലാഹുവിന്റെ ദിവസ'മാണല്ലോ." (പേജ് 362).

മാണ് അന്നും. അവിടെ ഒരു കുട്ടി മരിച്ചു എന്നതാണ് പ്രവചനത്തിന്റെ സാക്ഷാത്കാരം. 'ദുഃഖകരമായ വാർത്ത' എന്ന ഇൽഹാമിന്റെ വിശദീകരണത്തിൽ ആ കുട്ടിയുടെ ഊരോ പേരോ എന്തിനധികം കുട്ടിയുടെ മരണമാണെന്ന് പോലുമോ സൂചനയില്ല. സുഹൃത്തുക്കളുടെ സ്ഥിതി അന്വേഷിക്കാൻ ആളെ അയച്ചിട്ടും എന്താണ് ദുഃഖവാർത്ത എന്ന് മനസ്സിലാക്കാൻ പ്രവാചകന് സാധിച്ചില്ല. ഇങ്ങനെയുള്ള അനുയായികൾ ഉണ്ടെങ്കിൽ പിന്നെ പുലരാത്ത പ്രവചനങ്ങൾ ഒന്ന് പോലും ഉണ്ടാവില്ല. ഏതു കുട്ടിയാണ് മരിച്ചത് എന്ന് പിന്നീടും പത്രാധിപർക്ക് പറയാൻ കഴിഞ്ഞിട്ടില്ല.

**തലയിലെഴുത്ത് വായിച്ചിട്ടും...**

1897 ഡിസംബറിലെ ഒരു വഹ്‌യ്: "ഇന്നലെ ഹസ്രത്ത് മസീഹിന് നാലഞ്ച് അനുയായികളുടെ വിധികൾ (തലയിലെഴുത്ത്) അല്ലാഹു കാണിച്ചുകൊടുത്തു. അതിൽ ഒരാളുടെ ആയുസ്സിൽ നാലു വർഷമേ ബാക്കിയുള്ളൂ എന്ന് മനസ്സിലായെങ്കിലും അദ്ദേഹം കൂടുതൽ വിശദീകരിക്കുന്നത് ശരിയല്ലെന്ന് പറഞ്ഞു" (പേജ് 771).

ആ പറഞ്ഞത് വളരെ ശരിയാണ്. അല്ലാഹു ഒരാളുടെ ആയുസ്സ് അറിയിച്ചുകൊടുത്താലും അത് അയാളോടോ മറ്റുള്ളവരോടോ പറയുന്നത് ഏതായാലും ശരിയല്ല. പക്ഷേ, ഇവിടെ പ്രശ്നം പ്രവചനമാണ് എന്നതത്രെ. അപ്പോൾ വ്യക്തതയില്ലാതെ പറയാൻ പറ്റുമോ? ആരു മരിച്ചാലും മുൻകൂട്ടി പറഞ്ഞിരുന്നു എന്ന ഒരു അവകാശവാദം ഉന്നയിക്കാമല്ലോ എന്നതാണ് മനസ്സിലിരിപ്പ്. എത്ര അനുയായികളുടെ തലവിധിയാണ് അറിയിച്ചു കൊടുത്തത് എന്നതിലും ഇല്ല കൃത്യത!

**സുഹൃത്തുക്കളുടെ മരണം**

അടുത്ത പ്രവചനം കാണുക: കപൂർത്തലക്കാരൻ മുൻഷി സഫർ അഹ്മദ് എഴുതുന്നു: 'ഒരു ദിവസം ഹുസൂർ പറഞ്ഞു: 'ഈ കൊല്ലം

# മൂടുപടം പുതച്ച ഓപ്പറേഷൻ വിവാദം

**ഹിലാൽ. സി.പി.**
: 7994511562

**നിഷ്കപടമായ ഒരു വൈയക്തികാവശ്യത്തെ എത്രമാത്രം പ്രതിലോമകരമായി ചിത്രീകരിക്കാമെന്നും വർഗീയതക്കായി ഉപയോഗിക്കാമെന്നുമുള്ളതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഓപ്പറേഷൻ തീയേറ്ററിലെ ഹിജാബുമായി ബന്ധപ്പെട്ട അനാവശ്യ ചർച്ച. ഹിജാബ് ബുദ്ധിമുട്ടായതിനാൽ മറ്റു നാടുകളിലുള്ളത് പോലെ ലോംഗ് സ്ലീവ് സ്ക്രബ് ജാക്കറ്റുകളും സർജിക്കൽ ഹുഡുകളും അനുവദിക്കണമെന്ന നിവേദനത്തെയാണ് ഉത്തരവാദപ്പെട്ടവർ, പേര് പോലും മറയ്ക്കാതെ വിഷംതീണ്ടാനായി ഹിന്ദുത്വ പ്രൊഫൈലിലേക്ക് എറിഞ്ഞുകൊടുത്തിരിക്കുന്നത്. 2024ലെ പൊതുതെരഞ്ഞെടുപ്പ് എത്രമാത്രം മാരകമായിരിക്കുമെന്നതിലേക്ക് വിരൽ ചൂണ്ടുന്നുണ്ട് മേൽസംഭവം!**

2019ൽ ദേശീയ മെഡിക്കൽ കമ്മീഷൻ മുൻകൈയെടുത്ത് രാജ്യത്തുടനീളമുള്ള മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കിയ Competency Based Medical Education (CBME) കരിക്കുലം അന്നുവരെയുണ്ടായിരുന്ന മെഡിക്കൽ പഠനരീതിയിലടക്കം പലയിടങ്ങളിലും മാറ്റങ്ങൾ കൊണ്ടുവരുന്നതായിരുന്നു. വിവിധ മെഡിക്കൽ വിഷയങ്ങളിൽ പ്രതിപാദിക്കുന്നവയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട രോഗങ്ങളെ വിദ്യാർഥികൾക്ക് കാര്യക്ഷമമായി മനസ്സിലാക്കാൻ ഉതകുന്ന രീതിയിൽ ഒരു റഫറൻസ് കേസ് സ്റ്റഡി അവതരിപ്പിച്ചുകൊണ്ട് പഠിപ്പിക്കുക, ക്ലിനിക്കൽ പോസ്റ്റിങ്ങില്ലാത്ത ഒന്നാം വർഷ വിദ്യാർഥികൾക്ക് ആഴ്ചയിൽ ഒരുവട്ടം ക്ലിനിക്കൽ പാഠങ്ങൾ നൽകുക, പൊതുസമൂഹവുമായും രോഗികളുമായും എങ്ങനെ ഇടപഴകാം എന്നതിനെ സംബന്ധിച്ചുള്ള വിശദമായ സെഷനുകൾ തുടങ്ങി ഒട്ടേറെ പുതുമകൾ നിറച്ചാണ് അവതരിപ്പിച്ചത്.

മെഡിക്കൽ പഠനം കഴിഞ്ഞ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ ഓഫീസറായി ജോലി നോക്കുമ്പോഴുണ്ടായ അനുഭവം ഒരു പ്രഫസർ പങ്കുവച്ചത് ഓർക്കുന്നു:

നാട്ടിൽ ഒരു പരിപാടി നടക്കുന്ന വേദിയിലേക്ക് ആരോഗ്യസംബന്ധമായ വിഷയം സംസാരിക്കാൻ ഡോക്ടറെ സംഘാടകർ ക്ഷണിച്ചു. പുതുതായി ചാർജെടുത്ത മെഡിക്കൽ ഓഫീസറെന്ന നിലയ്ക്ക് പ്രോഗ്രാമിൽ പങ്കെടുക്കാനാണ് ക്ഷണിച്ചത്. പറയേണ്ട വിഷയത്തെ ഗൃഹപാഠം ചെയ്ത്



ഡോക്ടർ പ്രോഗ്രാം വേദിയിലെത്തി. യുവാവായ പുതിയ മെഡിക്കൽ ഓഫീസറുടെ ഊഴമെത്തി. സംസാരിക്കാൻ ക്ഷണിക്കപ്പെട്ട് മൈക്കിനു മുന്നിലെത്തിയ ഡോക്ടർ തടിച്ചുകൂടിയ വൻജനാവലിയെ കണ്ടതോടെ വാക്കുകൾ പുറത്തേക്ക് വരാത്ത അവസ്ഥയിലായി. ഒടുവിൽ തപ്പിത്തടഞ്ഞുകൊണ്ട് 'എല്ലാ...വർക്കും നന്ദി... നമസ്കാരം...' എന്നു പറഞ്ഞ് ഡോക്ടർ ഒരുവിധം തടിതപ്പി.

കടുകട്ടിയുള്ളതും ഓർമശക്തി പരീക്ഷിക്കുന്നതുമായ മെഡിക്കൽ പഠനകാലത്ത് പ്രസ്തുത തൊഴിലിന്റെ ഭാഗമായി ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വന്നേക്കാവുന്ന ഇത്തരം സന്ദർഭങ്ങളെ എങ്ങനെ കൈകാര്യം ചെയ്യാമെന്ന് തങ്ങളെ പഠിപ്പിച്ചില്ല എന്ന് പ്രഫസർ ഓർത്തെടുത്തതായിരുന്നു. മെഡിക്കൽ പഠനത്തിന്റെ 'ഗൗരവ' ഭാവത്തിനപ്പുറം പ്രായോഗികതയെ കണക്കിലെടുത്തുകൊണ്ട് എങ്ങനെ രോഗികളോട് കാര്യക്ഷമമായി സംസാരിക്കാം എന്ന് മെഡിക്കൽ പ്രഫസർമാർ അഭിനയിച്ച് പഠിപ്പിക്കുന്നതിൽ നിന്ന് തുടങ്ങുന്നു പുതിയ കരിക്കുലത്തിലെ മാറ്റങ്ങൾ.

### തിരുവനന്തപുരത്തുനിന്നൊരു കത്ത്

ആരോഗ്യകരവും കാലികവുമായ മാറ്റങ്ങളെ ഉൾക്കൊണ്ടു മുന്നോട്ട് ചരിക്കുന്നുവെന്ന പ്രതീക്ഷയിലാകാം, 2023 ജൂൺ 26ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ 7 മുസ്‌ലിം വിദ്യാർഥിനികൾ പ്രിൻസിപ്പാളിന് ഒരു നിവേദനം നൽകുകയുണ്ടായി. ഹിജാബ് ധരിച്ച് മെഡിക്കൽ പഠനം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്ന തങ്ങൾക്ക് രണ്ടാം വർഷം മുതൽ തുടങ്ങുന്ന ഓപ്പറേഷൻ തിയേറ്ററുകളിലെ (OT Posting) പോസ്റ്റിങ്ങിന്റെ ഭാഗമായി തങ്ങളുടെ വിശ്വാസത്തിന്റെ പ്രകടമായ

**മെഡിക്കൽ കോളേജിലെ 7 മുസ്‌ലിം വിദ്യാർഥിനികൾ പ്രിൻസിപ്പാളിന് ഒരു നിവേദനം നൽകുകയുണ്ടായി. വളരെ മാന്യമായി തങ്ങളുടെ ആവശ്യം കോളേജിൻെറ തലപ്പത്തിരിക്കുന്ന വ്യക്തിയെ അറിയിക്കുകയാണ് വിദ്യാർഥിനികൾ ചെയ്തത് എന്നത് കത്ത് വായിക്കുന്നതിലൂടെ വ്യക്തമാണ്. പ്രശ്നം അവതരിപ്പിക്കുക മാത്രമല്ല, അതിനുള്ള പരിഹാരം കൂടി സൂചിപ്പിച്ചുകൊണ്ടുള്ള പക്വമായ രീതിയിലാണ് അവർ സംവദിച്ചത്. ഉചിതമാർഗേന സമർപ്പിക്കപ്പെട്ട പ്രസ്തുത നിവേദനത്തോട് അതേമാർഗത്തിൽ തിരിച്ച് മറുപടി കൊടുക്കുകയെന്ന നിലയിൽനിന്ന് മാറി പിന്നീട് കാണുന്നത് സമർപ്പിച്ച വിദ്യാർഥികളുടെ പേര് വിവരങ്ങൾ പോലും മറയ്ക്കാതെ പ്രസ്തുത നിവേദനം സൈബർ ലോകത്ത് ലീക്ക് ചെയ്യപ്പെടുന്നതാണ്. കേരളത്തിലെ സാമൂഹ്യ മാധ്യമങ്ങളിലെ ഏറ്റവും വിഷലിപ്തമായി സംസാരിക്കുന്ന ഹിന്ദുത്വ പ്രൊഫൈലാണ് ആദ്യമായി ഈ കത്ത് പുറംലോകത്തേക്ക് എത്തിക്കുന്നത്. കേരളത്തിലെ 'ഹോട്ട്' വിവാദം അതിർത്തി കടന്ന് ദേശീയ തലത്തിലെ പ്രധാന വിഷയമായി മാറാനും അധികസമയം വേണ്ടിവന്നില്ല!**

അടയാളമായ ഹിജാബ് അനാവശ്യമായി ഒഴിവാക്കേണ്ടിവരുന്നുവെന്നും ഇക്കാര്യത്തിൽ ആഗോളതലത്തിൽ സ്വീകരിക്കപ്പെട്ട മാറ്റങ്ങളോടുകൂടിയുള്ള വസ്ത്രങ്ങൾ തിയേറ്ററിനുള്ളിൽ ധരിക്കാൻ അനുമതി ലഭിക്കുമോ എന്നതുമായിരുന്നു നിവേദനത്തിലെ ഉള്ളടക്കം. നിവേദനത്തിന്റെ പൂർണമായ മലയാള പരിഭാഷ കാണുക:

"വിഷയം: ഓപ്പറേഷൻ തിയേറ്ററിൽ ഹിജാബ് ധരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ.

ബഹുമാനപ്പെട്ട മാഡം,

തിരുവനന്തപുരത്തെ സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ എംബിബിഎസ് ബാച്ചുകളിലെ ഒരു കൂട്ടം മുസ്‌ലിം പെൺകുട്ടികൾ ഓപ്പറേഷൻ തിയേറ്ററിനുള്ളിൽ തല മറയ്ക്കാൻ അനുവദിക്കാത്തതുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനാണ് ഇതെഴുതുന്നത്. ഞങ്ങളുടെ മതവിശ്വാസമനുസരിച്ച്, എല്ലാ സാഹചര്യങ്ങളിലും മുസ്‌ലിം സ്ത്രീകൾക്ക് ഹിജാബ് ധരിക്കുന്നത് നിർബന്ധമാണ്. മതപരവും ഒതുക്കമുള്ളതുമായ വസ്ത്രം ധരിക്കുകയെന്നതും ഓപ്പറേഷൻ റൂമിന്റെ ചട്ടങ്ങൾ പാലിക്കുകയെന്നതും തമ്മിൽ നിലനിൽക്കുന്ന വൈരുധ്യം പരിഗണിച്ച് ഹിജാബ് ധരിക്കുകയെന്നത് ബുദ്ധിമുട്ടാണ്. എന്നാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കപ്പെടുന്ന, ഓപ്പറേഷൻ റൂമിലേക്ക് വസ്ത്രങ്ങൾ വിതരണം ചെയ്യുന്ന വിവിധ കമ്പനികൾ മുന്നോട്ടുവയ്ക്കുന്ന ഇതര മാർഗങ്ങൾ ഇവ്വിഷയത്തിൽ ഉപയോഗപ്പെടുത്താൻ ഞങ്ങൾക്ക് സാധിക്കും. ലോംഗ് സ്ലീവ് സ്ക്രബ് ജാക്കറ്റുകളും സർജിക്കൽ ഹുഡുകളും വിപണിയിൽ ലഭ്യമാണ്. അത് ഉപയോഗിക്കുന്നതിലൂടെ അണുവിമുക്തമായ മുൻകരുതലുകളും ഹിജാബും നിലനിർത്താൻ ഞങ്ങൾക്ക് സാധിക്കും. ഈ വിഷയം പരിഗണിക്കുവാനും ഓപ്പറേഷൻ തീയേറ്ററിൽ ലോംഗ് സ്ലീവ് സ്ക്രബ് ജാക്കറ്റുകളും സർജിക്കൽ ഹുഡുകളും ധരിക്കാൻ ഞങ്ങൾക്ക് അനുമതി നൽകാനും താങ്കളോട് ദയവായി അഭ്യർഥിക്കുന്നു.

(എന്നോടൊപ്പം സമാനമായ പ്രശ്നം നേരിടുന്ന ചില വിദ്യാർഥിനികളും ഒപ്പിട്ടിട്ടുണ്ട്).

തീയതി: 26/06 2023

സ്ഥലം: തിരുവനന്തപുരം"

**കൈമുട്ടുവരെ മാത്രമുള്ള സ്ക്രബ് ജാക്കറ്റിന് പകരം കൈ മുഴുവൻ മറയുന്ന ലോങ്ങ് സ്ലീവ് സ്ക്രബ് ജാക്കറ്റുകളും സർജിക്കൽ ക്യാപ്പിന് പകരം തലയും കഴുത്തും മറയുന്ന രൂപത്തിലുള്ള സർജിക്കൽ ഹൂഡും ധരിക്കാനുമുള്ള അനുമതിയാണ് അവർ ആവശ്യപ്പെട്ടത്. ആഗോള തലത്തിൽ ഉപയോഗിക്കപ്പെടുന്നവയാണ് ഇവയൊക്കെ എന്ന് പരിശോധിച്ചാൽ മനസ്സിലാക്കാം. അന്താരാഷ്ട്ര നിലവാരത്തിലുള്ള അണുവിമുക്ത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ ഇന്റർനാഷണൽ കമ്പനികൾ പുറത്തിറക്കുന്ന തല മറയ്ക്കുന്ന ഹിജാബിന് സമാനമായ സർജിക്കൽ ഹുഡുകളും ലോങ്ങ് സ്ലീവ് സ്ക്രബ്ബ് ജാക്കറ്റുകളും ധരിക്കാനുള്ള ഈ മാന്യമായ ആവശ്യത്തെയാണ് പൊതുസമൂഹം ഒന്നാകെ വർഗീയതയായി ചിത്രീകരിച്ചത്.**

വളരെ മാന്യമായി തങ്ങളുടെ ആവശ്യം കോളേജിൻെറ തലപ്പത്തിരിക്കുന്ന വ്യക്തിയെ അറിയിക്കുകയാണ് വിദ്യാർഥിനികൾ ചെയ്തത് എന്നത് കത്ത് വായിക്കുന്നതിലൂടെ വ്യക്തമാണ്. പ്രശ്നം അവതരിപ്പിക്കുക മാത്രമല്ല, അതിനുള്ള പരിഹാരം കൂടി സൂചിപ്പിച്ചുകൊണ്ടുള്ള പക്വമായ രീതിയിലാണ് അവർ സംവദിച്ചത്. ഉചിതമാർഗേന സമർപ്പിക്കപ്പെട്ട പ്രസ്തുത നിവേദനത്തോട് അതേ മാർഗത്തിൽ തിരിച്ച് മറുപടി കൊടുക്കുകയെന്ന നിലയിൽനിന്ന് മാറി പിന്നീട് കാണുന്നത് സമർപ്പിച്ച വിദ്യാർഥികളുടെ പേര് വിവരങ്ങൾ പോലും മറയ്ക്കാതെ പ്രസ്തുത നിവേദനം സൈബർ ലോകത്ത് ലീക്ക് ചെയ്യപ്പെടുന്നതാണ്. കേരളത്തിലെ സാമൂഹ്യ മാധ്യമങ്ങളിലെ ഏറ്റവും വിഷലിപ്തമായി സംസാരിക്കുന്ന ഹിന്ദുത്വ പ്രൊഫൈലാണ് ആദ്യമായി ഈ കത്ത് പുറംലോ



കത്തേക്ക് എത്തിക്കുന്നത്. ഇതോടുകൂടി 'ഓപ്പറേഷൻ തിയേറ്ററിൽ ഹിജാബോ?' എന്ന തലക്കെട്ടും മറുവശത്ത് കറുത്ത ബുർഖയുടെ ചിത്രവും ചേർത്ത് മുത്തശ്ശിമാധ്യമങ്ങൾ മുതൽ ഈർക്കിൽ സൈബർ മാധ്യമങ്ങൾവരെ വിഷയം ചർച്ച ചെയ്യാൻ തുടങ്ങി. കേരളത്തിലെ 'ഹോട്ട്'വിവാദം അതിർത്തി കടന്ന് ദേശീയ തലത്തിലെ പ്രധാന വിഷയമായി മാറാനും അധികസമയം വേണ്ടിവന്നില്ല!

**എന്താണീ 'സർജിക്കൽ ഹുഡ്?'**

ഓപ്പറേഷൻ തിയേറ്റർ (ഒ.ടി.) അണുവിമുക്തമായി സൂക്ഷിക്കപ്പെടേണ്ട, ആശുപത്രിയിലെ പ്രധാനപ്പെട്ട ഇടമാണ്. ശസ്ത്രക്രിയയുടെ ഭാഗമായി ശരീരത്തിന്റെ ഉൾഭാഗങ്ങൾ ചുറ്റുപാടുമായി സമ്പർക്കത്തിലേർപെടുന്നതിനാൽ ചെറിയൊരു അശ്രദ്ധ കൊണ്ടുതന്നെ അണുബാധയ്ക്ക് സാധ്യതയുണ്ട്. ആയതിനാൽ ഈ സ്പേസിലേക്ക് കടന്നുചെല്ലുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. അതുകൊണ്ട് ഡോക്ടർമാർക്ക് മുതൽ ഇവിടേക്ക് പ്രവേശിക്കുന്ന മുഴുവൻ പേർക്കും കൃത്യമായ വസ്ത്രധാരണ നിർബന്ധമാണ്. എന്തിനധികം, പഠനത്തിന്റെ ഭാഗമായി ഒടിയിലേക്ക് പ്രവേശിക്കുന്ന മെഡിക്കൽ വിദ്യാർഥികൾക്ക് പോലും ഈ വസ്ത്രധാരണം അനിവാര്യമാണ്. സർജിക്കൽ ഫീൽഡിലെ ഉപകരണങ്ങൾ സ്പർശിക്കുന്നതിനുപോലും ഈ ആരോഗ്യപരമായ കാർക്കശ്യം നിലനിൽക്കുന്നു.

തിയേറ്ററിലേക്ക് പ്രവേശിക്കുമ്പോൾ ധരിക്കുന്ന വസ്ത്രമാണ് സ്ക്രബ് ജാക്കറ്റുകൾ. ഇതോടൊപ്പം തലമുടിയും മറ്റു കോശങ്ങളും രോഗിയുടെ ശരീരത്തിലേക്ക് പതിക്കാതിരിക്കാൻ വേണ്ടി ഉപയോഗിക്കുന്നതാണ് സർജിക്കൽ ക്യാപ്പുകൾ. സർജറി ചെയ്യുന്ന ഡോക്ടറും അസ്സിസ്റ്റ് ചെയ്യുന്ന മറ്റുള്ളവരും കണ്ണുകൾ ഒഴികെ ശരീരഭാഗങ്ങൾ പൂർണമായും മറയുന്ന വസ്ത്രങ്ങളാണ് ഓപ്പറേഷൻ സമയത്ത് ധരിക്കുന്നത്. ഫുൾ സ്ലീവ് ഏപ്രണും ഗ്ലൗസും, മൂക്കും വായയും താടിയും മൂടുന്ന രൂപത്തിലുള്ള മാസ്കും, തല മൂടുന്ന ഹെഡ് ക്യാപ്പും, കാലുകൾ പൂർണമായി മറയുന്ന ചെരുപ്പുമാണ് ധരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ബുർഖയിട്ട ഒരു മുസ്‌ലിം സ്ത്രീയുടെ രൂപത്തിലാണ് സർജിക്കൽ ഫീൽഡിൽ നിൽക്കുന്നവരുണ്ടാവുക. ചില ഘട്ടങ്ങളിൽ സുരക്ഷയുടെ ഭാഗമായി കണ്ണടയോ ഫേസ് ഷീൽഡോ ധരിക്കേണ്ടതായും വരും. കാരണം ശരീരം പൂർണമായി മറയ്ക്കുന്നതാണ് രോഗിക്കും ഡോക്ടർക്കും പൂർണമായ അണുവിമുക്തതയ്ക്ക് ഏറ്റവുമുചിതം.

ഇവിടെയാണ് വിദ്യാർഥിനികൾ ഉന്നയിച്ച ആവശ്യം പരിഗണിക്കേണ്ടത്. കൈമുട്ടുവരെ മാത്രമുള്ള സ്ക്രബ് ജാക്കറ്റിന് പകരം കൈ മുഴുവൻ മറയുന്ന ലോങ്ങ് സ്ലീവ് സ്ക്രബ് ജാക്കറ്റുകളും സർജിക്കൽ ക്യാപ്പിന് പകരം തലയും കഴുത്തും മറയുന്ന രൂപത്തിലുള്ള സർജിക്കൽ ഹുഡും ധരിക്കാനുമുള്ള അനുമതിയാണ് അവർ ആവശ്യപ്പെട്ടത്. ആഗോളതലത്തിൽ ഉപയോഗിക്കപ്പെടുന്നവയാണ് ഇവയൊക്കെ എന്ന് പരിശോധിച്ചാൽ മനസ്സിലാക്കാം. അന്താരാഷ്ട്ര നിലവാരത്തിലുള്ള അണുവിമുക്ത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ ഇന്റർനാഷണൽ കമ്പനികൾ പുറത്തിറക്കുന്ന തല മറയ്ക്കുന്ന ഹിജാബിന് സമാനമായ സർജിക്കൽ ഹുഡുകളും ലോങ്ങ് സ്ലീവ് സ്ക്രബ്ബ് ജാക്കറ്റുകളും ധരിക്കാനുള്ള ഈ മാന്യമായ ആവശ്യത്തെയാണ് പൊതുസമൂഹം ഒന്നാകെ വർഗീയതയായി ചിത്രീകരിച്ചത്.

**മുസ്‌ലിമായ, ഒരു ഒന്നാം വർഷ മെഡിക്കൽ വിദ്യാർഥിനിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലോകത്ത് തന്നെ ഒന്നാം നമ്പർ ഹോസ്പിറ്റലായ** Mayo clinic**തങ്ങളുടെ ഓപ്പറേഷൻ തീയേറ്ററുകളിൽ മുസ്‌ലിം വനിതകൾക്കായി ഡിസ്പോസിബിൾ ഹെഡ് കവറുകൾ, ഫുൾസ്ലീവ് സ്ക്രബ് എന്നിവ ലഭ്യമാകാനുള്ള സ്ഥിരസംവിധാനം അവിടെ ഒരുക്കുകയും ചെയ്തു.**

ഇതിൽ ആദ്യമുന്നയിച്ച ഹെഡ് കവർ (സർജിക്കൽ ഹൂഡ്) എന്നത് യാതൊരു തരത്തിലും അണുവിമുക്തമാക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളെ ബാധിക്കുന്നില്ലെന്ന് മാത്രമല്ല, മുടി പൂർണമായും കവർ ചെയ്യുകയാണ് വേണ്ടത്. വിഷയം വരുന്നത് ഫുൾ സ്ലീവ് ഡ്രസ്സിന്റെ വിഷയത്തിലാണ്. കൈമുട്ട് വരെ പ്രത്യേകം സ്ക്രബ് വാഷ് ചെയ്യേണ്ടതുള്ളതുകൊണ്ട് അത് അൽപം പ്രയാസം തന്നെയാണ്. ഇതിനെ ഏറ്റവും നന്നായി കൈകാര്യം ചെയ്തത് ബ്രിട്ടണിലെ ആരോഗ്യമേഖല സമ്പൂർണമായി നിയന്ത്രിക്കുന്ന നാഷണൽ ഹെൽത്ത് സർവീസസ് ഇവ്വിഷയത്തിൽ പുറത്തിറക്കിയ ഗൈഡ്ലൈനിലാണ്. ഒന്നുകിൽ ത്രീ ക്വാർട്ടർ സ്ലീവുകൾ ഉപയോഗിക്കുകയോ, അല്ലെങ്കിൽ വാഷിങ് & ഡയറക്റ്റ് പേഷ്യന്റ് exposure ഉള്ള സമയത്ത് റോൾ ബാക്ക് ചെയ്യാനും അല്ലാത്തപ്പോൾ ഫുൾ സ്ലീവ് ആക്കാനും പറ്റുന്ന വസ്ത്രം ഉപയോഗിക്കുക എന്നതാണ് കൊടുത്ത ഗൈഡ്ലൈൻ. അതല്ലെങ്കിൽ മുട്ടിലും കണങ്കൈയിലും ഇലാസ്റ്റിക് ഉള്ള ഡിസ്പോസിബിൾ ഓവർ സ്ലീവുകൾ ഉപയോഗിക്കാവുന്നതുമാണ്.

NHS പുറത്തിറക്കിയ ഓപ്പറേഷൻ തിയേറ്ററിലേക്ക് പ്രവേശിക്കുമ്പോൾ ധരിക്കേണ്ട വസ്ത്രത്തെ കുറിച്ചുള്ള മാർഗരേഖയിലെ ഒരു അധ്യായം തന്നെ മുസ്‌ലിം മതവിശ്വാസികൾക്കുള്ള വസ്ത്രധാരണ

ത്തെ കുറിച്ചാണ്:

"ഇസ്‌ലാമിക വിശ്വാസത്തിന്റെ പേരിൽ ചില ജീവനക്കാർക്ക് മുൻകൈകൾ തുറന്നുകാട്ടുന്നത് സ്വീകാര്യമല്ല. ഇത്തരം ആശങ്കകളെ കണക്കിലെടുത്ത്, MSCP ഇസ്‌ലാമിക പണ്ഡിതന്മാരും ചാപ്ലിൻമാരും ബഹുമത പ്രതിനിധികളും, ആരോഗ്യ വകുപ്പിന്റെ നയരൂപീകരണ വക്താക്കളും അണുബാധ തടയുന്നതിനുള്ള വിദഗ്ധരും ഉൾപ്പെടുന്ന ഒരു ഗ്രൂപ്പിനെ വിളിച്ചുകൂട്ടി. ഈ ഗ്രൂപ്പ് ചർച്ചകളെ അടിസ്ഥാനമാക്കി, പ്രാദേശിക വസ്ത്രധാരണ നയങ്ങൾ മുസ്‌ലിംകളുടെയും മറ്റ് വിശ്വാസി ഗ്രൂപ്പുകളുടെയും വിശ്വാസബാധ്യതയോട് സംവേദനക്ഷമതയുള്ളതാണന്നും അതേസമയം ശുചിത്വത്തിന്റെ തുല്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ MSCP ശുപാർശകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി:

"1. ജീവനക്കാർ നേരിട്ട് രോഗി പരിചരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തപ്പോൾ മുഴുവൻ നീളമുള്ള സ്ലീവുകൾക്കുള്ള വ്യവസ്ഥ യൂണിഫോമിൽ ഉൾപ്പെടുത്താം.

2. യൂണിഫോമിന് മുക്കാൽ ഭാഗം നീളമുള്ള സ്ലീവ് ഉപയോഗിക്കാം.

3. മുഴുനീളമോ മുക്കാൽ ഭാഗമോ നീളമുള്ള കൈകൾ അയഞ്ഞതോ തൂങ്ങിക്കിടക്കുന്നതോ ആവരുത്. കൈ കഴുകുമ്പോഴും നേരിട്ടുള്ള രോഗി പരിചരണ പ്രവർത്തനങ്ങളിലും അവ ഉരുട്ടാനോ പിന്നിലേക്ക് വലിക്കാനോ സുരക്ഷിതമായി സൂക്ഷിക്കാനോ കഴിയണം.

4. കൈമുട്ടിലും കൈത്തണ്ടയിലും ഇലാസ്റ്റിക് ചെയ്ത ഡിസ്‌പോസിബിൾ ഓവർ സ്ലീവ് ഉപയോഗിക്കാം. അവ ഡിസ്‌പോസിബിൾ കൈയുറകൾ പോലെ തന്നെ ധരിക്കുകയും ഉപേക്ഷിക്കുകയും വേണം. കൈകളും കൈത്തണ്ടകളും കഴുകുന്നതിനുള്ള കർശനമായ നടപടിക്രമങ്ങൾ അപ്പോഴും

**തിരുവനന്തപുരം വിഷയത്തെ വർഗീയ-രാഷ്ട്രീയ ലാഭത്തിനുവേണ്ടി വേണ്ടുവോളം ഉപയോഗിക്കാൻ ഹിന്ദുത്വർ ശ്രമിക്കുന്നതിൽ അത്ഭുതമില്ല. എന്നാൽ ഇവരോടൊപ്പം മത്സരിച്ചുകൊണ്ട് ഇടത്-ലിബറൽ ആശയക്കാരും ഒടിയിലെ ഹിജാബിനെ കുറിച്ച് ആശങ്കയറിയിക്കുന്നത് അത്ര നിഷ്കളങ്കമല്ല. തങ്ങളോടൊപ്പം രാഷ്ട്രീയമായി ചേർന്നുനിന്നാൽ സ്വത്വസംരക്ഷണം വാഗ്ദാനം ചെയ്യുന്ന ഇത്തരക്കാർ കൂടുതൽ അപകടകാരികളാണ്. പൊതുചടങ്ങിൽ മതത്തിന്റെ ഭാഗമായ നിലവിളക്ക് കൊളുത്താതിരുന്ന ജനപ്രതിനിധിയെ കുറിച്ച് ആശങ്കപ്പെടുന്ന അതേ പ്രൊഫൈലുകൾ തിയേറ്ററിലേക്ക് മതത്തിന്റെ ചിഹ്നത്തെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ധരിക്കാൻ അനുമതി തേടിയതിനെ സംബന്ധിച്ച് ഭയപ്പാടോടെ കവിത രചിക്കുന്നത്.**

പാലിക്കേണ്ടതുണ്ട്."(1)

Journal of the American college of surgeons "Surgical Scrubbing and Attire in the Operating Room and ICU: A Multicultural Guide" എന്ന പേരിൽ 2021 മേയിൽ പ്രസിദ്ധീകരിച്ച ജേർണലിൽ മുസ്‌ലിംകൾ, ഓർത്തഡോക്സ് ജൂതന്മാർ, സിഖുകാർ തുടങ്ങിയവരുടെ ഓപ്പറേഷൻ തിയേറ്റർ വസ്ത്രങ്ങളുടെ മാർഗരേഖ വിശദീകരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിം വനിതകൾ ജോലി ചെയ്യുന്ന ഹോസ്പിറ്റലുകൾ ഡിസ്‌പോസിബിൾ ഹെഡ് കവറുകൾ, ഫുൾസ്ലീവ് സ്ക്രബ്ബ് എന്നിവ ഉൾപ്പെടുത്തുകയാണുണ്ടായത്. മുസ്‌ലിമായ, ഒരു ഒന്നാം വർഷ മെഡിക്കൽ വിദ്യാർഥിനിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലോകത്ത് തന്നെ ഒന്നാം നമ്പർ ഹോസ്പിറ്റലായ Mayo clinicതങ്ങളുടെ ഓപ്പറേഷൻ തീയേറ്ററുകളിൽ മുസ്‌ലിം വനിതകൾക്കായി ഡിസ്‌പോസിബിൾ ഹെഡ് കവറുകൾ, ഫുൾസ്ലീവ് സ്ക്രബ് എന്നിവ ലഭ്യമാകാനുള്ള സ്ഥിരസംവിധാനം അവിടെ ഒരുക്കുകയും ചെയ്തു.

ഈ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയ ഓപ്പറേഷൻ തിയേറ്ററുകളിൽ എത്ര രോഗികൾ അണുബാധ മൂലം മരണപ്പെട്ടുവെന്ന കണക്ക് നൽകേണ്ടത് പ്രസ്തുത ആവശ്യം നിരസിച്ചവരാണ്. ഏറ്റവും ചുരുങ്ങിയത് വിഷയത്തിന്റെ മെരിറ്റിൽനിന്നും മറുപടി പറയുക എന്നതിനപ്പുറം മാന്യമായ ഈ ആവശ്യത്തോട് എത്ര അപരിഷ്കൃതമായ രീതിയിലാണ് കത്ത് ലീക്ക് ചെയ്ത് വിവാദങ്ങൾ സൃഷ്ടിക്കുന്നതിലൂടെ അധികൃതർ ചെയ്തത് എന്നതാണ് ചോദ്യം ചെയ്യപ്പെടേണ്ടത്.

കേരളത്തിലെ ഇസ്‌ലാം ഭീതിയുടെ ഓർബിറ്റിൽ കിടന്ന് കറങ്ങാൻ കാലാകാലത്തേക്ക് മറ്റൊരു ഉപഗ്രഹം കൂടി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും വിജയകരമായി വിക്ഷേപിച്ചിരിക്കുന്നു!

### വിശ്വാസത്തിന്റെ ചെരുപ്പഴിക്കണോ?

'ഓപ്പറേഷൻ തിയേറ്ററിലും മതം കലർത്തുന്ന'വരെക്കുറിച്ചാണ് പലർക്കും ഇപ്പോൾ ആശങ്ക. യഥാർഥത്തിൽ മതത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവില്ലായ്മയുടെ പ്രശ്നമാണ് ഇവിടെയുള്ളത്. മതമെന്നത് മന്ദിറിലോ മസ്ജിദിലോ കയറുമ്പോൾ അണിയേണ്ടതാണെന്നുള്ള അജ്ഞതയാണ് ഇത്തരക്കാർക്കുള്ളത്. മതവും ജീവിതവും വെവ്വേറെ ഡൊമൈനുകളാണെന്ന അബദ്ധധാരണയാണ് ഒന്നാമതായി തിരുത്തപ്പെടേണ്ടത്. ഈ ധാരണയുടെ യൂറോപ്പിലെ ഇര ക്രൈസ്തവതയായിരുന്നു. മതമെന്നത് പൊതുവിടങ്ങളിൽ നിന്നും മാറ്റിനിർത്തേണ്ട അശ്ലീ

ലമാണെന്നും ആവശ്യമുള്ളവർക്ക് അവരുടെ സ്വകാര്യതയിൽ മതം പ്രാക്ടീസ് ചെയ്യാമെന്നുമുള്ള സെക്കുലറിസത്തിന്റെ സ്വാധീനമാണ് ഈ ചിന്തക്ക് നിദാനം.

ഇതിന്റെ ഉത്തമ ഉദാഹരണമായി കാണാവുന്നത് ഫ്രഞ്ച് നിയമങ്ങളെയാണ്. Laicite എന്ന പേരിൽ മതത്തെ പൊതുമണ്ഡലങ്ങളിൽ നിന്നും പാടേ മാറ്റിനിർത്തുക എന്നതാണ് ഫ്രാൻസിൽ നടപ്പിലാക്കപ്പെടുന്നത്. നിയമനിർമാണസഭയിലേക്ക് പോലും ഹിജാബ് ധരിച്ച് ഒരു മുസ്‌ലിം വനിതാ അംഗത്തിന് കയറിച്ചെല്ലാൻ അവിടെ സാധ്യമല്ല. മോഡസ്റ്റി അഥവാ ഒതുക്കമുള്ള വസ്ത്രം ധരിച്ച് പൂളുകളിലേക്ക് വരുന്നവരെ പരിഹസിച്ചുകൊണ്ട് ഫ്രഞ്ച് മാധ്യമങ്ങളെഴുതിയത് 'ബുർഖിനി' എന്നായിരുന്നു. ഇത്രമേൽ അധികാരമുഷ്ടിയോടെ മതത്തെ വ്യവഹാരങ്ങളിൽ ചർച്ച ചെയ്യപ്പെടാൻ പാടില്ലാത്തത്ര ബാലിശമായി ചിത്രീകരിക്കുന്നതാണ് അവിടെ നാം കാണുന്നത്. Anti-seperatism Bill അവതരിപ്പിച്ചുകൊണ്ട് മതചിഹ്നങ്ങളെ രാജ്യദ്രോഹമായി കാണാൻ പ്രേരിപ്പിക്കുന്നതാണ് വെസ്റ്റിലെ സെക്കുലർ ചിന്തകൾ.

ഇതിൽ നിന്നും വിഭിന്നമാണ് ഇന്ത്യൻ സെക്കുലർ ആശയങ്ങൾ. മതത്തെ നിരസിക്കുക എന്നതല്ല, മതങ്ങളെ കൂട്ടിപ്പിടിച്ചുകൊണ്ട് മുന്നോട്ട് ചലിക്കുകയെന്നതാണ് ഗാന്ധിയും ആസാദുമൊക്കെ പഠിപ്പിച്ചമതനിരപേക്ഷ ദർശനം. അതിനാൽ ആഗോളതലത്തിലുള്ള മാറ്റങ്ങളെ പരിഗണിച്ചുകൊണ്ട് ഈ വിദ്യാർഥികൾക്കും തുടർന്നുള്ളവർക്കും വിശ്വാസത്തെ ബാധിക്കാതെ പഠിക്കുവാനുള്ള അന്തരീക്ഷം ഒരുക്കുകയാണ് അധികൃതർ ചെയ്യേണ്ടത്.

**മതേതര മൗലികവാദികൾക്ക് ഒരു കീ-ഹോൾ സർജറി**

തിരുവനന്തപുരം വിഷയത്തെ വർഗീയ-രാഷ്ട്രീയ ലാഭത്തിനു വേണ്ടി വേണ്ടുവോളം ഉപയോഗിക്കാൻ ഹിന്ദുത്വർ ശ്രമിക്കുന്നതിൽ അത്ഭുതമില്ല. എന്നാൽ ഇവരോടൊപ്പം മത്സരിച്ചുകൊണ്ട് ഇടത്-ലിബറൽ ആശയക്കാരും ഒടിയിലെ ഹിജാബിനെ കുറിച്ച് ആശങ്കയറിയിക്കുന്നത് അത്ര



**തികച്ചും മെഡിക്കൽ സംബന്ധമായ വിഷയത്തിന്റെ ആരോഗ്യസംബന്ധമായ വിഷയത്തെ ചർച്ച ചെയ്യാതെ അതിന്മേലുള്ള രാഷ്ട്രീയവും മതവും മാത്രം ചർച്ച ചെയ്യപ്പെടുന്നത് തന്നെ പ്രതികരണങ്ങളുടെ ലക്ഷ്യത്തെക്കുറിച്ച് ദുസ്സൂചനയാണ് നൽകുന്നത്. സെക്കുലറിസം തകരാതിരിക്കാൻ കണ്ണിലെണ്ണയൊഴിച്ച് കാവലിരിക്കേണ്ട ബാധ്യത മുസ്‌ലിംകളുടെ തലക്ക് കെട്ടിവയ്ക്കുന്ന ഇത്തരം പ്രവണതകൾ കൂടിവരുന്ന കാലഘട്ടത്തിൽ സാമുദായിക ഐക്യസംഘം ന്യായമായ വിഷയങ്ങളെ പക്വത കൈവിടാതെ രാഷ്ട്രീയമായിത്തന്നെ ടേബിളിൽ വെക്കാൻ ഇനിയും വൈകിക്കൂടാ**

നിഷ്കളങ്കമല്ല. തങ്ങളോടൊപ്പം രാഷ്ട്രീയമായി ചേർന്നുനിന്നാൽ സ്വത്വസംരക്ഷണം വാഗ്ദാനം ചെയ്യുന്ന ഇത്തരക്കാർ കൂടുതൽ അപകടകാരികളാണ്. നാമംകൊണ്ട് മുസ്‌ലിമായ ചലച്ചിത്രതാരം മാമുക്കോയ മരണപ്പെട്ടപ്പോൾ 'മതേതര മൂല്യങ്ങളെ മുറുകെപ്പിടിച്ച വ്യക്തിത്വ'ത്തിന് ആദരാഞ്ജലി അർപ്പിക്കുന്ന ഇക്കൂട്ടർ നടത്തുന്നത് 'സെക്കുലർ മുസ്‌ലി'മിന് ഇവർ തന്നെ നിശ്ചയിക്കുന്ന അളവുകോലിൽ മാർക്ക് ലഭിക്കുന്നവരെ മാത്രമെ മതേതരനായി അംഗീകരിക്കുകയുള്ളൂ എന്ന തികഞ്ഞ ഇസ്‌ലാം വിരുദ്ധതയിൽനിന്നും നിർധരിച്ചെടുത്ത മതേതരമൗലികവാദമാണ്. അതുകൊണ്ടാണ് പൊതുചടങ്ങിൽ മതത്തിന്റെ ഭാഗമായ നിലവിളക്ക് കൊളുത്താതിരുന്ന ജനപ്രതിനിധിയെ കുറിച്ച് ആശങ്കപ്പെടുന്ന അതേ പ്രൊഫൈലുകൾ തിയേറ്ററിലേക്ക് മതത്തിന്റെ ചിഹ്നത്തെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ധരിക്കാൻ അനുമതി തേടിയതിനെ സംബന്ധിച്ച് ഭയപ്പാടോടെ കവിത രചിക്കുന്നത്.

തങ്ങൾ നിശ്ചയിക്കുന്ന അളവുകോൽ പ്രകാരമുള്ള 'സെക്കുലർ മുസ്‌ലിമാ'യി ജീവിച്ചുകൊണ്ട് വിശ്വാസങ്ങളിൽ വെള്ളം ചേർത്താൽ മാത്രമെ സ്വത്വസംരക്ഷണത്തിന് കൂട്ടുനിൽക്കുകയുള്ളൂ എന്ന് പുലമ്പുന്നവരുടെ സഹായം നിരസിക്കാൻ സമുദായത്തിന് സാധിക്കണം. വിശ്വാസങ്ങളാണ് സ്വത്വത്തിന്റെ ആധാരം. അവയെ പൂട്ടിക്കെട്ടി മേശക്കുള്ളിൽ വച്ചുള്ള സ്വത്വസംരക്ഷണം നിർവീര്യമായ പടക്കം പോലെയാണ്.

വിമർശനമുന്നയിക്കുന്ന മറ്റൊരുകൂട്ടർ മുസ്‌ലിം ലിബറലുകളാണ്. മൂത്രമൊഴിച്ചാൽ കഴുകൽ നിർബന്ധമെന്ന് പഠിപ്പിച്ച മുസ്‌ലിംകളെ ആരും വൃത്തിയുടെ പ്രാധാന്യം പഠിപ്പിക്കേണ്ടതില്ലെന്നും എന്നാൽ ഓപ്പറേഷൻ തിയേറ്ററിൽ ദേഹം മറയുന്ന വസ്ത്രം ധരിക്കാൻ ആവശ്യപ്പെടുന്നത് ഹിന്ദുത്വ

ഭീകരർക്ക് മരുന്നിട്ട് കൊടുക്കലാണെന്നുമാണ് ഇക്കൂട്ടരുടെ കണ്ടെത്തൽ. യഥാർഥത്തിൽ സ്വന്തം മതത്തെപ്പറ്റിയുള്ള അപകർഷതയാണ് ഇക്കൂട്ടരെ ഇത്തരം പ്രസ്താവനകൾ നടത്താൻ പ്രേരിപ്പിക്കുന്നത്.

ആഗോളതലത്തിൽ തന്നെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളാനുള്ള ശ്രമങ്ങളാണ് ഏത് മേഖലയിലും കാണാൻ സാധിക്കുന്നത്. Inclusiveness (ഉൾകൊള്ളുക) എന്നത് ഒരു രാഷ്ട്രീയമാണ്. ഇതേക്കുറിച്ച് ഈണത്തിൽ വർണിക്കുന്നവർക്ക് പക്ഷേ, ഇവ്വിഷയത്തിൽ പറയുന്ന രാഷ്ട്രീയം പ്രയോഗവൽക്കരിക്കാൻ മടിവരുന്നത് എന്തുകൊണ്ടാണെന്ന് അവർ തന്നെ വീണ്ടുവിചാരം നടത്തട്ടെ. ഇത്രയും കാലം പഠിച്ചവർക്കില്ലാത്ത വിശ്വാസചിന്ത ഇപ്പോൾ ചിലർക്ക് തോന്നാൻ കാരണം തേടുന്നവർ കാലത്തിന്റെ ഇത്തരം മാറ്റങ്ങളെ പഠിക്കാനോ സ്വയം പ്രതിഫലിപ്പിക്കാനോ ശ്രമിക്കാത്തവരാണ്. പുതിയകാലത്തെ സങ്കേതങ്ങളെ ഉൾക്കൊള്ളലിന്റെ രാഷ്ട്രീയത്തിന് വേണ്ടി ഉപയോഗപ്പെടുത്താൻ സാധിക്കുന്നയിടത്താണ് സൗഹാർദത്തിന്റെയും നിഷ്കളങ്കമായ കൊടുക്കൽ-വാങ്ങലുകളുടെയും കതക് തുറക്കാൻ സാധിക്കുക.

തികച്ചും മെഡിക്കൽ സംബന്ധമായ വിഷയത്തിന്റെ ആരോഗ്യസംബന്ധമായ വിഷയത്തെ ചർച്ച ചെയ്യാതെ അതിന്മേലുള്ള രാഷ്ട്രീയവും മതവും മാത്രം ചർച്ച ചെയ്യപ്പെടുന്നത് തന്നെ പ്രതികരണങ്ങളുടെ ലക്ഷ്യത്തെക്കുറിച്ച് ദുസ്സൂചനയാണ് നൽകുന്നത്. സെക്കുലറിസം തകരാതിരിക്കാൻ കണ്ണിലെണ്ണയൊഴിച്ച് കാവലിരിക്കേണ്ട ബാധ്യത മുസ്‌ലിംകളുടെ തലക്ക് കെട്ടിവയ്ക്കുന്ന ഇത്തരം പ്രവണതകൾ കൂടിവരുന്ന കാലഘട്ടത്തിൽ സാമുദായിക ഐക്യ സംഘം ന്യായമായ വിഷയങ്ങളെ പക്വത കൈവിടാതെ രാഷ്ട്രീയമായിത്തന്നെ ടേബിളിൽ വെക്കാൻ ഇനിയും വൈകിക്കൂടാ. ■



# പ്രവാസികളും അവധിക്കാലവും

**നബീൽ പയ്യോളി**
✆: 9446378716

ഗൾഫ് നാടുകളിൽ ചൂടിന്റെ കാഠിന്യം കൂടുകയാണ്. 40-50 ഡിഗ്രിയാണ് ശരാശരി ചൂട്. ചുട്ടുപൊള്ളുന്ന കാലാവസ്ഥ. ഉച്ച സമയങ്ങളിൽ പുറംജോലി ചെയ്യുന്നതിന് വിലക്കുണ്ട്. അതിശൈത്യവും അത്യുഷ്ണവും പ്രവാസികളുടെ ജീവിതത്തിന്റെ ഭാഗമാണ്. വേനലവധിക്ക് സ്കൂളുകൾ അടച്ചു. കുടുംബമായി താമസിക്കുന്നവർ പ്രധാനമായും മറ്റുള്ളവർ സൗകര്യമനുസരിച്ചും അവധി ചെലവഴിക്കാൻ സ്വന്തം നാട്ടിലേക്ക് യാത്രതിരിക്കുന്ന തിരക്കിലാണ്. ബലിപെരുന്നാളിന് നാട്ടിലാണ് മിക്ക പ്രവാസികളും. വേനലവധിയും ബലിപെരുന്നാളും ഒരുമിച്ച് വരുന്നത് സന്തോഷത്തിന്റെ മാറ്റുകൂട്ടുന്നു. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഗൾഫിലെ സ്കൂളുകൾക്ക് വേനലവധി.

കൊടും ചൂടിൽനിന്നും കാലവർഷത്തിലെ പേമാരിയിലേക്ക് വരുന്നവർക്ക് അത് കുളിരേകും കാഴ്ചയും അനുഭവവുമായിരുന്നു. എന്നാൽ ഈ വർഷം സൗദി അറേബിയയിൽ നാട്ടിലെ കാലാവസ്ഥയെ ഓർമിപ്പിക്കും വിധം മഴക്കാലമായിരുന്നു, മാസങ്ങൾ നീണ്ടുനിന്ന മഴ. ഹൈറേഞ്ചിൽ ഇപ്പോഴും മഴ തുടരുന്നുണ്ട്. വർഷ

ങ്ങൾക്കിപ്പുറം മരുഭൂമി പച്ചപുതച്ച കാലം. തടാകങ്ങൾ നിറഞ്ഞൊഴുകുന്ന കാഴ്ചകൾ. വർഷത്തിലൊരിക്കൽ ചൂട് മാറി തണുപ്പിന്റെ വരവറിയിച്ചും തണുപ്പിൽനിന്നും ചൂട് കാലാവസ്ഥയിലേക്കുള്ള മാറ്റത്തിന്റെ സൂചകമായും ഒന്നോ രണ്ടോ ദിവസം ഉണ്ടാകുന്ന ഒറ്റപ്പെട്ട മഴയാണ് മിക്കവാറും ഈ മണലാരണ്യത്തിന്റെ മഴയോർമകൾ. ദിവസങ്ങളും മാസങ്ങളും നീണ്ടുനിൽക്കുന്ന മഴക്കാലം മലയാളിക്ക് ഗൃഹാതുരത്വമുണർത്തുന്നതാണ്.

അവധിദിനങ്ങൾ കരുതലോടെ ചെലവഴിക്കേണ്ടതുണ്ട്. ജോലിയുള്ളവർക്ക് ഒരുമാസവും ഏതാനും ദിവസങ്ങളുമാണ് വാർഷികാവധി. ചെയ്തുതീർക്കാൻ നൂറുകൂട്ടം പണികളുടെ പ്ലാനിങ്ങുമായിട്ടാണ് വിമാനം കയറുന്നത്. അതിൽ അനിവാര്യമായവ മറന്നുപോകരുത്. സ്വന്തം കുടുംബത്തോടൊപ്പം ചെലവഴിക്കാനും അവരുടെ സന്തോഷങ്ങളിൽ പങ്കാളികളാവാനും പ്രവാസികൾ പ്രത്യേകം ശ്രദ്ധ നൽകണം, കുട്ടികൾ ഇത്തരം ഒത്തുചേരലുകളിൽ കൂടെയുണ്ടാവൽ അനിവാര്യമാണ്, എങ്കിലേ ബന്ധങ്ങൾ ചേർക്കാനും അതിന്റെ മാധുര്യം നുണയാനും അവർക്കും സാധ്യമാവൂ. അതോടൊപ്പം സാമൂഹിക ബന്ധങ്ങളിലെ ഏടുകൾ തുന്നിച്ചേർക്കാനും സമയം കണ്ടെത്തണം.

അവധിക്കാലത്ത് പ്രവാസികളുടെ ഒത്തുചേരലുകൾ വിവിധ വിദേശ രാജ്യങ്ങളിലെ പ്രവർത്തനങ്ങളുടെ കൈമാറ്റം കൂടിയാണ്; അതോടൊപ്പം ബന്ധം പുതുക്കലും. നല്ല ആശയങ്ങൾ സ്വീകരിച്ച് പ്രബോധന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താൻ ഇത്തരം ഒത്തുചേരലുകൾ ഉപകരിക്കും. വർഷത്തിലൊരിക്കൽ നാട്ടിലെത്തുന്നവർ കുടുംബമൊന്നിച്ചുള്ള യാത്രകളും നേരത്തെ പ്ലാൻ ചെയ്താൽ സാധ്യമാവും. കുട്ടികൾക്ക് ഉപകാരപ്രദമാകും വിധമുള്ള ക്യാമ്പുകളിൽ അവരെ പങ്കെടുക്കുപ്പിക്കാൻ ശ്രദ്ധിക്കണം. അത് സാമൂഹ്യ യാഥാർഥ്യങ്ങൾ മനസ്സിലാക്കാനും ജീവിതക്രമങ്ങളിൽ പുനർവിചിന്തനം നടത്താനും പുതിയകാലത്തെ വെല്ലുവിളികളെ അതിജീവിക്കാനുള്ള ആത്മവിശ്വാസവും അറിവും ലഭിക്കാനും സഹായകമാവും.

**കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിൽനിന്നും കാലിയായ സീറ്റുകളുമായി, വളരെക്കുറച്ച് യാത്രക്കാരുമായി പറക്കുന്ന വിമാനങ്ങളുടെ വീഡിയോകൾ ഈയിടെ പുറത്തുവന്നിരുന്നു. മാന്യമായ നിരക്കിൽ വിമാനങ്ങൾ സർവീസ് നടത്തിയാൽ മനസ്സിൽ ഒരായിരം പ്രതീക്ഷകളുമായി നാട്ടിലേക്കെത്താൻ കൊതിക്കുന്ന നിരവധി പ്രവാസികൾക്ക് അത് വലിയ ആശ്വാസമാകും. അകക്കണ്ണ് തുറക്കാൻ വിമാനക്കമ്പനികളും ഭരണകൂടവും തയ്യാറാവണം എന്ന് മാത്രം.**

വേനലവധിക്ക് മനസ്സിൽ ആധിയുമായി നാട്ടിലേക്ക് തിരിക്കാറുള്ളത് രക്ഷിതാക്കളാണ്. പ്രവാസലോകത്തെ പഠന സാധ്യതകൾ അവസാനിക്കുമ്പോൾ ഉന്നതപഠനത്തിനായി നാട്ടിലേക്കോ മറ്റിടങ്ങളിലേക്കോ അനിവാര്യമായി പറിച്ചു നടപ്പെടേണ്ട സാഹചര്യമാണ് ഏറെ ഗൗരവതാരമായത്. തിന്മകൾ വരിഞ്ഞു മുറുക്കുന്ന സാമൂഹികാന്തരീക്ഷത്തിൽ ചതിക്കുഴികളിൽ അകപ്പെടാതെ മക്കളെ വളർത്താനും വിദ്യാഭ്യാസം നൽകാനും രക്ഷിതാക്കൾ പ്രത്യേകിച്ച് പ്രവാസികൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്. ഭാരമേറിയ മനസ്സുമായി മരുഭൂമിയിലേക്ക് മടങ്ങുന്ന പ്രവാസിയുടെ മനസ്സിന്റെ വേദന ചെറുതല്ല.

### അവധിക്കാല ചൂഷകർ

ആഘോഷനാളുകളിൽ കുടുംബത്തോടൊപ്പം കഴിയാൻ ആഗ്രഹിക്കാത്തവരായി ആരുമില്ല. എന്നാൽ പ്രവാസികളെ അതിൽനിന്നും തടയുന്നത് കടൽകടന്നു കേരളത്തിലെത്താനുള്ള യാത്രാചെലവാണ്. സാധാരണയുള്ള നിരക്കിനെക്കാൾ എത്രയാ ഇരട്ടിയാണ് അവധിക്കാലത്തെ വിമാനയാത്രാചെലവ്. സാധാരണ പ്രവാസികൾക്ക് താങ്ങാൻ കഴിയുന്നതിനപ്പുറമാണീ ഭാരം. യാതൊരു ന്യായവും ഈ വർധനവിനു പിന്നിലില്ല. വർഷങ്ങളായി ഈ ചൂഷണം തുടരുന്നു, പ്രായോഗിക പരിഹാരങ്ങൾ ഇനിയുമകലെ. സർക്കാരും ജനപ്രതിനിധികളും ഈ ചൂഷണത്തിനെതിനെ ക്രിയാത്മക ഇടപെടൽ നടത്തും എന്ന പ്രതീക്ഷയിലാണെന്നും പ്രവാസലോകം.

കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിൽനിന്നും കാലിയായ സീറ്റുകളുമായി, വളരെക്കുറച്ച് യാത്രക്കാരുമായി പറക്കുന്ന വിമാനങ്ങളുടെ വീഡിയോകൾ ഈയിടെ പുറത്തുവന്നിരുന്നു. മാന്യമായ നിരക്കിൽ വിമാനങ്ങൾ സർവീസ് നടത്തിയാൽ മനസ്സിൽ ഒരായിരം പ്രതീക്ഷകളുമായി നാട്ടിലേക്കെത്താൻ കൊതിക്കുന്ന നിരവധി പ്രവാസികൾക്ക് അത് വലിയ ആശ്വാസമാകും. അകക്കണ്ണ് തുറക്കാൻ വിമാനക്കമ്പനികളും ഭരണകൂടവും തയ്യാറാവണം എന്ന് മാത്രം. നാടിനും കുടുംബത്തിനും വേണ്ടി മണലാരണ്യത്തിൽ ചേക്കേറിയവരുടെ കണ്ണുനീർ തുടക്കാൻ നമ്മുടെ ഭരണകൂടത്തിന് സാധിക്കട്ടെ എന്ന് പ്രത്യാശിക്കാം.

# വെറുപ്പിന്റെ കഥ കഴിയുന്നു!

ടി.കെ അശ്റഫ്
: 81118 07199

ചർച്ചകളിൽ സംഘപരിവാർ പ്രതിനിധികൂടി ഉണ്ടായാലേ ചർച്ച പൂർണമാവുകയുള്ളൂ എന്ന എന്ന നിലപാടാണ് ചില ചാനലുകൾക്കുള്ളത്. ശാഖാ കേന്ദ്രങ്ങളിൽ മാത്രം പഠിപ്പിച്ചിരുന്ന വെറുപ്പിന്റെ സന്ദേശം അതുവഴി പൊതുസമൂഹത്തിലേക്കത്തുവാനും വിഭാഗീയത വളരുവാനും ഇടയാകുന്നു എന്നതല്ലാതെ അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്?

അവതാരകൻ ചോദിച്ചത് എന്താണെന്നോ ടൈറ്റിൽ എന്താണെന്നോ നോക്കുന്ന പരിപാടി ഇവർക്കില്ല . വേഗം അവരുടെ കൈയിലുള്ള, തയ്യാറാക്കി കൊണ്ടുവന്ന നോട്ട് അങ്ങോട്ട് പറഞ്ഞുതീർക്കും. അത് തീർത്തും വിഷമയമായിരിക്കും. ഇങ്ങനെ ഈ സമൂഹത്തിൽ വിഭാഗീയതയുണ്ടാക്കുന്ന വെട്ടുകത്തികളെ വിളിച്ചുകൊണ്ടുവന്ന് അവർക്ക് യഥേഷ്ടം സമയം കൊടുക്കുകയാണ് ചില ചാനലുകാർ. അതിനിടയിൽ അവതാരകൻ ഇടപെടൽ നടത്താതെ വിധേയത്തം കാണിക്കുകയും ചെയ്യും. അവർ പറഞ്ഞതിനെ ഖണ്ഡിക്കാനും സത്യാവസ്ഥ തുറന്നു കാട്ടുവാനും മറ്റു പാനലിസ്റ്റുകൾക്ക് സമയം തികയാറുമില്ല.



**സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരും വെറുപ്പിന്റെ ഉപാസകർക്കെതിരിൽ ഉണർന്നു പ്രവർത്തിക്കണം. സമൂഹത്തെ ബാധിക്കുന്ന എന്ത് വിഷയം വന്നുകഴിഞ്ഞാലും പക്ഷപാതിത്തം കാണിക്കാതെ അതിൽ ഇടപെട്ടിരുന്ന സാഹിത്യ, സാംസ്കാരിക പ്രവർത്തകർ മുമ്പ് ഇവിടെയുണ്ടായിരുന്നു. ഇന്ന് അങ്ങനെയൊരു വിഭാഗത്തെ നമുക്ക് കാണാൻ സാധിക്കുന്നില്ല. സാഹിത്യ, സാംസ്കാരിക രംഗത്തുള്ളവരോട് നമുക്ക് പറയാനുള്ളത് നിങ്ങൾ വിഷയങ്ങൾ നിഷ്പക്ഷമായി മനസ്സിലാക്കണമെന്നാണ്. ഇവിടുത്തെ മുസ്‌ലിംകൾ എത്രമാത്രം ക്ഷമിക്കുന്നു, വിവേകം കാണിക്കുന്നു എന്ന് നിങ്ങൾ ശ്രദ്ധിക്കുന്നില്ലേ?**

തെറിയഭിഷേകം നടത്തുന്ന യൂട്യൂബർമാരുടെ ഭാഷയും ചാനലുകളിൽ വൈകുന്നേരം വന്നിരുന്നു തർക്കവിതർക്കം നടത്തുന്നവരുടെ ഭാഷയും തമ്മിലുള്ള വ്യത്യാസത്തിന്റെ വര നേർത്തു നേർത്തു വന്നുകൊണ്ടിരിക്കുകയാണ്. ഇതു കണ്ടുകൊണ്ടാണ് നമ്മുടെ പുതിയ തലമുറ വളർന്നു വരുന്നത് എന്ന കാര്യം ഓർക്കുക.

വെറുപ്പിനെതിരെ പ്രതികരിക്കുന്നതിന്റെ പേരിൽ ചാനലുകളുടെ നാവരിയുന്ന നീക്കത്തിനെതിരെ ഒറ്റക്കെട്ടായി നിൽക്കാൻ മാധ്യമങ്ങൾക്ക് കഴിയേണ്ടതുണ്ട്. മീഡിയ വൺ ചാനലുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സുപ്രീം കോടതിവരെ അവർ കേസിനു പോയി. ആ സമയത്ത് ബോധപൂർവം മൗനം പാലിച്ച മലയാള മാധ്യമങ്ങളുണ്ട്. ഇതൊക്കെ ഗൗരവതരമായി നമ്മൾ ചർച്ചക്കെടുക്കേണ്ട വിഷയമാണ്.

### സാഹിത്യ, സാംസ്കാരിക പ്രവർത്തകർ മൗനം വെടിയുക

സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരും വെറുപ്പിന്റെ ഉപാസകർക്കെതിരിൽ



ഉണർന്നു പ്രവർത്തിക്കണം. സമൂഹത്തെ ബാധിക്കുന്ന എന്ത് വിഷയം വന്നുകഴിഞ്ഞാലും പക്ഷപാതിത്തം കാണിക്കാതെ അതിൽ ഇടപെട്ടിരുന്ന സാഹിത്യ, സാംസ്കാരിക പ്രവർത്തകർ മുമ്പ് ഇവിടെയുണ്ടായിരുന്നു. ഇന്ന് അങ്ങനെയൊരു വിഭാഗത്തെ നമുക്ക് കാണാൻ സാധിക്കുന്നില്ല. അപൂർവം ചിലർ പ്രതികരിക്കുണ്ട് എന്ന കാര്യം വിസ്മരിച്ചുകൊണ്ടല്ല ഇപ്പറയുന്നത്. സാഹിത്യ, സാംസ്കാരിക രംഗത്തുള്ളവരോട് നമുക്ക് പറയാനുള്ളത് നിങ്ങൾ വിഷയങ്ങൾ നിഷ്പക്ഷമായി മനസ്സിലാക്കണമെന്നാണ്. ഇവിടുത്തെ മുസ്‌ലിംകൾ എത്രമാത്രം ക്ഷമിക്കുന്നു, വിവേകം കാണിക്കുന്നു എന്ന് നിങ്ങൾ ശ്രദ്ധിക്കുന്നില്ലേ?

ബാബരി മസ്ജിദ് ധ്വംസനം എന്തു മാത്രം ഭീതിയും അരക്ഷിതാവസ്ഥയുമാണ് മുസ്‌ലിം സമൂഹത്തിലുണ്ടാക്കിയത് എന്ന് മനസ്സിലാക്കാത്തവരല്ല നിങ്ങൾ. പക്ഷേ, മുസ്‌ലിംകൾ സംയമനം പാലിച്ചു. നീതിപൂർണമായ വിധി സുപ്രീം കോടതിയിൽനിന്ന് പ്രതീക്ഷിച്ചു. എന്നാൽ വിധിപ്രസ്താവം നിരാശാജനകമായിരുന്നു. സുപ്രീം കോടതിയിൽനിന്നു വന്ന ഒരു വിധി എന്ന നിലയ്ക്ക് അതിന്റെ പേരിൽ ഒരു പ്രക്ഷോഭവും സംഘടിപ്പിച്ചില്ല. ഒരു പടക്കം പോലും ഇന്ത്യാ രാജ്യത്ത് അതിന്റെ പേരിൽ പ്രതിഷേധിച്ച് മുസ്‌ലിംകൾ പൊട്ടിച്ചില്ല. മുസ്‌ലിം ജനസാമാന്യം കാണിക്കുന്ന ഈ വിവേകത്തെ കാണാനും അത് പൊതുസമൂഹത്തോട് വിളിച്ചു പറയാനും സാഹിത്യ, സാംസ്കാരിക രംഗത്തുള്ളവർ തയ്യാറാകേണ്ടതായിരുന്നില്ലേ? മാധ്യമങ്ങൾ അത് കാണേണ്ടതായിരുന്നില്ലേ?

### പൗരധർമം നിറവേറ്റുക

ഭരണകൂടത്തെയും മാധ്യമങ്ങളെയും സാഹിത്യകാരന്മാരെയും പൊതുപ്രവർത്തകരെയും പഴിപറഞ്ഞ് മാറിനിൽക്കാൻ സാധാരണ പൗരന്മാർക്കും പാടില്ല. അതൊക്കെ ഭരണകൂടം ചെയ്യട്ടെ, മീഡിയകൾ ചെയ്യട്ടെ, നമുക്കൊന്നും ഇതിൽ റോളില്ല എന്ന് ആരും പറയാൻ പാടില്ല.

ജനങ്ങളെ സ്വാധീനിക്കാൻ കഴിവുള്ള ആരൊക്കെയുണ്ടോ അവർക്കൊക്കെ ഇതിൽ അവരുടെതായ ദൗത്യം നിർവഹിക്കാനുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഭാഗമാണ് അധ്യാപകർ. അധ്യാപക സമൂഹത്തിന്റെ കൈകളിലാണ് അടുത്ത തലമുറയുള്ളത്.

അധ്യാപകർ കാലഘട്ടത്തിന്റെ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യാൻ തയ്യാറാകണം. വെറുപ്പിനെതിരെ സൗഹാർദത്തിന്റെ പാത കുട്ടികൾക്ക് കാണിച്ചുകൊടുക്കാൻ മുന്നോട്ടു വരണം. ഡോക്ടർമാർ, പ്രഭാഷകർ, മോട്ടിവേറ്റ് സ്പീക്കർമാർ... ഇങ്ങനെ സമൂഹത്തെ സ്വാധീനിക്കുന്ന ആരൊക്കെയുണ്ടോ അവരൊക്കെ ഈ വെറുപ്പിനെതിരിൽ രംഗത്ത് വരേണ്ടതുണ്ട്.

ഇന്ന് മിക്കയാളുകളും നവമാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നവരാണ്. ഫെയ്സ്ബുക്ക്, ടിറ്റർ, യൂട്യൂബ് ചാനൽ, വാട്സാപ്പ്... ഇവയിലൂടെയെല്ലാം സമാധാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കാം. കമൻറുകൾ ശ്രദ്ധയോടെ ഉപയോഗിച്ചാൽ തന്നെ നല്ല മാറ്റമുണ്ടാക്കാനാകും. വെറുപ്പിന്റെ നുണക്കഥകൾ പ്രചരിപ്പിക്കുമ്പോൾ അതിന്റെ സത്യാവസ്ഥ മാന്യമായ നിലയിൽ തുറന്നുകാട്ടാൻ തയ്യാറാകണം. ജനങ്ങൾ വെറുപ്പിനെതിരെ നിലകൊണ്ടാൽ ഭരണകൂടവും മാധ്യമങ്ങളും മറ്റുള്ളവരും ആ വഴിക്ക് വരാതിരിക്കുകയില്ല. ഭരണകൂടവും മാധ്യമങ്ങളൊക്കെ നിലപാട് സ്വീകരിക്കുന്നത് പൊതുജനത്തിന്റെ പൾസ് നോക്കിയിട്ടാണ്.

വെറുപ്പിനെതിരിൽ ഒന്നിച്ചു പോരാടാൻ കഴിയണം. സൗഹാർദം കൈവിട്ടുപോയി, നാട് ഇനി പഴയ അവസ്ഥയിലേക്ക് തിരിച്ചുവരില്ല, ഇനി എന്തു ചെയ്തിട്ടും കാര്യമില്ല എന്നു പറഞ്ഞ് നിരാശരായി ഉൾവലിയുകയല്ല നമ്മൾ ചെയ്യേണ്ടത്. നാം വളരെ സുരക്ഷിതരാണ്, സാമൂഹ്യ മാധ്യമങ്ങളിൽ ആരൊക്കെയോ വെറുപ്പ് പ്രചരിപ്പിക്കുന്നു എന്നതുകൊണ്ട് ഒരു കുഴപ്പവും സംഭവിക്കാൻ പോകുന്നില്ല, എന്നു പറഞ്ഞ് അമിതമായ ആത്മവിശ്വാസത്തോടെ കഴിയാനും പാടില്ല.

**കേരള സ്റ്റോറി**

ജാഗ്രത പാലിക്കൽ അനിവാര്യമായ ഒരു ഘട്ടമാണിത്. പ്രളയകാലത്ത് മതവും ജാതിയും പാർട്ടിയും നോക്കാതെ നാം ദുരിതബാധിതരെ സഹായിക്കാൻ ഓടിയെത്തി. ഏതു മതക്കാരന്റെ വീടാണെന്ന് അന്വേഷിച്ചല്ല വീടിനകത്ത് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് വൃത്തിയാക്കിക്കൊടുത്തത്. അതിനായി പോയവരുടെ കൂട്ടത്തിൽ എല്ലാ മതക്കാരും ഉണ്ടായിരുന്നു.



**ചരിത്രത്തിൽ നടന്ന കലാപങ്ങളിൽനിന്ന് നമ്മൾ പാഠം പഠിക്കണം. തെറ്റ് സ്വന്തക്കാർ ചെയ്താലും ഒരിക്കലും അതിന് കൂട്ടുനിന്നുകൂടാ. അതിനു കൂട്ടുനിൽക്കുന്നതിന്റെ പേരാണ് യഥാർഥത്തിൽ വർഗീയത. എന്റെ കുടുംബത്തിൽ പെട്ടയാളാണ്, എന്റ പാർട്ടിയിൽ പെട്ടയാളാണ്, എന്റെ മതത്തിൽ പെട്ടയാളാണ് തെറ്റ് ചെയ്തത് എങ്കിൽ അവനെ ഞാൻ സംരക്ഷിക്കുന്നത് വർഗീയതയാണ്. ഇത് ഒരിക്കലും ഉണ്ടാകരുത്. തെറ്റ് ആരു ചെയ്താലും അവൻ തെറ്റാണ് ചെയ്തത് എന്ന് ഉറക്കെ പറയുവാനുള്ള ആർജവം നമുക്ക് ഉണ്ടാകേണ്ടതുണ്ട്.**

കരിപ്പൂരിൽ വിമാനാപകടമുണ്ടായപ്പോൾ, താനൂരിൽ ബോട്ടപകടമുണ്ടായപ്പോൾ രക്ഷാപ്രവർത്തനത്തിന് പാഞ്ഞെത്തിയതും കോവിഡിന്റെ കാലഘട്ടത്തിൽ പ്രയാസം അനുഭവിച്ചവർക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതും മറ്റു സഹായങ്ങൾ ചെയ്തതും മതമോ പാർട്ടിയോ നോക്കിയിട്ടല്ലായിരുന്നു. അതാണ് നമ്മുടെ കേരളം. അതാണ് മലയാളികൾ. ഈ സൗഹൃദത്തെ ഇല്ലാതാക്കാൻ, സൗഹൃദത്തിന്റെ നാടിനെ വെറുപ്പുകൊണ്ട് വെട്ടിമുറിക്കാൻ നാം സമ്മതിക്കരുത്.

സോഷ്യൽ മീഡിയയിൽ കാണുന്നതല്ല നമ്മുടെ കേരളം. വ്യാജ ഐഡികളെ നമ്മൾ കരുതിയിരിക്കണം. ഇരു തലയും കത്തിച്ച് വീശുകയാണ് പല വ്യാജ ഐഡികളും ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു ദുഷ്ട ചിന്താഗതിക്കാരൻ മുസ്‌ലിം പേരുകളിലും ഹിന്ദു പേരുകളിലും ക്രിസ്ത്യൻ പേരുകളിലും കുറെ വ്യാജ ഐഡികൾ ഉണ്ടാക്കുക. എന്നിട്ട് ഹിന്ദു പേരിൽ വന്നിട്ട് മുസ്‌ലിംകളെ പ്രകോപിപ്പിക്കുന്ന രീതിയിൽ സംസാരിക്കുക. അതിന് രൂക്ഷമായ മറുപടിയുമായി മുസ്‌ലിം പേരിലുള്ള ഐഡിയിൽനിന്ന് അയാൾതന്നെ സംസാരിക്കുക. രണ്ടിനെയും വിമർശിച്ച് ക്രിസ്ത്യൻ പേരുള്ള ഐഡിയിൽ രംഗത്തു വരിക. അങ്ങനെ ഭിന്നതയും വെറുപ്പും വളർത്തുക. ഈ കള്ളക്കളികൾ കണ്ടുപിടിക്കാനും വെറുപ്പിന്റെ വ്യാപാരികൾക്ക് കൂച്ചുവിലങ്ങിടാനും ഉത്തരവാദപ്പെട്ടവർ വിചാരിച്ചാൽ കഴിയില്ലേ?

സാമൂഹ്യ മാധ്യമങ്ങളിൽ കാണുന്ന കമൻറുകൾ കണ്ണടച്ചുകൊണ്ട് നമ്മൾ ഒരിക്കലും വിശ്വ

സിക്കരുത്. അതിന്റെ സത്യാവസ്ഥ അന്വേഷിച്ചറിയണം. അതിന്റെ മറുവശത്തെക്കുറിച്ച് ആലോചിക്കണം. ചരിത്രത്തിൽ നടന്ന കലാപങ്ങളിൽനിന്ന് നമ്മൾ പാഠം പഠിക്കണം. തെറ്റ് സ്വന്തക്കാർ ചെയ്താലും ഒരിക്കലും അതിന് കൂട്ടുനിന്നുകൂടാ. അതിനു കൂട്ടുനിൽക്കുന്നതിന്റെ പേരാണ് യഥാർഥത്തിൽ വർഗീയത. എന്റെ കുടുംബത്തിൽ പെട്ടയാളാണ്, എന്റെ പാർട്ടിയിൽ പെട്ടയാളാണ്, എന്റെ മതത്തിൽ പെട്ടയാളാണ് തെറ്റ് ചെയ്തത് എങ്കിൽ അവനെ ഞാൻ സംരക്ഷിക്കുന്നത് വർഗീയതയാണ്. ഇത് ഒരിക്കലും ഉണ്ടാകരുത്. തെറ്റ് ആരു ചെയ്താലും അവൻ തെറ്റാണ് ചെയ്തത് എന്ന് ഉറക്കെ പറയുവാനുള്ള ആർജവം നമുക്ക് ഉണ്ടാകേണ്ടതുണ്ട്.

പരസ്പരം അറിയാനും അറിയിക്കാനും സംശയങ്ങൾ മാറ്റിയെടുക്കാനും ആരോഗ്യകരമായ സംവാദങ്ങൾ നല്ലതാണ്. വസ്തുത പുറത്തുവന്നാൽ വെറുപ്പ് പുറകോട്ട് പോകുമെന്നതിന് ഒരുപാട് തെളിവുകൾ നമ്മുടെ മുമ്പിലുണ്ട്. കേരളാ സ്റ്റോറിയിൽ ആദ്യം പറഞ്ഞത് 32,000 മുസ്‌ലിംകൾ ഐ.എസിലേക്ക് പോയി എന്നാണ്. നാലുഭാഗത്തുനിന്നും ചോദ്യം വന്നു, സ്ഥിതിവിവരക്കണക്കുകൾ വന്നു. ഫാക്ട് ചെക്ക് ചെയ്യപ്പെട്ടു. അതോടെ 32,000 എന്ന സംഖ്യ മൂന്നിലേക്ക് ചുരുങ്ങുന്ന അത്ഭുതം സംഭവിച്ചു!

**മുസ്‌ലിം സമുദായത്തോട്**

വടികൊടുത്ത് അടിവാങ്ങുന്ന സ്വഭാവം ഉണ്ടാകരുത്. വ്യക്തി വിശുദ്ധിയും വിവേകവും സഹനവും ഒരു കാരണവശാലും നമ്മൾ കൈവിടരുത്. ഇന്ത്യയുടെ നിലവിലെ സാഹചര്യം എടുത്ത് പരിശോധിച്ചു നോക്കൂ; ഏതു പ്രശ്നവും മുസ്‌ലിംകളുടെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമം കാണാം. എന്നാൽ രാജ്യത്തു നടക്കുന്ന ഒട്ടേറെ പ്രശ്നങ്ങളിൽ ആർക്കാണ് പങ്കുള്ളത്?

മണിപ്പൂർ കലാപം മുസ്‌ലിം പ്രശ്നമാണ് എന്നു പറഞ്ഞ് രക്ഷപ്പെടാൻ കഴിയില്ല. ഗുസ്തി താരങ്ങളുടെ സമരവും കർഷക സമരവും ചൂണ്ടിക്കാട്ടി മുസ്‌ലിംകളെ പഴിപറയാൻ സാധ്യമല്ല. രാഹുൽ ഗാന്ധിയെ എംപി സ്ഥാനത്തുനിന്നും നീക്കി, ആം ആദ്മിയുടെ ചില മന്ത്രിമാരെ ജയിലിലടച്ചു, ഇന്ധന വില കൂടിക്കൊണ്ടേയിരിക്കുന്നു...പാചകവാതക വില കുതിച്ചുയരുന്നു. ഇതൊക്കെ ജനങ്ങൾക്കിടയിൽ അസ്വാരസ്യമുണ്ടാക്കുന്നു. ഇതൊന്നും മുസ്‌ലിംകളുടെ തലയിൽ കെട്ടിവയ്ക്കാൻ പറ്റിയ പ്രശ്നങ്ങളല്ല.

2024ലെ തെരഞ്ഞെടുപ്പിൽ വിജയമുറപ്പിക്കണം. ഏകസിവിൽകോഡ് കൊണ്ടുവരാനുള്ള തകൃതിയായ നീക്കം അതിന്റെ ഭാഗമാണ്. അതിൽ മുസ്‌ലിംകൾ പ്രതിഷേധിച്ച് രംഗത്തിറങ്ങും. അപ്പോൾ ഇവർക്ക് രാജ്യസ്നേഹമില്ലെന്നും സമത്വത്തിനെതിരാണെന്നും പറഞ്ഞ് തീവ്ര ഹിന്ദുത്വത്തിന്റെയാളുകൾ രംഗത്തിറങ്ങും; അത് വോട്ടാക്കി മാറ്റും.

ഏക സിവിൽകോഡ് നടപ്പാക്കാനാണ് ഉദ്ദേശ്യമെങ്കിൽ ആദ്യം ചെയ്യേണ്ടത് ഉദ്ദേശിക്കുന്ന കോഡ് ഇന്നതാണ് എന്ന് പറയലാണ്. അത് ചർച്ചക്ക് വയ്ക്കലാണ്. അത് ചർച്ചക്ക് വച്ചാൽ ആദ്യം പ്രശ്നവും അസ്വസ്ഥതയുമുണ്ടാവുക ഇവിടുത്തെ ഹൈന്ദവർക്കിടയിലാണ്. കാരണം, അവർ ഒട്ടേറെ ജാതികളും ഉപജാതികളുമാണ്. അവരുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും ഒരുപാട് വ്യത്യാസങ്ങളുണ്ട്. വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങി പല കാര്യങ്ങളിലും ഈ വൈജാത്യം കാണാം. അതെല്ലാം ഒന്നാക്കി മാറ്റുന്നതിൽ അവർ പ്രതിഷേധിക്കും. ക്രിസ്ത്യാനികൾ പ്രതികരിക്കും, കൂട്ടത്തിൽ മുസ്‌ലിംകളും. അതിനെയും ഒരു മുസ്‌ലിം പ്രശ്നമായി മാത്രം കൊണ്ടുവരാൻ കഴിയില്ല എന്നർഥം.

ഈ തിരിച്ചറിവ് മുസ്‌ലിം സമുദായത്തിന് ഉണ്ടായിരിക്കണം. മറ്റുള്ളവരുടെ വെറുപ്പ് ഇല്ലാതാക്കാൻ ഇസ്‌ലാമിക അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും ചിഹ്നങ്ങളിലും പെട്ട പലതും ഒഴിവാക്കുക എന്ന നിലപാട് ചിലയാളുകൾ സ്വീകരിച്ചുവരുന്നുണ്ട്. താടി പ്രശ്നമാണെങ്കിൽ താടി വടിച്ച് കളയാം, വേഷമാണ് പ്രശ്നമെങ്കിൽ അതിൽ മാറ്റം വരുത്താം. കൃത്യമായി നമസ്കരിക്കുന്നതാണ് പ്രശ്നമെങ്കിൽ നമസ്കാരം ഒഴിവാക്കാം എന്നതാണ് അവരുടെ നിലപാട്.

ഇതൊന്നും യഥാർഥത്തിൽ വെറുപ്പിനെ ഇല്ലാതാക്കുന്ന കാര്യമല്ല. നല്ല മുസ്‌ലിം, ചീത്ത മുസ്‌ലിം എന്ന വേർതിരിവുണ്ടാക്കി ഇസ്‌ലാമിക കാര്യങ്ങൾ പിൻപറ്റുന്നവർ മോശം മുസ്‌ലിംകളാണെന്ന് വരുത്തിത്തീർത്ത് അങ്ങനെയൊരു പൊതുബോധ നിർമിതിക്കായുള്ള ശ്രമമാണിവിടെ നടക്കുന്നത്. അത് ചില മുസ്‌ലിംകളെയും

**ഏക സിവിൽകോഡ് നടപ്പാക്കാനാണ് ഉദ്ദേശ്യമെങ്കിൽ ആദ്യം ചെയ്യേണ്ടത് ഉദ്ദേശിക്കുന്ന കോഡ് ഇന്നതാണ് എന്ന് പറയലാണ്. അത് ചർച്ചക്ക് വയ്ക്കലാണ്. അത് ചർച്ചക്ക് വച്ചാൽ ആദ്യം പ്രശ്നവും അസ്വസ്ഥതയുമുണ്ടാവുക ഇവിടുത്തെ ഹൈന്ദവർക്കിടയിലാണ്. കാരണം, അവർ ഒട്ടേറെ ജാതികളും ഉപജാതികളുമാണ്. അവരുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും ഒരുപാട് വ്യത്യാസങ്ങളുണ്ട്. വിവാഹം, വിവാഹ മോചനം, അനന്തരാവകാശം തുടങ്ങി പല കാര്യങ്ങളിലും ഈ വൈജാത്യം കാണാം. അതെല്ലാം ഒന്നാക്കി മാറ്റുന്നതിൽ അവർ പ്രതിഷേധിക്കും. ക്രിസ്ത്യാനികൾ പ്രതികരിക്കും, കൂട്ടത്തിൽ മുസ് ലിംകളും. അതിനെയും ഒരു മുസ്‌ലിം പ്രശ്നമായി മാത്രം കൊണ്ടുവരാൻ കഴിയില്ല എന്നർഥം.**

ഇന്ന് ബാധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ലിബറലിസത്തിലേക്കാണ് അവർ നടന്നടുക്കുന്നത്.

കുറ്റകൃത്യങ്ങൾ കൂടുതൽ മുസ്‌ലിംകൾക്കിടയിലാണ് കാണപ്പെടുന്നത് എന്ന നുണപ്രചാരണവും ചിലർ നടത്തുന്നുണ്ട്, അത് ശരിയല്ല. കുറ്റകൃത്യങ്ങൾ എല്ലാ സമുദായത്തിലും ഉണ്ട്. കുറ്റകൃത്യങ്ങൾക്ക് മതമില്ല. കേരളത്തിന്റെ മുഖ്യമന്ത്രി കണക്കുനിരത്തി പറഞ്ഞത് എല്ലാ സമുദായത്തിലും അതിന്റെ ശതമാനം അനുസരിച്ച് കുറ്റകൃത്യമുണ്ട് എന്നാണ്.

**എന്താണ് പരിഹാരം?**

വെറുപ്പുൽപാദിപ്പിക്കുന്നത് ഭരണസൗകര്യം ഉപയോഗിച്ചുകൊണ്ടാണ്. അതുകൊണ്ട് ഭരണമാറ്റം തന്നെയാണ് ഇതിന്റെ ശരിയായ പരിഹാരം. അതിനായി മതനിരപേക്ഷ കക്ഷികൾ ഒന്നിക്കണം. അടുത്ത തെരഞ്ഞെടുപ്പിൽ മുസ്‌ലിം വിരുദ്ധതകൊണ്ട് ഭരണപരാജയം മറച്ചുപിടിക്കാൻ ഒരിക്കലും അനുവദിക്കരുത്. മുസ്‌ലിം വിരുദ്ധത ഉയർത്തിപ്പിടിച്ചുകൊണ്ട് ആളിക്കത്തുന്ന മണിപ്പൂരിലെ ആർത്തനാദങ്ങൾ അവഗണിക്കാൻ സമ്മതിക്കരുത്. വിവാദത്തിൽ ആടിയുലയുന്ന ബ്രിജ്ഭൂഷന്മാരെ ഒളിപ്പിക്കാൻ അനുവദിക്കരുത്. നോട്ട് നിരോധനത്തിലൂടെ രാജ്യത്തുണ്ടായ സാമ്പത്തിക തകർച്ച മറച്ചുപിടിക്കാൻ അനുവദിക്കരുത്. അച്ചടിച്ച 500 രൂപയുടെ നോട്ടുകെട്ടുകൾ മുഴുവൻ റിസർവ് ബാങ്കിൽ തിരിച്ചെത്താത്ത കാര്യം ചർച്ചചെയ്യപ്പെടാതെ പോകരുത്. പെട്രോളിന്റെയും ഗ്യാസിനെയും കുതിച്ചുയരുന്ന വില വിപണിയിൽ ഉണ്ടാക്കിയ പ്രത്യാഘാതം ചർച്ചയാകാതിരിക്കരുത്. മാധ്യമസ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യ അവകാശങ്ങളുടെയും സൂചികയിൽ ഇന്ത്യ ബഹുദൂരം പുറകോട്ട് പോയത് വെളിച്ചത്തു വരണം. പുൽവാമയിൽ സൈനികരെ കൊലയ്ക്ക് കൊടുത്തത് ആരാണെന്നത് വിസ്മരിക്കപ്പെടരുത്.

വെറുപ്പും വിദ്വേഷവും പ്രചരിപ്പിച്ച് സമൂഹത്തെ വിഭജിക്കാൻ നല്ലമനസ്സുള്ള ഹൈന്ദവരും ക്രൈസ്തവരും മുസ്‌ലികളും ഒരിക്കലും സമ്മതിക്കില്ല എന്നതിൽ സംശയമില്ല. പ്രതീക്ഷയുടെ കിരണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട് എന്നതാണ് നാം മനസ്സിലാക്കേണ്ടത്. കർണാടകയിലെ ഇവരുടെ പരാജയം അതാണ് കാണിക്കുന്നത്. കോടതികളിൽനിന്ന് വരുന്ന ചില ശുഭപ്രതീക്ഷയുടെ വിധികൾ അതാണ് സൂചിപ്പിക്കുന്നത്.



**വെറുപ്പും വിദ്വേഷവും പ്രചരിപ്പിച്ച് സമൂഹത്തെ വിഭജിക്കാൻ നല്ലമനസ്സുള്ള ഹൈന്ദവരും ക്രൈസ്തവരും മുസ്‌ലികളും ഒരിക്കലും സമ്മതിക്കില്ല എന്നതിൽ സംശയമില്ല. പ്രതീക്ഷയുടെ കിരണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട് എന്നതാണ് നാം മനസ്സിലാക്കേണ്ടത്. കർണാടകയിലെ ഇവരുടെ പരാജയം അതാണ് കാണിക്കുന്നത്. കോടതികളിൽനിന്ന് വരുന്ന ചില ശുഭപ്രതീക്ഷയുടെ വിധികൾ അതാണ് സൂചിപ്പിക്കുന്നത്. സത്യത്തെ ഒരിക്കലും ഒരാൾക്കും കാലാകാലം മറച്ചുവയ്ക്കാനോ ഇല്ലായ്മ ചെയ്യാനോ ആകില്ല. ഒരുപക്ഷേ, അതിനെ കുറച്ചുകാലം മൂടിവയ്ക്കാൻ സാധിച്ചു എന്നു വന്നേക്കാം. എന്നാൽ അത് ഒരുനാൾ സൂര്യപ്രകാശത്തിന്റെ ശോഭയോടെ പുറത്തു വരികതന്നെ ചെയ്യും.**

പുതിയ പാർലമെന്റ് മന്ദിരം ഒരു പ്രത്യേക മതവിഭാഗത്തിന്റെ ആചാരങ്ങളോടെ ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞേക്കാം. പക്ഷേ, അവിടെ ഇരുന്നുകൊണ്ട് ഭരിക്കാൻ കഴിയണമെങ്കിൽ ഈ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ കൈയൊപ്പ് അനിവാര്യമാണ്.

വിശ്വാസികൾ മനസ്സിരുത്തി ചിന്തിക്കേണ്ട ഒരു ക്വുർആൻ സൂക്തം കാണുക: ''നിങ്ങൾക്ക് വല്ല നേട്ടവും ലഭിക്കുന്ന പക്ഷം അതവർക്ക് മനഃപ്രയാസമുണ്ടാക്കും. നിങ്ങൾക്ക് വല്ല ദോഷവും നേരിട്ടാൽ അവരതിൽ സന്തോഷിക്കുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം അവരുടെ കുതന്ത്രം നിങ്ങൾക്കൊരു ഉപദ്രവവും വരുത്തുകയില്ല. തീർച്ചയായും അല്ലാഹു അവരുടെ പ്രവർത്തനങ്ങളുടെ എല്ലാവശവും അറിയുന്നവനാകുന്നു'' (3:120).

നാം ഒരിക്കലും പ്രതീക്ഷ കൈവിടരുത്. പുലരാത്ത ഒരു രാത്രിയും കഴിഞ്ഞുപോയിട്ടില്ല. തോരാത്ത ഒരു മഴയും പെയ്തിറങ്ങിയിട്ടില്ല. അണയാത്ത ഒരു അഗ്നിയും ജ്വലിച്ചിട്ടില്ല. തകർന്നടിയാത്ത നുണകളുടെ കോട്ടകൾ ഉയർന്നിട്ടില്ല. വെറുപ്പിനെ കഥ ഇവിടെ കഴിയുകയാണ്. സത്യത്തെ ഒരിക്കലും ഒരാൾക്കും കാലാകാലം മറച്ചുവയ്ക്കാനോ ഇല്ലായ്മ ചെയ്യാനോ ആകില്ല. ഒരുപക്ഷേ, അതിനെ കുറച്ചുകാലം മൂടിവയ്ക്കാൻ സാധിച്ചു എന്നു വന്നേക്കാം. എന്നാൽ അത് ഒരുനാൾ സൂര്യപ്രകാശത്തിന്റെ ശോഭയോടെ പുറത്തുവരികതന്നെ ചെയ്യും.

കൗമാരക്കാരിൽ ഇത്രയധികം ആഭാസകരമായ ചിന്ത സ്വീകാര്യമാവുന്നത് എങ്ങനെയാണ് എന്ന് ആഴത്തിൽ ചിന്തിക്കുമ്പോൾ ലഭിക്കുന്ന ഉത്തരം കൃത്യമായ ധാർമികാടിത്തറ ലഭിക്കാത്തതും ലഭിച്ചാൽതന്നെ അതിനെ ഉൾക്കൊള്ളേണ്ട രൂപത്തിൽ ഉൾക്കൊള്ളുന്നില്ല എന്നതും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നില്ല എന്നതുമാണ്.



# ‘തൊപ്പി’യെ തലയിൽ വെക്കുന്നവരോട്

**അൻവർ കണ്ണീരി, അമ്മിനിക്കാട്**

ആഭാസത്തരത്തിന്റെ പാരമ്യതയാണ് ‘തൊപ്പി’ വിഭാവനം ചെയ്യുന്ന ന്യൂജെൻ ‘മാതൃക.’ തൊപ്പിയെന്ന് അപരനാമമുള്ള ഒരു യുവാവിന്റെ സ്വഭാവ വൈകൃതങ്ങൾ ആസ്വദിക്കാൻ കൗമാരം പാകപ്പെട്ടു എന്നത് ഭയക്കേണ്ട വസ്തുതയാണ്. ആ വ്യക്തി എങ്ങനെയെന്നതിനപ്പുറത്തേക്ക് അയാളുടെ കോപ്രായങ്ങൾ ആസ്വദിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നവർ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു ആഭാസ സംസ്കാരമുണ്ട്. അതിനെ നിയന്ത്രിക്കാൻ കടിഞ്ഞാണിടേണ്ടത് ആരാണ്, എങ്ങനെയാണ്?

വ്യാപാരത്തിൽ ഐശ്വര്യം പ്രതീക്ഷിച്ചും വിപണനതന്ത്രം എന്ന നിലയിലും ഉദ്ഘാടനത്തിന് പ്രശസ്തരെ തെരഞ്ഞെടുക്കുക എന്നത് ഇന്നത്തെ ഒരു രീതിയാണ്. ആത്മീയ നേതാക്കളോ സെലിബ്രിറ്റികളോ ഒക്കെയാണ് ഈ മേഖലയിൽ നിറഞ്ഞുനിൽക്കുന്നത്. വിപണന തന്ത്രമായി ആഭാസം കാണിക്കുന്നവരെ പോലും എഴുന്നള്ളിക്കുന്നിടത്തേക്ക് കാര്യങ്ങൾ എത്തിനിൽക്കുകയാണിപ്പോൾ. സമൂഹവും പതുക്കെ പതുക്കെ ഇത്തരം ആഭാസങ്ങളെ സ്വാഭാവികമായി കണ്ടുകൊണ്ടിരിക്കുന്നു എന്നതാണ് ഏറെ അപകടകരം.

പത്തിനും ഇരുപതിനും ഇടയിൽ പ്രായമുള്ള കൗമാരക്കാർ സോഷ്യൽ മീഡിയയിൽ-വിശിഷ്യാ ഇൻസ്റ്റാഗ്രാമിൽ-അഭിരമിക്കുകയാണ്. ഫോട്ടോകളും മുപ്പത് സെക്കന്റ് മാത്രം ദൈർഘ്യമുള്ള വിഡിയോ ശകലങ്ങളും അവരുടെ ലഹരിയാണ്. രക്ഷിതാക്കൾ ഇത് കണ്ടില്ലെന്ന് നടിക്കുന്നതും നിസ്സാരമാക്കി തള്ളുന്നതും വലിയ വിപത്താണ് വരുത്തിവയ്ക്കുക എന്ന കാര്യം തിരിച്ചറിയാൻ ഇനിയും വൈകിക്കൂടാ.

കൗമാരക്കാരുടെ ചാപല്യങ്ങൾ മുഴുവൻ ചൂഷണം ചെയ്യാൻ ഇൻസ്റ്റാഗ്രാമിനെപോലെ മികച്ചൊരു പ്ലാറ്റ് ഫോം വേറെയില്ല. കൗമാരക്കാർക്കിടയിൽ ഫേസ്ബുക് ഉപയോഗിക്കുന്നവർ തുലോം കുറവാണ്. എന്നാൽ ഇൻസ്റ്റാഗ്രാം ഉപയോഗിക്കാത്തവരുടെ എണ്ണമാണ് കുറവ്.

റീൽസിന്റെയും ലൈവുകളുടെയും ഗെയിമിന്റെയും ലോകത്ത് സ്വയം മറന്ന് കഴിയുന്ന കൗമാരക്കാരെ കൂടുതൽ കൂടുതൽ അവയുടെ അടിമകളാക്കാൻ ശ്രമിക്കുന്നവരെ തിരിച്ചറിയുകയും ഒറ്റപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇത്തരക്കാരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ വിമർശിക്കുമ്പോൾ അതും അവരുടെ വളർച്ചക്കായി ഉപയോഗിക്കപ്പെടുന്ന അവസ്ഥയാണുള്ളത്.

കൗമാരക്കാരിൽ ഇത്രയധികം ആഭാസകരമായ ചിന്ത സ്വീകാര്യമാവുന്നത് എങ്ങനെയാണ് എന്ന് ആഴത്തിൽ ചിന്തിക്കുമ്പോൾ ലഭിക്കുന്ന ഉത്തരം കൃത്യമായ ധാർമികാടിത്തറ ലഭിക്കാത്തതും ലഭിച്ചാൽതന്നെ അതിനെ ഉൾക്കൊള്ളേണ്ട രൂപത്തിൽ ഉൾക്കൊള്ളുന്നില്ല എന്നതും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നില്ല എന്നതുമാണ്.

മുസ്‌ലിം ഭൂരിപക്ഷ മേഖലയിൽ പോലും ഇത്തരം ആഭാസങ്ങൾക്ക് വൻ സ്വീകാര്യത ലഭിക്കുന്നു എന്നത് മക്കളെ ശ്രദ്ധിക്കുന്ന കാര്യത്തിൽ രക്ഷിതാക്കൾ വേണ്ട

ത്ര ശ്രദ്ധ കാണിക്കുന്നില്ല എന്നതിന്റെ കൂടി അടയാളമാണ്. മദ്റസ വിദ്യാഭാസം കേവലം ചടങ്ങായി മാറിക്കൊണ്ടിരിക്കുകയാണെന്നത് ഇതിനോടൊപ്പം ചേർത്തുവായിക്കേണ്ടതുണ്ട്.

ആഭാസം പറയുന്നത് അസ്വദിക്കാനും പറയുന്നവനെ ഹീറോ ആയി കാണാനും ചാനലുകാരുടെ 'എന്തുകൊണ്ട് തൊപ്പിയെ ഇഷ്ടപ്പെടുന്നു' എന്ന ചോദ്യത്തിന് 'തെറി പറയുന്നതുകൊണ്ട്' എന്നു മറുപടി പറയാനും മടി കാണിക്കാത്ത ഒരു തലമുറ വളർന്ന് വരുന്നു എന്നത് ചെറിയ അപകട സൂചനയല്ല നൽകുന്നത്.

മദ്റസാ അധ്യാപകർ കുട്ടികളിലെ സ്വഭാവ വൈകൃതങ്ങൾ കണ്ടുപിടിച്ചു ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്താൽ രക്ഷിതാക്കൾ അധ്യാപകർക്കെതിരിൽ തിരിയുന്നതും പോക്സോ കേസിൽവരെ അധ്യാപകരെ ഉൾപ്പെടുത്തി അപമാനിക്കുന്നതുമായ സംഭവങ്ങൾ ഉണ്ടാകുന്നുണ്ട് എന്നത് ധാർമികമായ കടമകൾ നിറവേറ്റുന്നതിൽനിന്ന് അധ്യാപകരെ തടയുന്ന കാര്യമാണ്. മാധ്യമങ്ങൾ ഇത്തരം വാർത്തകൾക്കായി കാതോർത്തു നിൽക്കുകയാണ്. വാർത്തയുടെ സത്യാവസ്ഥ അന്വേഷിച്ചറിയാനുള്ള വിവേകവും സാമാന്യ മര്യാദയൊന്നും മാധ്യമങ്ങൾ കാണിക്കാറില്ല. പ്രതിസ്ഥാനത്ത് മുസ്‌ലിം നാമധാരിയാണെങ്കിൽ പിന്നെ ആഘോഷമാണ്.

ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ജെന്റർ ന്യൂട്രാലിറ്റിയും മതനിരാസവും ലിബറലിസവും ആഭാസങ്ങളിലൂടെ പൊതുസമൂഹത്തെ അഭിമുഖീകരിക്കാൻ തൊപ്പിമാർക്ക് കൂടുതൽ ധൈര്യവും ആത്മവിശ്വാസവും പകരുന്നു. സർക്കാർ പോലും ജെന്റർ ന്യൂട്രാലിറ്റിയുടെയും ലിബറലിസത്തിന്റെയും പ്രയോക്താക്കളായി മാറുകയാണ്. ചുംബനസമരം എന്ന പേരിൽ ആഭാസ സമരം ഈ നാട്ടിൽ അരങ്ങേറിയപ്പോൾ ലിബറലിസത്തിന്റെ പേരിൽ അതിന് പിന്തുണ നൽകുവാൻ ചില രാഷ്ട്രീയ സംഘടനകൾ രംഗത്തു വന്നത് ഓർക്കുക.

ലഹരി എന്ന മഹാദുരന്തം കള്ളിലും മയക്കുമരുന്നിലും കഞ്ചാവിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല എന്ന് തിരിച്ചറിയുക. മൊബൈൽ ഫോണും ഒരു വലിയ ലഹരിയാണിന്ന്, വിശിഷ്യാ കൗമാരക്കാർക്ക്. യുക്തിപരമായി ഇതിൽ ഇടപെട്ടുകൊണ്ട് നിയന്ത്രണമേർപ്പെടുത്താൻ രക്ഷിതാക്കൾക്ക് സാധിക്കേണ്ടതുണ്ട്. ഇന്ന് കാണപ്പെടുന്നതിനെക്കാൾ അറപ്പും വെറുപ്പുമുളവാക്കുന്ന പ്രവർത്തനങ്ങൾ പരസ്യമായി ചെയ്യുന്ന അവസ്ഥ കടന്നുവരാൻ കാലമേറെ കാത്തു നിൽക്കേണ്ടിവരില്ല. സ്വന്തം മക്കളെക്കുറിച്ച്; അവർ വഴിതെറ്റിപ്പോകില്ല എന്ന അമിതമായ ആത്മവിശ്വാസം ആരും വച്ചുപുലർത്തേണ്ടതില്ല. സ്നേഹവും പരിഗണനയും ധാർമിക ബോധവും പരലോക ചിന്തയും പകർന്നു നൽകി അവരെ ചേർത്തുപിടിക്കുക. കൗമാരക്കാരെ വഴികേടിൽനിന്ന് തടയാൻ അതിനെക്കാൾ ഉത്തമമായ കാര്യം വേറെയില്ല. ■



നിയമപഥം



നമ്മുടെ രാജ്യത്തെ കോടതികൾ 28

# മൂന്നിനം കേസുകൾ

അബൂആദം അയ്മൻ

സെഷൻസ് കോടതികൾ വിചാരണചെയ്യുന്നവ കൂടാതെയുള്ള കേസുകളെ വിചാരണയുടെ അടിസ്ഥാനത്തിൽ മൂന്നായി തരംതിരിച്ചിരിക്കുന്നു. വാറന്റ് കേസുകൾ (warrant cases), സമൻസ് കേസുകൾ (summons cases), സമ്മറിക്കേസുകൾ (summary cases) എന്നിവയാണ് അവ.

വാറന്റ്കേസുകൾ രണ്ടുവർഷത്തിനുമേൽ ജീവപര്യന്തംവരെയുള്ള തടവുശിക്ഷയോ വധശിക്ഷയോ വിധിക്കാവുന്ന കേസുകളാണ്. ഈ കേസുകളിൽ സെഷൻസ് കോടതിയിലേക്ക് കമ്മിറ്റ് ചെയ്യപ്പെടുന്ന കേസുകൾ ഒഴികെയുള്ളവയുടെ വിചാരണ നടത്തുന്നത് ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളിലോ ചിഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിലോ ആയിരിക്കും. വാറന്റ് കേസുകളിൽ പൊലീസ് റിപ്പോർട്ടിന്മേൽ പരിഗണനക്കെടുക്കുന്ന കേസുകളും സ്വകാര്യപരാതികളിന്മേൽ പരിഗണന ക്കെടുക്കുന്ന കേസുകളും ഉൾപ്പെടും. ആദ്യത്തെ ഇനം കേസുകളിൽ പ്രതിക്ക് കുറ്റപത്രം നൽകുന്നതിനു മുമ്പായി തെളിവെടുപ്പു നടത്തുന്നില്ല. പൊലീസ് റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചശേഷം, ഇരുപക്ഷത്തെയും വാദങ്ങൾ കോടതി കേൾക്കുന്നു. പൊലീസിന്റെ കുറ്റാരോപണം അടിസ്ഥാനരഹിതമെന്നു കണ്ടാൽ, കോടതി പ്രതിയെ വെറുതെ വിടുന്നു. മറിച്ചാണെങ്കിൽ പ്രതിക്ക് കുറ്റപത്രം നൽകി കേസ് വിചാരണചെയ്ത് സാക്ഷിവിസ്താരവും തെളിവെടുപ്പും നടത്തി കോടതി വിധി പ്രഖ്യാ

പിക്കുന്നതാണ്. സ്വകാര്യ പരാതികളിന്മേലെടുക്കുന്ന കേസുകളിൽ മജിസ്ട്രേറ്റിനു മുമ്പാകെ പ്രതി ഹാജരാകുകയോ ഹാജരാക്കപ്പെടുകയോ ചെയ്യുമ്പോൾ, പ്രോസിക്യൂഷൻ സാക്ഷികളെ വിസ്തരിച്ച് തെളിവെടുക്കുന്നു. കുറ്റാരോപണം അടിസ്ഥാനരഹിതമെന്നു കണ്ടാൽ പ്രതിയെ വെറുതെ വിടുന്നതാണ്. എന്നാൽ പ്രതിക്കെതിരെ പ്രഥമദൃഷ്ട്യാ കേസ് ഉണ്ടെന്നുകണ്ടാൽ, കോടതി പ്രതിക്ക് കുറ്റപത്രം നൽകുന്നു. പ്രതിയെ കോടതിയിൽ കുറ്റപത്രം വായിച്ചുകേൾപിക്കുന്നതുമാണ്. പ്രതി കുറ്റം സമ്മതിച്ചാൽ അപ്പോൾത്തന്നെ ശിക്ഷിക്കാം. കുറ്റം നിഷേധിക്കുന്നതായാൽ സാക്ഷിവിസ്താരവും തെളിവെടുപ്പും പൂർത്തിയാക്കി കേസ് വിധിക്കുന്നതാണ്.

സമൻസ് കേസുകൾ വാറന്റ് കേസുകളല്ലാത്ത കേസുകളാണ്. രണ്ടു വർഷംവരെയുള്ള തടവുശിക്ഷ വിധിക്കാവുന്ന ഇത്തരം കേസുകളിൽ പ്രതിക്ക് കുറ്റപത്രം നൽകേണ്ടതില്ല. കുറ്റവിവരങ്ങൾ പ്രതിയെ വായിച്ചു കേൾപിച്ചാൽ മതിയാകും. പ്രതി കുറ്റം സമ്മതിച്ചാൽ ഉടൻതന്നെ ശിക്ഷിക്കാം. കുറ്റം നിഷേധിച്ചാൽ ഇരുവിഭാഗം സാക്ഷികളുടെയും വിസ്താരം പൂർത്തിയാക്കി വിധി പറയും. കോടതിയുടെ അനുമതിയോടെ കേസ് വിധി വരുംമുമ്പ് ഏതു ഘട്ടത്തിലും പരാതി പിൻവലിക്കാം. പരാതിക്കാരൻ മരണമടയുകയോ കോടതിയിൽ ഹാജരാകാതെ വരികയോ ചെയ്താലും പ്രതിയെ വെറുതെ വിടാവുന്നതാണ്.

സമ്മറിക്കേസുകൾ സങ്കേതികപരവും വിശദവുമായ വിചാരണകൂടാതെ, ലഘുവായ നടപടികൾ സ്വീകരിച്ച് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയോ, ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയോ വിചാരണ നടത്തി വേഗത്തിൽ തീർപ്പു കൽപിക്കുന്ന കേസുകളാണ്. രണ്ടുവർഷത്തിൽ കവിയാത്ത തടവുശിക്ഷ വിധിക്കാവുന്ന കേസുകൾ ഈ ഗണത്തിൽ പെടും. മൂന്നുമാസത്തിൽ കവിയാത്ത ശിക്ഷ നൽകാവുന്നത് ഒഴികെയുള്ള സമ്മറി കേസുകൾക്കെല്ലാം സമൻസ് കേസുകളിലെ നടപടിക്രമങ്ങൾതന്നെയാണ് അനുവർത്തിക്കേണ്ടത്. മജിസ്ട്രേറ്റ് തന്റെ വിധിയിൽ തെളിവുകളുടെ സംഗ്രഹവും വിധിയിലേക്കു നയിച്ച കാരണങ്ങളും ചേർത്തിരിക്കും. പെറ്റിക്കേസുകൾക്കും (ആയിരം രൂപയിൽ താഴെവരുന്ന തുക പിഴശിക്ഷ വിധിക്കാവുന്ന കേസുകൾ) സമ്മറി വിചാരണയായിരിക്കും നടത്തുക.

ഒരു കേസിന്റെ അന്വേഷണത്തിനോ വിചാരണയ്ക്കോ സഹായകമാകുന്നതിന്, കോടതിക്ക് ആ കേസിന്റെ പൊലീസ് ഡയറിയും കേസ് ഡയറിയും വരുത്തി പരിശോധിക്കാവുന്നതാണ്. ക്രിമിനൽ കേസ് അന്വേഷണം നടത്തുന്ന പൊലീസ് ഓഫീസർ അന്വേഷണവേളയിൽ സംഭവത്തെപ്പറ്റി സാക്ഷികൾ നൽകുന്ന മൊഴികളും തെളിവുകളും മറ്റും എഴുതി സൂക്ഷിക്കുന്ന ഡയറിയാണ് കേസ് ഡയറി,

ക്രിമിനൽ കേസുകളിലെ ശിക്ഷാവിധികൾ പലവിധമുണ്ട്. ഒരു ശിക്ഷയുടെ കാലാവധി തീരുന്നതിനു മുമ്പേ ആ പ്രതിക്കെതിരെ തന്നെ വേറൊരു കേസിൽ കോടതി പുറപ്പെടുവിക്കുന്ന ശിക്ഷാവിധി (accumulative sentence) ആണ് ഇവയിലൊന്ന്. ഇവിടെ ആദ്യശിക്ഷയുടെ കാലാവധി കഴിഞ്ഞശേഷം രണ്ടാമത്തെ ശിക്ഷ നടപ്പാക്കുന്നതാണ്. ഒരു കേസിൽ വിവിധ കുറ്റങ്ങൾക്കായി നൽകുന്ന തടവുശിക്ഷകൾ പ്രതി ഒരേ കാലത്ത് അനുഭവിച്ചാൽ മതിയാകുമെന്ന നിർദേശത്തോടുകൂടിയുള്ള വിധി (concurrent sentence) ഉണ്ടായെന്നാൽ, വിധിക്കപ്പെട്ടതിൽ ഏറ്റവും കൂടിയ തടവുശിക്ഷ മാത്രം പ്രതി അനുഭവിച്ചാൽ മതിയാകും. കേസ് സംബന്ധിച്ച് പ്രതിക്ക് നേരത്തെ ജയിലിൽ കഴിയേണ്ടിവന്നിട്ടുണ്ടെങ്കിൽ, പ്രസ്തുത കാലയളവ് മൊത്തത്തിലുള്ള ശിക്ഷാകാലാവധിയിൽ നിന്ന് ഇളവുചെയ്യുന്നതുമാണ്.

ജീവപര്യന്തം തടവുശിക്ഷ നൽകിക്കൊണ്ടുള്ള വിധി (life sentence), വധശിക്ഷ നൽകിക്കൊണ്ടുള്ള വിധി (death sentence), പ്രതിയെ ജയിലിലാക്കിക്കൊണ്ടുള്ള വിധി (custodial sentence), ഒരു കുറ്റത്തിന് നിയമം അനുശാസിക്കുന്ന സാധ്യമായ ഏറ്റവും കുറഞ്ഞ ശിക്ഷ നൽകിക്കൊണ്ടുള്ള വിധി (minimum sentence), ലഘൂകരിക്കപ്പെട്ട ശിക്ഷാവിധി reduced sentence), പ്രതി ഇനിയൊരു കുറ്റകൃത്യവും ചെയ്യാത്തപക്ഷം, നൽകപ്പെട്ടിരിക്കുന്ന തടവുശിക്ഷ നടപ്പിലാക്കിക്കൂടെന്ന് ഉത്തരവായിക്കൊണ്ടുള്ള വിധി (suspended sentence) മുതലായവയും ഈ വിവിധതരം ശീക്ഷാവിധികളിൽ ഉൾപ്പെടും.

ചില ഉദ്ദേശലക്ഷ്യങ്ങൾ വച്ചുകൊണ്ടും കുറ്റവാളികൾക്ക് ശിക്ഷ നൽകുന്നുണ്ട്. കുറ്റവാളി തെറ്റുകൾ തിരുത്തുന്നതിന് സഹായകമായിവരുന്ന ശിക്ഷ (corrective punishment), കുറ്റകൃത്യം ചെയ്യുന്നതിൽനിന്ന് മറ്റുള്ളവരെ പിന്തിരിപ്പിക്കാൻ വേണ്ടി കുറ്റവാളിക്കു നൽകുന്ന കനത്ത ശിക്ഷ (deterent punishment), കുറ്റങ്ങൾ ആവർത്തിക്കുന്നതിന് കുറ്റവാളിയെ അപ്രാപ്തനാക്കാൻ ഉദ്ദേശിച്ചുകൊണ്ട് കുറ്റവാളിക്കു നൽകുന്ന ശിക്ഷ (preventive punishment), ഉദാ: തടവ്, പിഴ, ഉദ്യോഗത്തിൽ നിന്നുള്ള പിരിച്ചുവിടൽ മുതലായവ; കുറ്റവാളിയുടെ മനസ്സുമാറ്റി അയാളെ നല്ലവഴിക്ക് തിരിച്ചുവിടാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ശിക്ഷ (reformative punishment), ഉദാ: തടവുശിക്ഷ നൽകിയിട്ട് നല്ലനടപ്പിൽ തടർന്നുകൊള്ളാമെന്നുള്ള വ്യവസ്ഥയിന്മേൽ, ജയിലിലാക്കാതെ ഒരു പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ അയാളെ കൈകാര്യം ചെയ്യുക; കുറ്റവാളിയോട് സമൂഹത്തിനുതന്നെയുള്ള പക വീട്ടാൻ അയാൾക്കു നൽകുന്ന ശിക്ഷ (retributive punishment) എന്നിവയാണവ.




# യഹോവ സാക്ഷികളുടെ കേസും ശിരോവസ്ത്ര വിധിയും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

**ബിജോയ് ഇമ്മാനുവൽ കേസിൽ സുപ്രീംകോടതി നൽകിയ വിധിയാണ് ശിരോവസ്ത്ര വിഷയത്തിലും വഴികാട്ടിയാവുന്നത്. പ്രസ്തുത വിധി നക്ഷത്രതുല്യമായ വഴികാട്ടിയാണ്. നമ്മുടെ ഭരണഘടനാ മൂല്യങ്ങളുടെ സുസ്ഥിരമായ തത്ത്വങ്ങളും ധാരണകളും സഹിഷ്ണുതയുടെ പാതയിലൂടെ അത് നമുക്ക് കാണിച്ചുതരുന്നു.'വിവേകപൂർണമായ ഒത്തുതീർപ്പ്' എന്നാണ് പല നിയമജ്ഞരും ഈ കോടതി മുമ്പാകെ പ്രസ്തുത വിധിയെ കുറിച്ച് പറഞ്ഞിട്ടുള്ളത്. മനഃസാക്ഷി സ്വാതന്ത്ര്യം എന്ന വിഷയത്തിൽ ബിജോയ് ഇമ്മാനുവൽ കേസ് മൗലികമായ നിർദേശമൊന്നും വെക്കുന്നില്ല എന്ന കർണാടക ഹൈക്കോടതിയുടെ നിരീക്ഷണം ഒട്ടും ശരിയല്ല. ബിജോയ് കേസ് വസ്തുതകളുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ ഇപ്പോൾ നാം ചർച്ച ചെയ്യുന്ന ശിരോവസ്ത്ര കേസിലേക്ക് കൃത്യമായ വെളിച്ചം വീശുന്നത് തന്നെയാണ്.**

**- ജസ്റ്റിസ് സുധാൻഷു ധൂലിയ**

എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ് എന്ന വിഷയം ശിരോവസ്ത്ര വിഷയത്തിൽ ബാധകമല്ലെന്നും ഓരോ വ്യക്തിക്കും ഭരണഘടന നൽകിയിട്ടുള്ള അവകാശമായ മനഃസാക്ഷി, മത വിശ്വാസ, ആചാര പ്രചാരണ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന അനുച്ഛേദം 25(1) മാത്രമാണ് ഈ വിഷയത്തിൽ പരിഗണിക്കേണ്ടത് എന്നുമായിരുന്നു കേസിൽ വിദ്യാർഥികൾക്ക് അനുകൂലമായ വിധി നൽകിയ ജസ്റ്റിസ് സുധാൻഷു ധൂലിയ പ്രധാനമായും പറഞ്ഞുവച്ചത്. ദൈവശാസ്ത്ര സംബന്ധിയായ വിഷയങ്ങൾ കോടതിയിലേക്ക് കൊണ്ടുവരുന്നത് ശരിയല്ലെന്നും വിവിധ മതങ്ങളുടെ ആഭ്യന്തര അഭിപ്രായ വ്യത്യാസങ്ങളിൽ കോടതിക്ക് ഇടപെടാൻ സാധിക്കില്ലെന്നും ബഹുസ്വരതയെ അംഗീകരിക്കുകയാണ് വേണ്ടതെ

**'ഭരണഘടനയുടെ അനുച്ഛേദം 19(1) (എ) സംസാരത്തിനും അഭിപ്രായ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കും ഉറപ്പുനൽകുന്നു. രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, രാജ്യസുരക്ഷ, വിദേശ രാജ്യങ്ങളുമായുള്ള സൗഹൃദ ബന്ധം, പൊതുക്രമം, മാന്യത തുടങ്ങിയവക്ക് വിരുദ്ധമാവുകയോ കോടതിയലക്ഷ്യം, അപകീർത്തി എന്നിവ ഉൾക്കൊള്ളുകയോ ചെയ്യുന്നുണ്ടെങ്കിൽ മാത്രമെ നിയന്ത്രണങ്ങൾ പാടുള്ളൂ എന്ന് അനുച്ഛേദം 19(2) വ്യക്തമാക്കുന്നു'.**

ന്നുമാണ് അദ്ദേഹത്തിന്റെ വിധിപ്രസ്താവത്തിൽ ഇതുവരെ നാം വിശദീകരിച്ച കാതലായ വിഷയങ്ങൾ.

തുടർന്നുകൊണ്ട് ജസ്റ്റിസ് ധൂലിയ പ്രവേശിച്ചത് യഹോവ സാക്ഷികളുടെ കേസിലേക്കാണ്. മതവിശ്വാസികളുടെ വ്യക്തിപരമായ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉടലെടുക്കുമ്പോൾ സുപ്രീം കോടതി പ്രധാനമായും ഉദ്ധരിക്കുന്ന കേസാണ് 'യഹോവ സാക്ഷികളുടെ കേസ്' എന്നറിയപ്പെടുന്ന 1986ലെ ബിജോയ് ഇമ്മാനുവലിന്റെ സ്റ്റേറ്റ് ഓഫ് കേരള കേസ്.

**യഹോവ കേസ് വിധി ഒരു വഴികാട്ടി**

ജസ്റ്റിസ് ധൂലിയ തുടരുന്നു: ബിജോയ് ഇമ്മാനുവൽ കേസിൽ സുപ്രീംകോടതി നൽകിയ വിധിയാണ് ശിരോവസ്ത്ര വിഷയത്തിലും ഞങ്ങൾക്ക് വഴികാട്ടിയാവുന്നത്. പ്രസ്തുത വിധി നക്ഷത്രതുല്യമായ വഴികാട്ടിയാണ്. നമ്മുടെ ഭരണഘടനാ മൂല്യങ്ങളുടെ സുസ്ഥിരമായ തത്ത്വങ്ങളും ധാരണകളും സഹിഷ്ണുതയുടെ പാതയിലൂടെ അത് നമുക്ക് കാണിച്ചുതരുന്നു.'വിവേകപൂർണ മായ ഒത്തുതീർപ്പ്' എന്നാണ് പല നിയമജ്ഞരും ഈ കോടതി മുമ്പാകെ പ്രസ്തുത വിധിയെ കുറിച്ച് പറഞ്ഞിട്ടുള്ളത്. മനഃസാക്ഷി സ്വാതന്ത്ര്യം എന്ന വിഷയത്തിൽ ബിജോയ് ഇമ്മാനുവൽ കേസ് മൗലികമായ നിർദേശമൊന്നും വെക്കുന്നില്ല എന്ന കർണാടക ഹൈക്കോടതിയുടെ നിരീക്ഷണം ഒട്ടും ശരിയല്ല. ബിജോയ് കേസ് വസ്തുതകളുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ ഇപ്പോൾ നാം ചർച്ച ചെയ്യുന്ന ശിരോവസ്ത്ര കേസിലേക്ക് കൃത്യമായ വെളിച്ചം വീശുന്നത് തന്നെയാണ്.

**എന്തായിരുന്നു ബിജോയ് കേസ്?**

ക്രിസ്തു മതത്തിലെ യഹോവാ സാക്ഷി വിഭാഗത്തിൽ പെട്ട മൂന്നു പെൺകുട്ടികൾ കേരളത്തിലെ ഒരു സർക്കാർ സ്കൂളിൽ പഠിക്കുകയായിരുന്നു. എല്ലാ ദിവസവും രാവിലെ സ്കൂളിൽ ദേശീയ ഗാനം ആലപിക്കുമ്പോൾ ഈ മൂന്ന് വിദ്യാർഥികളും സ്കൂളിലെ മറ്റ് കുട്ടികളെപ്പോലെ ബഹുമാനത്തോടെ ദേശീയ ഗാനത്തിനായി എഴുന്നേറ്റു നിൽക്കുമായിരുന്നു; എന്നാൽ അവർ ദേശീയഗാനം ആലപിച്ചിരുന്നില്ല. യഹോവക്കല്ലാതെ മറ്റാർക്കും വേണ്ടി പാടാൻ തങ്ങളുടെ വിശ്വാസം അനുവദിക്കുന്നില്ല എന്നായിരുന്നു അവരുടെ വാദം. തുടക്കത്തിൽ ഇത് ആരുടെയും ശ്രദ്ധയിൽ പെട്ടിരുന്നില്ലെങ്കിലും പിന്നീട് ചിലർ അധികാരികൾക്ക് പരാതി നൽകി. കുട്ടികൾ സ്കൂളിൽനിന്നും പുറത്താക്കപ്പെട്ടു. കുട്ടികൾ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷൻ സിംഗിൾ ബെഞ്ച് തള്ളി. തുടർന്ന് അവർ ഡിവിഷൻ ബെഞ്ചിനെ സമീപിച്ചു. ഡിവിഷൻ ബെഞ്ചും അവരുടെ പരാതി തള്ളി. ഒടുവിൽ അവർ സുപ്രീം കോടതിയെ സമീപിക്കുകയും പ്രത്യേക വിടുതൽ ഹരജി ഫയൽ ചെയ്യുകയും ചെയ്തു. യഹോവാ സാക്ഷികൾ ദേശീയ പതാകയോടോ ദേശീയ ഗാനത്തോടോ അനാദരവ് കാണിച്ചിട്ടില്ല. എന്നാൽ യഹോവക്കല്ലാതെ മറ്റാർക്ക് വേണ്ടിയും പാടുന്നത് തങ്ങളുടെ മതവിശ്വാസം തങ്ങളെ വിലക്കുന്നു എന്നതിനാൽ ദേശീയഗാനം പാടുന്നതിൽനിന്നും വിട്ടുനിൽക്കുന്നു എന്നായിരുന്നു അവരുടെ വാദം.

ഇന്ത്യൻ ദേശീയഗാനത്തിൽ ആരുടെയും മതവികാരം വ്രണപ്പെടുത്തുന്ന വാക്കോ ചിന്തയോ ഇല്ല എന്നതിനാൽ യഹോവാ സാക്ഷികളായ മൂന്ന് പെൺകുട്ടികളുടെ



വാദം പരിഗണിക്കാൻ സാധിക്കില്ല എന്നായിരുന്നു കേരള ഹൈക്കോടതി നിരീക്ഷിച്ചിരുന്നത്. അതിനാൽ കുട്ടികൾ ദേശീയഗാനം ആലപിക്കാതിരിക്കാൻ ഒരു ന്യായവും കാണുന്നില്ല എന്നായിരുന്നു ഹൈക്കോടതിയുടെ നിഗമനം. എന്നാൽ ഇവരുടെ കേസ് പരിശോധിച്ച് വിധി പറഞ്ഞ സുപ്രീംകോടതി ജസ്റ്റിസ് ഒ. ചിന്നപ്പ റെഡ്ഡി, ഹൈക്കോടതി വിധിയെ തള്ളുകയും ഹൈക്കോടതി നിരീക്ഷണം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. ദേശീയ ഗാനത്തിന്റെ ഭാഷയോ ആശയമോ ആയിരുന്നില്ല കുട്ടികളുടെ പ്രശ്നം. ഏതു രാജ്യത്തിന്റേതായിരുന്നാലും ദേശീയഗാനം ചൊല്ലുന്നത് തങ്ങളുടെ വിശ്വാസത്തിന് എതിരാകുന്നു എന്ന് മാത്രമായിരുന്നു അവരുടെ പ്രശ്നം.

**മൈനേഴ്സ്വിൽ, ബാർനെറ്റ് കേസുകൾ**

ബിജോയ് കേസിലെ വിധിയിലേക്ക് ജസ്റ്റിസ് ചെന്നപ്പ റെഡ്ഡിയെ നയിച്ചത് അമേരിക്കൻ സുപ്രീം കോടതിയുടെ രണ്ട് വിധിന്യായങ്ങളാണ്. അവ ഇവിടെ ശിരോവസ്ത്ര വിഷയത്തിൽ പ്രത്യേകം പരാമർശിക്കേണ്ടത് തന്നെയാണ്. കാരണം അവ സ്കൂളുകളുമായും സ്കൂളുകൾ നടപ്പാക്കുന്ന 'അച്ചടക്ക'വുമായും ബന്ധപ്പെട്ടതാണ്. ആദ്യത്തെത് മൈനേഴ്സ്വിൽ സ്കൂൾ ഡിസ്ട്രിക്റ്റിന്റെ ഗോബൈറ്റിസ് കേസ് Minersville School District vs Gobitis), രണ്ടാമത്തെത് വെസ്റ്റ് വെർജീനിയ സ്റ്റേറ്റ് ബോർഡ് ഓഫ് എഡ്യൂക്കേഷന്റെ ബാർനെറ്റ് കേസ് (West Virginia State Board of Education vsBarnette).

**അമേരിക്കൻ വിധികൾ ഒരവലോകനം**

മൈനേഴ്സ്വിൽ കേസിൽ പ്രധാനമായും വന്നത് ദേശീയ പതാകയെ ആദരിക്കാൻ നിർബന്ധിക്കുന്നത് അമേരിക്കൻ ഭരണഘടനയുടെ പതിനാലാം ഭേദഗതി അനുവദിക്കുന്ന സ്വാതന്ത്ര്യത്തിന് വിരുദ്ധമാണോ എന്നതായിരുന്നു. ഈ വിഷയത്തിൽ കോടതിക്ക് ഇടപെടാൻ സാധിക്കില്ല എന്നായിരുന്നു മൈനേഴ്സ്വിൽ കേസിലെ വിധിയെങ്കിൽ ബാർനെറ്റ് കേസിന്റെ വിധി മൈനേഴ്സ്വിൽ കേസ് വിധിയെ റദ്ദ് ചെയ്യുകയും പൗരസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഏതൊരു വിഷയത്തിലും കോടതിക്ക് ഇടപെടാമെമെന്ന പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്യുകയാണുണ്ടായത്. ബാർനെറ്റ് കേസിൽ വിധി പറഞ്ഞ ജസ്റ്റിസ് ജാക്സൺ ഉദ്ധരിച്ചത് 'ഒരു സർക്കാർ പ്രാധാന്യം നൽകേണ്ടത് ജനങ്ങളുടെ സ്വാതന്ത്ര്യത്തിനാണോ അതല്ല, സർക്കാറിന്റെ നിലനിൽപിനാണോ' എന്ന എബ്രഹാം ലിങ്കന്റെ ധർമസങ്കടം നിറഞ്ഞ പ്രസിദ്ധമായ വചനത്തെയാണ്. തുടർന്നു ജാക്സൺ മൈനേഴ്സ്വിൽ കേസിൽ വിദ്യാർഥികൾ ഉന്നയിച്ച വിഷയത്തിൽ കോടതിക്ക് ഇടപെടാൻ കഴിയില്ലെന്ന് വിധി പറഞ്ഞ ജസ്റ്റിസ് ഫ്രാങ്ക്ഫർട്ടറെ വിമർശിച്ചുകൊണ്ട് പറഞ്ഞു: 'വിദ്യാലയങ്ങൾ ഭരണഘടനക്ക് വിധേയമായാണ് പ്രവർത്തിക്കേണ്ടത്. പൊതുവിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ കുറിച്ചുള്ള നമ്മുടെ ധാരണക്ക് വിരുദ്ധമായ വിധികൾ അംഗീകരിക്കാൻ കഴിയില്ല. സ്വാതന്ത്ര്യം ലംഘിക്കപ്പെടുമ്പോൾ ഇടപെടുക എന്നത് കോടതികളെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ ദൗത്യമാണ്. മതം, രാഷ്ട്രീയം, ദേശീയത തുടങ്ങിയ കാര്യങ്ങളിൽ ഒരു വ്യക്തിയുടെ കാഴ്ചപ്പാട് നിശ്ചയിക്കേണ്ടത് ഉദ്യോഗസ്ഥന്മാരല്ല. പതാകവന്ദനവും പ്രതിജ്ഞയും നിർബന്ധമാക്കിക്കൊണ്ടുള്ള പ്രാദേശിക അധികാരികളുടെ നടപടി ഭരണഘടനാപരമായ അവരുടെ അധികാര പരിധികളെ മറികടക്കുന്നതാണ്. സാമാന്യബുദ്ധിയോട് അത് യോജിക്കുന്നില്ല.'

**ജസ്റ്റിസ് ചെന്നപ്പ റെഡ്ഡിയുടെ നിരീക്ഷണം**

അമേരിക്കയിലെ വിദ്യാർഥികൾ അനുഭവിച്ച അതേ പ്രശ്നമാണ് ബിജോയ് കേസിൽ യഹോവാ

> **അനുച്ഛേദം 25 വിശ്വാസവുമായി ബന്ധപ്പെട്ട അനുച്ഛേദമാണ്. നിസ്സാര ന്യൂനപക്ഷത്തിന് പോലും രാജ്യത്തിന്റെ ഭരണഘടനയ്ക്ക് കീഴിൽ അതിന്റെ സ്വത്വം കണ്ടെത്തി അതനുസരിച്ച് ജീവിക്കാനുള്ള സാധ്യതയാണ് യഥാർഥ ജനാധിപത്യം എന്നാണ് പ്രസ്തുത അനുച്ഛേദത്തിന്റെ അകക്കാമ്പ്. യഹോവാ സാക്ഷികൾ അനുഭവിച്ചതുപോലെയുള്ള പ്രശ്നങ്ങളാണ് ഇപ്പോൾ നമ്മുടെ മുമ്പിൽ നിൽക്കുന്ന ഈ പെൺകുട്ടികളും അനുഭവിക്കുന്നത്. ഈ പെൺകുട്ടികൾ ശിരോവസ്ത്രം അവരുടെ വിശ്വാസത്തിന്റെ ഭാഗമായി ധരിക്കുന്നു. അത് തങ്ങളുടെ മതത്തിന്റെയും സാമൂഹിക ആചാരത്തിന്റെയും ഭാഗമാണെന്ന് അവർ വിശ്വസിക്കുന്നു. അതിനാൽ, എന്റെ അഭിപ്രായത്തിൽ ബിജോയ് ഇമ്മാനുവൽ കേസും അതിൽ പറഞ്ഞിരിക്കുന്ന അനുപാതങ്ങളും ഈ കേസും പൂർണമായി ഉൾക്കൊള്ളുന്നുണ്ട്.**
>
> - ജസ്റ്റിസ് ചെന്നപ്പ റെഡ്ഡി



സാക്ഷികളായ വിദ്യാർഥികളും അനുഭവിച്ചത് എന്നായിരുന്നു ജസ്റ്റിസ് ചിന്നപ്പ റെഡ്ഡി നിരീക്ഷിച്ചത്. വിദ്യാർഥികളുടെ അവകാശം സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന് പറഞ്ഞ റെഡ്ഡിയുടെ നിരീക്ഷണങ്ങൾ ഇങ്ങനെയായിരുന്നു:

'ഭരണഘടനയുടെ അനുച്ഛേദം 19(1)(എ) സംസാരത്തിനും അഭിപ്രായ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കും ഉറപ്പുനൽകുന്നു. രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, രാജ്യസുരക്ഷ, വിദേശ രാജ്യങ്ങളുമായുള്ള സൗഹൃദ ബന്ധം, പൊതുക്രമം, മാന്യത തുടങ്ങിയവക്ക് വിരുദ്ധമാവുകയോ കോടതിയലക്ഷ്യം, അപകീർത്തി എന്നിവ ഉൾക്കൊള്ളുകയോ ചെയ്യുന്നുണ്ടെങ്കിൽ മാത്രമെ നിയന്ത്രണങ്ങൾ പാടുള്ളൂ എന്ന് അനുച്ഛേദം 19(2) വ്യക്തമാക്കുന്നു. അനുച്ഛേദം 25(1) എല്ലാ വ്യക്തികൾക്കും മനസ്സാക്ഷി സ്വാതന്ത്ര്യവും മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും ഉറപ്പ് നൽകുന്നു.'

### ബിജോയ് കേസ് വിധിയിൽ ധൂലിയയുടെ നിരീക്ഷണം

ദേശീയഗാനം ആലപിക്കുമ്പോൾ പെൺകുട്ടികൾ മാന്യമായി നിൽക്കുന്നത് സൂചിപ്പിക്കുന്നത് ദേശീയ ഗാനത്തോട് അവർക്ക് ആദരവുണ്ട് എന്നതാണ്. ആലാപനത്തിൽ പങ്കെടുത്തില്ല എന്നത് അനാദരവായി കാണാൻ കഴിയില്ല. അതുകൊണ്ടുതന്നെ അവരെ സ്കൂളിൽനിന്ന് പുറത്താക്കിയത് ഭരണഘടനയുടെ അനുച്ഛേദം 19(1)(എ) പ്രകാരം അവർക്ക് നൽകിയിട്ടുള്ള അഭിപ്രായ സ്വാതന്ത്ര്യം, അഭിപ്രായ പ്രകടനം എന്നീ മൗലികാവകാശങ്ങളുടെ ലംഘനമാണ്. മുഴുവൻ സ്കൂളുകളും ദേശീയഗാനം ആലപിക്കണമെന്ന സർക്കാർ നിർദേശത്തെ ഒരു നിയമമായി കണക്കാക്കാൻ സാധ്യമല്ല. നിയമപരമായി നില നിൽക്കുന്ന ചട്ടം 'The Prevention of Insults to National Honour Act, 1971' മാത്രമാണ്. അതായത് ദേശീയതയെ അവഹേളിക്കുന്നത് തടഞ്ഞുകൊണ്ടുള്ള നിയമം. ഇവിടെ ഒരു അവഹേളനവും ഉണ്ടായിട്ടില്ല. ദേശീയഗാനം ആലപിക്കുമ്പോൾ ആദരവോടെ നിൽക്കുകയും എന്നാൽ ആലാപനത്തിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്ന ഒരാൾ നിയമപ്രകാരം കുറ്റം ചെയ്യുന്നില്ല. ദേശീയഗാനം ആലപിക്കുന്നതിൽനിന്ന് ഒരാൾ മറ്റൊരാളെ തടയുമ്പോൾ മാത്രമാണ് കുറ്റം ചെയ്യുന്നത്. പാടാനുള്ള സ്വാതന്ത്ര്യം പോലെത്തന്നെ നിശ്ശബ്ദത പാലിക്കാനുള്ള സ്വാതന്ത്ര്യവും മൗലികാവകാശങ്ങളിൽ പെട്ടതാണ് എന്നാണ് കോടതി വ്യക്തമാക്കിയത്.

ബിജോയ് കേസിൽ ഒ.ചെന്നപ്പറെഡ്ഡി അനുച്ഛേദം 25നെ കുറിച്ച് സൂചിപ്പിക്കുന്നത് ഇങ്ങനെയാണ്: 'അനുച്ഛേദം 25 വിശ്വാസവുമായി ബന്ധപ്പെട്ട അനുച്ഛേദമാണ്. നിസ്സാര ന്യൂനപക്ഷത്തിന് പോലും രാജ്യത്തിന്റെ ഭരണഘടനയ്ക്ക് കീഴിൽ അതിന്റെ സ്വത്വം കണ്ടെത്തി അതനുസരിച്ച് ജീവിക്കാനുള്ള സാധ്യതയാണ് യഥാർഥ ജനാധിപത്യം എന്നാണ് പ്രസ്തുത അനുച്ഛേദത്തിന്റെ അകക്കാമ്പ്. അതുകൊണ്ടുതന്നെ അനുച്ഛേദം 25 വ്യാഖ്യാനിക്കുമ്പോൾ ഈ ആശയം മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ട്.'

### ബിജോയ് കേസും ശിരോവസ്ത്ര കേസും ഒരുപോലെ


ജസ്റ്റിസ് ധൂലിയ വിഷയം അവസാനിപ്പിക്കുന്നത് ഇങ്ങനെ: 'യഹോവാ സാക്ഷികൾ അനുഭവിച്ചതുപോലെയുള്ള പ്രശ്നങ്ങളാണ് ഇപ്പോൾ നമ്മുടെ മുമ്പിൽ നിൽക്കുന്ന ഈ പെൺകുട്ടികളും അനുഭവിക്കുന്നത്. ഈ പെൺകുട്ടികൾ ശിരോവസ്ത്രം അവരുടെ വിശ്വാസത്തിന്റെ ഭാഗമായി ധരിക്കുന്നു. അത് തങ്ങളുടെ മതത്തിന്റെയും സാമൂഹിക ആചാരത്തിന്റെയും ഭാഗമാണെന്ന് അവർ വിശ്വസിക്കുന്നു. അതിനാൽ, എന്റെ അഭിപ്രായത്തിൽ ബിജോയ് ഇമ്മാനുവൽ കേസും അതിൽ പറഞ്ഞിരിക്കുന്ന അനുപാതങ്ങളും ഈ കേസും പൂർണമായി ഉൾക്കൊള്ളുന്നുണ്ട്.'

*അടുത്ത ലക്കത്തിൽ:*

*ക്ലാസ്സ്മുറികളിലെ മതസ്വാതന്ത്ര്യവും ജസ്റ്റിസ് ധൂലിയയുടെ നിരീക്ഷണവും*

# വിവരമില്ലാത്തവരുടെ പരാതി പറച്ചിൽ

**ഇബ്നുൽ ക്വയ്യിം**
**മൊഴിമാറ്റം: മുഹമ്മദ് സിയാദ് കണ്ണൂർ**



വിവരമില്ലാത്തവൻ അല്ലാഹുവിനെ (അതായത്, അല്ലാഹു അവന് വിധിച്ചതിനെ) കുറിച്ച് ജനങ്ങളോട് പരാതിപ്പെടും. ആരെപ്പറ്റി പരാതി പറയുന്നുവോ അവനെയും പരാതി കേൾക്കുന്നവനെയും കുറിച്ചുള്ള അങ്ങേയറ്റത്തെ അജ്ഞതയാണത്. കാരണം തന്റെ റബ്ബിനെ (നേരാംവണ്ണം) അറിഞ്ഞിരുന്നെങ്കിൽ അവനെക്കുറിച്ച് പരാതിയുണ്ടാകുമായിരുന്നില്ല. ജനങ്ങളെ അറിഞ്ഞിരുന്നുവെങ്കിൽ അവൻ അവരോടും ആവലാതിപ്പെടുമായിരുന്നില്ല.

സലഫുകളിൽപെട്ട ഒരാൾ ഒരു മനുഷ്യനെ കണ്ടു. അയാൾ തന്റെ ദാരിദ്ര്യത്തെ കുറിച്ചും ആവശ്യങ്ങളെ കുറിച്ചും മറ്റൊരു മനുഷ്യനോട് ആവലാതിപ്പെടുകയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: "ഇന്നവനേ! അല്ലാഹുവാണെ (സത്യം), നിന്നോട് കരുണ ചെയ്ത ഒരുവനെക്കുറിച്ച് നിന്നോട് കരുണ ചെയ്യാത്ത ഒരുവനോട് ആവലാതിപ്പെട്ടു എന്നതല്ലാതെ നീ ഒന്നും വർധിപ്പിച്ചില്ല."

അതാണ് ഇപ്രകാരം പറയപ്പെട്ടത്: "നീ ആദം സന്തതിയോട് ആവലാതിപ്പെടുകയായാൽ, കാരുണ്യവാനെക്കുറിച്ച് കാരുണ്യം കാണിക്കാത്തവനോടാണ് നീ ആവലാതിപ്പെടുന്നത്."

അറിവുള്ളവൻ അല്ലാഹുവോട് മാത്രമെ ആവലാതിപ്പെടുകയുള്ളൂ. അവരിൽ ഏറ്റവും അറിവുള്ളവൻ തന്റെ സ്വന്തത്തെക്കുറിച്ചാണ് അല്ലാഹുവോട് ആവലാതിപ്പെടുക, ജനങ്ങളെക്കുറിച്ചല്ല. അങ്ങനെയായാൽ, ജനങ്ങളുടെ മുമ്പിൽ താൻ പരവശനാകാനുള്ള കാരണങ്ങളെക്കുറിച്ചാണ് അവൻ ആവലാതിപ്പെടുന്നത്. അവൻ അല്ലാഹുവിന്റെ ഈ വചനങ്ങളിലേക്ക് നോക്കുന്നു:

"നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിന്റെ പക്കൽ നിന്നു തന്നെ ഉണ്ടാകുന്നതാണ്" (അന്നിസാഅ്: 79).

നിങ്ങൾക്ക് ഒരു വിപത്ത് നേരിട്ടു. അതിന്റെ ഇരട്ടി നിങ്ങൾ ശത്രുക്കൾക്ക് വരുത്തിവച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും നിങ്ങൾ പറയുകയാണോ; ഇതെങ്ങനെയാണ് സംഭവിച്ചത് എന്ന്? (നബിയേ,) പറയുക: അത് നിങ്ങളുടെ പക്കൽ നിന്ന് തന്നെ ഉണ്ടായതാകുന്നു" (ആലു ഇംറാൻ: 165).

അപ്പോൾ, പദവികൾ മൂന്നെണ്ണമാണ്:

അതിൽ ഏറ്റവും നിന്ദ്യമായത്: അല്ലാഹുവിനെക്കുറിച്ച് സൃഷ്ടികളോട് പരാതിപ്പെടലാണ്.

ഏറ്റവും ഉന്നതിയിൽ: സ്വന്തത്തെക്കുറിച്ച് അല്ലാഹുവോട് പരാതിപ്പെടലാണ്.

അവയ്ക്ക് മധ്യത്തിലുള്ളത്: സൃഷ്ടികളെക്കുറിച്ച് അല്ലാഹുവോട് പരാതിപ്പെടലാണ്.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
40

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

هُوَ ٱلَّذِى يُرِيكُمْ ءَايَٰتِهِۦ وَيُنَزِّلُ لَكُم مِّنَ
ٱلسَّمَآءِ رِزْقًاۚ وَمَا يَتَذَكَّرُ إِلَّا مَن يُنِيبُ
١٣

13. അവനാണ് നിങ്ങൾക്ക് തന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചുതരുന്നത്. ആകാശത്തുനിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം ഇറക്കിത്തരികയും ചെയ്യുന്നു. (അവങ്കലേക്ക്) മടങ്ങുന്നവർ മാത്രമെ ആലോചിച്ച് ഗ്രഹിക്കുകയുള്ളൂ.

فَٱدْعُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ وَلَوْ كَرِهَ
ٱلْكَٰفِرُونَ ١٤

14. അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർഥിക്കുക; അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി.

رَفِيعُ ٱلدَّرَجَٰتِ ذُو ٱلْعَرْشِ يُلْقِى ٱلرُّوحَ مِنْ
أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ لِيُنذِرَ يَوْمَ
ٱلتَّلَاقِ ١٥

15. അവൻ പദവികൾ ഉയർന്നവനും സിംഹാസനത്തിന്റെ അധിപനുമാകുന്നു. തന്റെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ സന്ദേശമാകുന്ന ചൈതന്യം അവൻ നൽകുന്നു. (മനുഷ്യർ) പരസ്പരം കണ്ടുമുട്ടുന്ന ദിവസത്തെപ്പറ്റി താക്കീത് നൽകുന്നതിനുവേണ്ടിയത്രെ അത്.

يَوْمَ هُم بَٰرِزُونَۖ لَا يَخْفَىٰ عَلَى ٱللَّهِ مِنْهُمْ شَىْءٌۚ لِّمَنِ
ٱلْمُلْكُ ٱلْيَوْمَۖ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ١٦

16. അവർ വെളിക്കുവരുന്ന ദിവസമത്രെ അത്. അവരെ സംബന്ധിച്ച് യാതൊരു കാര്യവും അല്ലാഹുവിന്ന് ഗോപ്യമായിരിക്കുകയില്ല. ഈ ദിവസം ആർക്കാണ് രാജാധികാരം? ഏകനും സർവാധിപതിയുമായ അല്ലാഹുവിന്!

ٱلْيَوْمَ تُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْۚ لَا
ظُلْمَ ٱلْيَوْمَۚ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ١٧

17. ഈ ദിവസം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും. ഈ ദിവസം അനീതിയില്ല. തീർച്ചയായും അല്ലാഹു അതിവേഗം കണക്കുനോക്കുന്നവനാകുന്നു.

13. അല്ലാഹു തന്റെ ദാസന്മാർക്ക് ചെയ്തുകൊടുത്ത മഹത്തായ അനുഗ്രഹങ്ങളെക്കുറിച്ച് പറയുകയാണ്. അസത്യങ്ങളിൽനിന്ന് സ ത്യം വ്യക്തമാക്കിത്തന്നു എന്നതാണത്. ശാരീരികവും പ്രാപഞ്ചികവും ഖുർആനികവുമായ ദൃഷ്ടാന്തങ്ങളെ തന്റെ ദാസന്മാർക്ക് കാണിച്ചുകൊടുക്കുന്നതിലൂടെയാണത്. വഴികേടിൽനിന്ന് സന്മാർഗത്തെ വ്യക്തമാക്കുന്ന എ ല്ലാ ആശയങ്ങൾക്കും അവയിൽ തെളിവുണ്ട്. ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുന്നവന് ചെറിയൊരു സംശയംപോലും സത്യം മനസ്സിലാക്കുന്നതിൽ അവശേഷിക്കില്ല. സത്യത്തിന്റെ കാര്യത്തിൽ ആശയക്കുഴപ്പമോ സംശയമോ അവശേഷിപ്പിക്കാതിരിക്കും എന്നത് അല്ലാഹു തന്റെ ദാസന്മാർക്ക് ചെയ്തുകൊടുക്കുന്ന ഏറ്റവും വലിയ അനുഗ്രഹമാണ്. മാത്രവുമല്ല, തെളിവുകളെ വൈവിധ്യമാർന്നതും വ്യക്തതയാർന്നതുമാക്കിയിരിക്കുന്നു അവൻ.

لِّيَهْلِكَ مَنْ هَلَكَ عَنۢ بَيِّنَةٍ وَيَحْيَىٰ مَنْ حَىَّ عَنۢ بَيِّنَةٍ ۗ

“അതായത്, നശിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് നശിക്കാനും ജീവിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് ജീവിക്കാനുംവേണ്ടി”(8:42).

വിഷയങ്ങൾ ഗൗരവമുള്ളതും വലുതുമാകുമ്പോൾ അതിന്റെ തെളിവുകൾ എളുപ്പമുള്ളതും അധികരിച്ചതുമായിരിക്കും.

ഉദാഹരണമായി, തൗഹീദിനെ എടുത്തുനോക്കുമ്പോൾ ആ വിഷയം ഏറ്റവും സുപ്രധാന വിഷയമാണ്. അതിന്റെ ബുദ്ധിപരവും പ്രാമാണികവുമായ ധാരാളം തെളിവുകളുണ്ട്. അത് വിവിധങ്ങളാണ്. അല്ലാഹു അതിന് ഉദാഹരണങ്ങൾ പറയുന്നുണ്ട്. ധാരാളം കാര്യങ്ങൾ ഇതിന് തെളിവാക്കുന്നുണ്ട്. ഇവിടെ അതിനെക്കുറിച്ചാണ് പറയുന്നത്. ഒരുകൂട്ടം തെളിവുകൾ അതിനിവിടെ ഉണർത്തുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു. ‘അതിനാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്ക്കളങ്കമാക്കി ക്കൊണ്ട് അവനോട് നിങ്ങൾ പ്രാർഥിക്കുക). തന്റെ ദൃഷ്ടാന്തങ്ങളെ ദാസന്മാർക്ക് കാണിച്ചുകൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ വലിയൊരു ദൃഷ്ടാന്തം ഇവിടെ ഓർമപ്പെടുത്തുന്നു. (ആകാശത്തുനിന്ന് അവൻ നിങ്ങൾ ഉപജീവനം ഇറക്കിത്തരികയും ചെയ്യുന്നു) മഴയെ. അത് മുഖേന നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുകയും നിങ്ങളും നിങ്ങളുടെ നാൽക്കാലികളും ജീവിക്കുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ എല്ലാ അനുഗ്രഹങ്ങളും അവനിൽനിന്നാണെന്ന് തെളിയുന്നു.

മതമാകുന്ന അനുഗ്രഹവും അവനിൽ നിന്നുതന്നെ. അത് മതപരമായ വിഷയങ്ങളും അവയ്ക്കുള്ള തെളിവുകളും അതിന്റെ അനുബന്ധങ്ങളുമാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും; മതപരമായ എല്ലാ അനുഗ്രഹങ്ങളും മഴയിൽനിന്നുണ്ടാകുന്ന അനുഗ്രഹങ്ങൾ പോലെത്തന്നെയാണ്. മഴ നാടിനും മനുഷ്യർക്കും ജീവൻ നൽകുന്നു. ആരാധിക്കപ്പെടാൻ അവൻ മാത്രമേയുള്ളൂ എന്നതിനുള്ള ഖണ്ഡിതമായ തെളിവുകൂടിയാണിത്. അവനാണ് ഏക അനുഗ്രഹദാതാവ്. അതിനാൽ ആരാധന അവനുമാത്രം നിഷ്ക്കളങ്കാക്കണം.

(ഉറ്റാലോചിച്ച് ഗ്രഹിക്കുന്നില്ല) ദൃഷ്ടാന്തങ്ങളെ; അതിനെക്കുറിച്ച് ഉദ്ബോധിപ്പിക്കുമ്പോൾ. (മടങ്ങുന്നവരല്ലാതെ) അല്ലാഹുവിലേക്ക്, അവനെ സ്നേഹിച്ചും ഭയപ്പെട്ടും അനുസരിച്ചും ഭക്തികാണിച്ചും അവനിലേക്ക് വരിക, അവനാണ് ദൃഷ്ടാന്തങ്ങളെ പ്രയോജനപ്പെടുത്തിയവൻ. അതവന് അനുഗ്രഹമായി ത്തീരും. അതുമൂലം ഉൾക്കാഴ്ച വർധിക്കും.

14). ചിന്തിച്ച് ഗ്രഹിക്കാൻ പ്രോത്സാഹിപ്പിക്കുന്നതാണ് ഈ വചനം. ആരാധന അല്ലാഹുവിന് മാത്രം തനിച്ചാക്കണമെന്നാണ് ബുദ്ധി പറയുന്നത്. അതുകൊണ്ടാണ് ‘അതിനാൽ’ എന്നർഥം പറയുന്ന ‘ഫ’ എന്ന അക്ഷരം ചേർത്തുകൊണ്ട് അത് പറഞ്ഞത്. അല്ലാഹു പറയുന്നു: ‘അതിനാൽ കീഴ്‌വണം അല്ലാഹുവിന് നിഷ്ക്കളങ്കാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർഥിക്കുക.’

ഇഖ്ലാസ് എന്ന വാക്കിന്റെ അർഥം ഐഛികവും നിർബന്ധവുമായ എല്ലാ ആരാധനകളി ലും ഉദ്ദേശ്യം അല്ലാഹുവിന് മാത്രം ആക്കുക എന്നതാണ്. അല്ലാഹുവിനും അവന്റെ ദാസന്മാർക്കും നൽകേണ്ട കടമകളിലും, അല്ലാഹുവിന് കീഴ്പ്പെടാൻവേണ്ടി ചെയ്യുന്ന എല്ലാ കാര്യങ്ങളിലും, അവന്റെ സാമീപ്യം ലഭിക്കാൻ വേണ്ടിയുള്ള കാര്യങ്ങളിലുമെല്ലാം.

(അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി) ആ കാര്യം. അവ നിങ്ങൾ പരിഗണിക്കരുത്. നിങ്ങളുടെ മതത്തിൽനിന്ന് അത് നിങ്ങളെ തെറ്റിച്ചുകളയരുത്. ഒരാക്ഷേപകന്റെ ആക്ഷേപവും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ പിടികൂടരുത്. അരാധനകൾ അല്ലാഹുവിന് മാത്രമാകുന്നത് അവിശ്വാസികൾ അങ്ങേയറ്റം വെറുക്കുന്നു. അല്ലാഹു പറയുന്നു.

وَإِذَا ذُكِرَ ٱللَّهُ وَحْدَهُ ٱشْمَأَزَّتْ قُلُوبُ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ ۖ وَإِذَا ذُكِرَ ٱلَّذِينَ مِن دُونِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

“അല്ലാഹുവെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാലോ അപ്പോഴതാ അവർ സന്തുഷ്ടചിത്തരാകുന്നു” (39:45).

15. തുടർന്ന് അല്ലാഹു പറയുന്നത് അവന്റെ മഹത്ത്വത്തെയും പൂർണതയെയും കുറിച്ചാണ്. അതാവട്ടെ അവനുമാത്രം ആരാധന തനിച്ചാക്കേണ്ടതിന്റെ കാരണം കൂടിയാണ്. (അവൻ പദവികൾ ഉയർന്നവനും സിംഹാസനത്തിന്റെ അധിപനുമാകുന്നു) അതായത് അത്യുന്നതനായ ഉന്നതൻ അവൻ സിംഹാസനസ്ഥനാണ്. അത് അവന്റെ മാത്രം പ്രത്യേകതയാണ്. തന്റെ സൃഷ്ടികളിൽനിന്ന് വ്യത്യസ്തമായി അവന്റെ പദവികൾ ഉയർന്നതാണ്. അവന്റെ കഴിവും ഉന്നതമാണ്. അവന്റെ വിശേഷണങ്ങൾ മഹത്ത്വമേറിയതും. അവന്റെ ദാത്ത് (തടി) അത് ഉന്നതിയിലാണ്. ശുദ്ധവും വിശുദ്ധമാക്കപ്പെട്ടതുമായ പ്രവർത്തനങ്ങളിലൂടെയല്ലാതെ അവനിലേക്കടുക്കുക സാധ്യമല്ല. ആ പരിശുദ്ധി പ്രവർത്തനങ്ങൾ അവനുമാത്രം നിഷ്കളങ്കമാക്കലാണ്. അവന്റെ ആളുകളുടെ പദവികളെ ഉയർത്തുന്നവനാണ്. അവൻ അവനിലേക്ക് അവരെ അടുപ്പിക്കുകയും ചെയ്യുന്നു. അവരെ തന്റെ സൃഷ്ടികളിൽ മികച്ചവരാക്കുകയും ചെയ്യുന്നു.

വഹ്‌യിലൂടെയും പ്രവാചകത്വത്തിലൂടെയും തന്റെ ദാസന്മാർക്ക് ചെയ്തുകൊടുക്കുന്ന അനുഗ്രഹമാണ് തുടർന്ന് അല്ലാഹു പറയുന്നത്: (ചൈതന്യത്തെ അവൻ നൽകുന്നു) ശരീരങ്ങൾക്ക് ആത്മാവെന്നതുപോലെ ഹൃദയങ്ങൾക്കുള്ള ആത്മാവാണ് വഹ്‌യ്. ആത്മാവില്ലാതെ ശരീരം നിലനിൽക്കുകയോ ജീവിക്കുകയോ ഇല്ല. അതുപോലെയാണ് ആത്മാവും ഹൃദയവും. വഹ്‌യാകുന്ന ആത്മാവില്ലാതെ അത് വിജയിക്കുകയോ നന്നാവുകയോ ഇല്ല. (തന്റെ സന്ദേശമാകുന്ന ചൈതന്യം) അതിൽ മനുഷ്യരുടെ നന്മയും പ്രയോജനവും ഉണ്ട്. (തന്റെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക്) അവർ പ്രവാചകന്മാരാണ്. അവൻ ശ്രേഷ്ഠത നൽകിയവർ, തന്റെ സന്ദേശത്തിനുവേണ്ടി പ്രത്യേകം തെരഞ്ഞെടുത്തവർ, തന്റെ ദാസന്മാരെ പ്രബോധം ചെയ്യാൻ പ്രവാചകന്മാരെ നിയോഗിക്കുന്നത് മനുഷ്യർക്ക് സൗഭാഗ്യജീവിതം ലഭിക്കാനാണ്; അവരുടെ മതത്തിലും ഭൗതിക ജീവിതത്തിലും പരലോകത്തും, ഇവിടെയെല്ലാം ഉണ്ടാകാവുന്ന കഷ്ടപ്പാടുകൾ നല്ലതാക്കാനും.

അതാണ് അല്ലാഹു പറയുന്നത്: (താക്കീത് നൽകുന്നതിനും) വഹ്‌യ് ലഭിച്ചവർ. (പരസ്പരം കണ്ടുമുട്ടുന്ന ദിവസത്തെപ്പറ്റി) അതിനെക്കുറിച്ച് ദാസന്മാർക്ക് ഭയമുണ്ടാക്കാനും ആ ദിനത്തിനുവേണ്ടി തയ്യാറെടുക്കാൻ അവരെ പ്രേരിപ്പിക്കാനും, അവിടെ രക്ഷപ്പെടാൻ ആവശ്യമായ കാര്യങ്ങളിലൂടെ. ‘യൗമുത്തലാക്’ എന്ന് വിളിക്കാൻ കാരണം, ആ ദിവസത്തിലാണ് സൃഷ്ടികൾ സ്രഷ്ടാവിനെ കണ്ടുമുട്ടുന്നതും സൃഷ്ടികൾ പരസ്പരം കണ്ടുമുട്ടുന്നതും എന്നതാണ്, നന്മ പ്രവർത്തിക്കുന്നവർ അവരുടെ പ്രതിഫലം കണ്ടുമുട്ടുന്നതും.

16). (അവർ വെളിക്ക് വരുന്ന ദിവസമത്രെ അത്) ഭൂമിക്ക് മുകളിലെത്തുന്ന ദിവസം. ഒരേ പ്രദേശത്ത് അവരെല്ലാവരും ഒന്നിച്ചുചേരും. അതിൽ കുന്നുകളോ കുഴികളോ ഇല്ല. വിളിക്കുന്നവൻ അവരെ കേൾപ്പിക്കും. അവരുടെ കാഴ്ചകൾക്ക് മൂർച്ചയേറും. (അവരെ സംബന്ധിച്ച് യാതൊരു കാര്യവും അല്ലാഹുവിൽ ഗോപ്യമായിരിക്കുകയില്ല) അവരുടെ ശരീരങ്ങളെക്കുറിച്ചോ പ്രവർത്തനങ്ങളെക്കുറിച്ചോ ആ പ്രവർത്തനങ്ങളുടെ പ്രതിഫലത്തെക്കുറിച്ചോ ഒന്നുംതന്നെ.


(ഈ ദിവസം ആർക്കാണ് രാജാധികാരം?) ഈ മഹത്തായ ദിവസത്തിന്റെ ഉടമസ്ഥനാരാ ണ്? സർവരെയും ഒരുമിച്ചുകൂട്ടുന്ന ഭൂമിയിലും, ആകാശത്തിലും ഉള്ളവരുടെയെല്ലാം അധികാരങ്ങളിലെ പങ്കാളിത്തം നിന്നുപോയി, കാരണങ്ങൾ അവസാനിച്ചു. ഇനി നല്ലതോ ചീത്തയോ ആയ പ്രവർത്തനങ്ങളല്ലാതെ മറ്റൊന്നും ശേഷിച്ചിട്ടില്ല.

അധികാരം (ഏകനും സർവാധിപതിയുമായ അല്ലാഹുവിന്) തന്റെ ദാതിലും നാമങ്ങളി ലും പ്രവർത്തനങ്ങളിലുമെല്ലാം ഏകനായവൻ. അതിലൊന്നും യാതൊരു നിലയ്ക്കും അവന് പങ്കുകാല്ല. (സർവാധിപതി) മുഴുവൻ സൃഷ്ടികളുടെയും. എല്ലാ സൃഷ്ടികളും കീഴൊതുങ്ങിയവൻ, ആ ദിവസം പ്രത്യേകിച്ചും അവർ അവന് കീഴൊതുങ്ങും. അന്നേദിവസം എല്ലാ മുഖങ്ങളും എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനും ആയവന് കീഴൊതുങ്ങും. അവന്റെ അനുവാദമില്ലാതെ ഒരാളും ആ ദിവസം സംസാരിക്കില്ല.

17). (ഈ ദിവസം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും) ഇഹലോകത്തുവെച്ച് ചെയ്ത നന്മക്കും തിന്മക്കും, അധികമാണെങ്കിലും കുറച്ചാണെങ്കിലും. (ഈ ദിവസം അനീതിയില്ല) ഒരാളോടും, തിന്മയെ വർധിപ്പിച്ചോ നന്മയെ കുറച്ചോ. (തീർച്ചയായും അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു) ആ ദിവസം വൈകാൻ നിങ്ങൾ ആഗ്രഹിക്കരുത്. അത് വരുകതന്നെ ചെയ്യും. വരുമെന്നുള്ളതെല്ലാം അടുത്താണുള്ളത്. ഉയിർത്തെഴുന്നേൽപ് നാളിൽ തന്റെ ദാസന്മാരെ അവൻ വേഗത്തിൽ വിചാരണ ചെയ്യുകയും ചെയ്യും. അതിനുള്ള സൂക്ഷ്മമായ അറിവും പരിപൂർണ കഴിയും അവനുണ്ട്. ■

# വെറുപ്പ്

**ഡോ. യാസ്മിൻ എം അബ്ബാസ്**
**പട്ടാമ്പി**



വെറുപ്പ്...വെറുപ്പ്...!
വെറുപ്പിന്റെ കഥകളാണിവിടം നിറയെ!
ഇസ്ലാമിനെക്കുറിച്ചില്ലാ കഥകളാൽ
ഉള്ളിൽ വെറുപ്പിൻ വിഷവിത്തെറിയുന്നു.
അരുതാക്കളകളെ മുളയിലേ നുള്ളണം
വെറുപ്പിൻ ശിഖരങ്ങൾ വെട്ടിമുറിക്കണം.
അറിവാകുമായുധം മുനകൂട്ടി വെക്കണം
അറിവാലെ കള്ളക്കഥകൾ തിരുത്തണം.
ഇല്ലാക്കഥകളെ ചേർത്തുവെച്ചുള്ളൊരു
'കേരള സ്റ്റോറി' കെട്ടിച്ചമച്ചവർ
ആശിച്ചതിവിടമിൽ തമ്മിലടിപ്പിക്കാൻ
എന്നാലതു വിലപ്പോയില്ലയൊട്ടുമെ.
ഇല്ലതിൽ തെല്ലുമെ സത്യമെന്നുള്ളത്
ഇന്നാട്ടിലുള്ളോർക്കുറപ്പുള്ളതല്ലയോ!
നന്മതൻ മാർഗത്തിൽ ത്യാഗപരിശ്രമം
ചെയ്യുന്നതിന്റെ പേരാണ് 'ജിഹാദെ'ന്നാൽ,
പ്രണയത്തെയും ലഹരിയെയുമൊക്കെ
ജിഹാദിന്റെ മുന്നിലായ് ചേർത്തുവച്ചനുദിനം
ഇസ്ലാം ഭീതി നട്ട് നനക്കുവാൻ,
വെറുപ്പിന്റെ കായ്കൾ പറിച്ചെടുത്തീടുവാൻ
ഇരുളിന്റെ ശക്തികൾ ആഞ്ഞുശ്രമിക്കുന്ന
ഭീതിതമായൊരു കാഴ്ച നാം കാണുന്നു.
വെറുപ്പിന്റെ പ്രത്യയശാസ്ത്രത്തെ നമ്മൾക്ക്
ഒന്നിച്ചു നിന്നുകൊണ്ടൊറ്റപ്പെടുത്തിടാം.

■




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
08 JULY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

To the right goal...
Through the right path...

27th
PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE

2023 SEPTEMBER
8 9 10
@ KOZHIKODE

WISDOM students | www.profcon.in | wisdomstudents